# വേദപ്രചാര മദ്ധ്യസ്ഥൻ

വാല്യം 95 | ലക്കം 07 | 2023 ജനുവരി
VEDAPRACHARA MADHYASTHAN
Price Rs. 25/- Annual Subscription Rs. 300/-
Malayalam Monthly



The official organ of the Archeparchy of Changanacherry



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 95 ● ലക്കം 07 ● ജനുവരി 2023

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry, Kottayam 686 101
Tel: 0481 2420040, 2420379, 2420614, Mob: 90374 40040
E-mail: chancellorchry@gmail.com
Website: www.archdiocesechanganacherry.org

# ഉള്ളടക്കം

സന്ദേശം - ലോകസമാധാനദിനം (മാർപാപ്പാ) ............................. 05
സർക്കുലർ (പ്രേഷിതവാരാചരണം - Prot. No. 1212/2022)............... 11
സർക്കുലർ (CML പ്ലാറ്റിനം ജൂബിലി - Prot. No. 1226/2022) ............16
പിതാവിന്റെ കത്ത് (C 22/ GL 322)............................................. 20
സർക്കുലർ (കെ.സി.ബി.സി. - കർഷകദിനം) ............................ 22
സർക്കുലർ (22 Ch. 280-361)........................................................ 25
കച്ചേരിക്കാര്യം............................................................................ 29
അനുസ്മരണം.............................................................................. 31
പാസ്റ്ററൽ കൗൺസിൽ................................................................... 34
PR - ജാഗ്രതാസമിതി......................................................................35
MAC (Media Apostolate Changanacherry)......................................36
സന്ദേശനിലയം........................................................................... 37
ചെറുപുഷ്പ മിഷൻലീഗ്....................................................................39
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ..........................41
ഫാമിലി അപ്പോസ്തലേറ്റ്............................................................... 43
യുവദീപ്തി - SMYM ...................................................................... 47
KCSL ........................................................................................... 49
CARP ........................................................................................... 50
CHASS.......................................................................................... 52
KRRIS........................................................................................... 60
TAASC .......................................................................................... 61
ജീവകാരുണ്യനിധി ട്രസ്റ്റ്.................................................................62
DFC...............................................................................................63
ആതുരശുശ്രൂഷാമേഖല................................................................. 65
പ്രവാസി അപ്പോസ്തലേറ്റ് ..............................................................68
KLM ..............................................................................................69
AKCC............................................................................................ 70
ആത്മതാകേന്ദ്രം ............................................................................ 73
DCMS .......................................................................................... 75
ലീജിയൻ ഓഫ് മേരി....................................................................... 76
SFO.............................................................................................. 77
വിൻസെൻഷ്യൻ വേദി.................................................................... 79
കരിസ്മാറ്റിക് നവീകരണം............................................................... 81
പൗരോഹിത്യ ആദ്ധ്യാത്മികത........................................................ 82
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY .............................................88
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS ............................. 95

Annual Subscription: Rs. 300/-

Ref: 3819/K-5/KCBC/OL/DS 23.12.2022

# 56–ാമത് ലോകസമാധാനദിനത്തിൽ

**പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം**

**ജനുവരി 1, 2023**

**ആർക്കും ഒറ്റയ്ക്കു രക്ഷപ്പെടാൻ സാധിക്കില്ല.**

കോവിഡ് –19 നെ ഒരുമിച്ചു പ്രതിരോധിക്കുന്നത്, ഒരുമിച്ചുചേർന്നു സമാധാനത്തിന്റെ പാതയിൽ ആയിരിക്കുന്നത്

''സഹോദരരേ, കാലങ്ങളെയും സമയങ്ങളെയും സംബന്ധിച്ചു നിങ്ങൾക്കു ഞാൻ എഴുതേണ്ടതില്ല. കാരണം, രാത്രിയിൽ കള്ളൻ എന്ന പോലെ കർത്താവിന്റെ ദിനം വരുമെന്നു നിങ്ങൾക്കു സൂക്ഷ്മമായറിയാം'' *(1 തെസ. 5:12).*

1. ഈ വാക്കുകളോടെ പൗലോസ് ശ്ലീഹാ തെസലോനിക്കായിലെ സഭാംഗങ്ങളെ ദൃഢചിത്തരായിക്കാൻ പ്രേരിപ്പിക്കുകയായിരുന്നു; കർത്താവിന്റെ വരവിനായി കാത്തിരിക്കുമ്പോൾത്തന്നെ അവർ തങ്ങളുടെ ഹൃദയങ്ങളും പാദങ്ങളും ദൃഷ്ടിയും ചുറ്റുമുള്ള ലോകത്തിലും അതിന്റെ ചരിത്രത്തിലും ഉറപ്പിച്ചു നിറുത്തേണ്ടിയിരുന്നു. നമ്മുടെ ജീവിതങ്ങളെ ദുരന്തങ്ങൾ സംഭ്രമിപ്പിക്കുകയും ഇരുളുനിറഞ്ഞതും ദുർഘടവുമായ അനീതിയുടെയും സഹനത്തിന്റെയും ചുഴലിക്കാറ്റ് നമ്മെ മൂടിക്കളയുകയും ചെയ്യുന്നുവെന്നു നമുക്കു തോന്നുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയങ്ങൾ പ്രത്യാശയിലേക്കു തുറന്നുവയ്ക്കാനും ദൈവത്തിൽ ശരണപ്പെടുവാനും നാം ക്ഷണിക്കപ്പെടുന്നു. എന്തെന്നാൽ ദൈവം സന്നിഹിതനായിരിക്കുകയും ആർദ്രതയോടെ നമ്മെ അനുഗമനം ചെയ്യുകയും നമ്മുടെ ബലഹീനതയിൽ നമ്മെ ശക്തിപ്പെടുത്തുകയും എല്ലാറ്റിനുമുപരി നമുക്കു വഴികാട്ടിത്തരുകയും ചെയ്യുന്നു. ആകയാൽ, ജാഗരൂകരായിരിക്കാനും നന്മയും നീതിയും സത്യവും അന്വേഷിക്കാനും വി. പൗലോസ് ശ്ലീഹാ സഭാസമൂഹത്തെ നിരന്തരം ആഹ്വാനം ചെയ്യുന്നു: ''അതിനാൽ, മറ്റുള്ളവരെപ്പോലെ ഉറങ്ങിക്കഴിയാതെ നമുക്ക് ഉണർന്ന് സുബോധമുള്ളവരായിരിക്കാം'' *(1 തെസ. 5:6).* ശ്രദ്ധാപൂർവം ജീവിക്കാനാണ് ഈ വാക്കുകളിലൂടെ വി. പൗലോസ് ആഹ്വാനം ചെയ്യുന്നത്; നാം ഭയത്തിലേക്കും ദുഃഖത്തിലേക്കും പരിത്യക്തതയിലേക്കും വീണുപോകരുത്; ശ്രദ്ധ പതറിപ്പോകലും ഉത്സാഹഭംഗവും

നമ്മെ കീഴ്പ്പെടുത്തരുത്. മറിച്ച്, നമ്മൾ കാവൽക്കാരെപ്പോലെ ഏറ്റവും ഇരുണ്ട മണിക്കൂറിലും കാത്തിരിക്കുകയും ഉദയത്തിന്റെ ആദ്യരശ്മി ദർശിക്കാനായി തയ്യാറായിരിക്കുകയും ചെയ്യണം.

2. കോവിഡ്-19 നമ്മെ ഇരുണ്ടരാത്രിയിൽ ആഴ്ത്തിക്കളഞ്ഞു. അത് നമ്മുടെ ജീവിതങ്ങളെ അസ്ഥിരമാക്കി; നമ്മുടെ പദ്ധതികളെയും ജീവിതക്രമത്തെയും തകിടംമറിച്ചു; ഏറെ സമ്പൽസമൃദ്ധിയിലായിരുന്ന സമൂഹങ്ങളുടെ പ്രത്യക്ഷത്തിലുണ്ടായിരുന്ന ശാന്തതപോലും അത് ഇല്ലാതാക്കി. അത് ലക്ഷ്യമില്ലായ്മയും സഹനവും ജനിപ്പിച്ചു; നമ്മുടെ എണ്ണമറ്റ സഹോദരീസഹോദരന്മാരുടെ മരണത്തിനതു കാരണമായി. അപ്രതീക്ഷമായിവന്ന വെല്ലുവിളികളുടെ ചുഴലിക്കാറ്റിൽ, ശാസ്ത്രീയമായ തലത്തിൽപ്പോലും ഏറെ സംഭ്രമജനകമായ സാഹചര്യത്തിൽ, ലോകത്തിലെ ആരോഗ്യപ്രവർത്തകർ ഒരുമിച്ചുചേർന്നു ശക്തമായിവന്ന സഹനത്തെ ശമിപ്പിക്കാനും പരിഹാരമാർഗങ്ങൾ കണ്ടെത്താനും ശ്രമിച്ചു. അതോടൊപ്പംതന്നെ, രാഷ്ട്രീയ നേതാക്കൾ പ്രസ്തുത അടിയന്തിരാവസ്ഥയെ നേരിടാനുള്ള വഴികൾ തേടുകയും അതിനുചേർന്ന കാര്യങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തു.

ശാരീരികാവശതകൾക്കു പുറമേ, കോവിഡ്-19 ഒട്ടനവധി വ്യക്തികളിലും കുടുംബങ്ങളിലും പൊതുവായ ഒരു രോഗാവസ്ഥ സൃഷ്ടിക്കുകയുണ്ടായി; ദീർഘമായ ഒറ്റപ്പെടലിന്റെ അവസ്ഥയും സ്വാതന്ത്ര്യവിഹാരത്തിനുള്ള പരിമിതികളും ഈ രോഗാവസ്ഥയ്ക്കു കാരണമായി; അത് നീണ്ടുനിൽക്കുന്ന ഒരു പ്രതിഭാസമായി മാറുകയും ചെയ്തു.

സാമൂഹ്യ-സാമ്പത്തിക ക്രമങ്ങളിൽ ഈ മഹാമാരി വരുത്തിവച്ച വിള്ളലുകളും വിസ്മരിക്കപ്പെടാവുന്നതല്ല; അതു വൈരുദ്ധ്യങ്ങളും അസമത്വങ്ങളും വെളിച്ചത്തുകൊണ്ടുവന്നു. നിരവധി വ്യക്തികളുടെ തൊഴിൽ സുരക്ഷിതത്വം അതു തകരാറിലാക്കി; നമ്മുടെ സമൂഹങ്ങളിൽ ഏറിവരുന്ന ഏകാന്തതയുടെ പ്രശ്നം അതു കൂടുതൽ സങ്കീർണമാക്കി; ഏറെ പ്രത്യേകിച്ച്, ദരിദ്രരായവരുടെയും ആവശ്യങ്ങളിലിരിക്കുന്നവരുടെയുമിടയിൽ. ഇക്കാര്യത്തിൽ, ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിയതമല്ലാത്ത ജോലികളിൽ ഏർപ്പെട്ടിരിക്കുകയും അതു നഷ്ടപ്പെടുകയും ചെയ്ത ദശലക്ഷക്കണക്കിന് ആളുകളെ ഓർത്താൽ മതി; എല്ലാം അടച്ചുപൂട്ടിയിരുന്ന കാലത്ത് അവർക്ക് ഒരുവിധത്തിലുമുള്ള പിന്തുണയും ഉണ്ടായിരുന്നില്ല. വിഷാദത്തിന്റെയും തിക്തതയുടെയും വികാരങ്ങൾ ജനിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ അപൂർവമായിട്ടേ വ്യക്തികളും സമൂഹങ്ങളും പുരോഗതി സിദ്ധിക്കാറുള്ളൂ. പ്രസ്തുത വികാരങ്ങൾ സമാധാനത്തിനായുള്ള ശ്രമങ്ങളെ ദുർബലപ്പെടുത്തുകയും സാമൂഹ്യമായ സംഘർഷത്തിനും നിരാശയ്ക്കും പലതരത്തിലുള്ള അക്രമത്തിനും വഴിതെളിക്കുകയും ചെയ്യും. യഥാർഥത്തിൽ, ഈ മഹാമാരി ലോകത്തിലെ ഏറ്റവും സമാധാനപൂർണ

മായ ഭാഗങ്ങളെപ്പോലും ഇളക്കിമറിക്കുകയും ഉറപ്പില്ലായ്മയുടെ അനേകം രൂപങ്ങൾ പുറത്തുകൊണ്ടുവരുകയും ചെയ്തു.

3. ഇതാ മൂന്നുവർഷത്തിനുശേഷം, ചോദ്യങ്ങളുന്നയിക്കാനും പഠിക്കാനും വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ നമ്മെ രൂപപ്പെടുത്താനും നമുക്കു വളരാനുമുള്ള സമയമാണിത്; ''കർത്താവിന്റെ വരവിനായി'' തയ്യാറാകാനുള്ള സവിശേഷസമയമാണിത്. ഞാൻ പല അവസരങ്ങളിൽ നിരീക്ഷിച്ചിട്ടുള്ളതുപോലെ ഈ ആപൽസന്ധിയിൽ നിന്നു നാം പഴയതുപോലെതന്നെ ആയിരിക്കുകയില്ല പുറത്തുവരുന്നത്; ഒന്നുകിൽ നാം കൂടുതൽ മികച്ചവരായോ അല്ലെങ്കിൽ കൂടുതൽ മോശമായവരായോ മാത്രമേ പുറത്തുവരൂ. ഇന്നു നാം ചോദിക്കുന്നു: മഹാമാരിയിൽ നിന്നു എന്താണ് നാം പഠിച്ചത്? നമ്മുടെ പഴയ ശീലങ്ങളുടെ കൂച്ചുവിലങ്ങുകൾ ഉപേക്ഷിക്കാൻ ഏതു പുതിയ മാർഗങ്ങളാണ് നാം അവലംബിക്കേണ്ടത്? കൂടുതൽ നന്നായി തയ്യാറാകാനും പുതിയ കാര്യങ്ങൾ ആശ്ലേഷിക്കാനും നാം എന്താണ് ചെയ്യേണ്ടത്? മുന്നോട്ടു ഗമിക്കാൻ നമ്മെ സഹായിക്കുകയും നമ്മുടെ ലോകം കൂടുതൽ നല്ലൊരു ഇടമാക്കിത്തീർക്കാൻ നാം ചെയ്യേണ്ടതുമായ ജീവന്റെയും പ്രത്യാശയുടെയുമായ ഏതൊക്കെ അടയാളങ്ങളാണ് നാം കാണുന്നത്?

നമ്മുടെതന്നെ ജീവന്റെയും നമുക്കു ചുറ്റുമുള്ള ലോകത്തിന്റെയും ക്ഷണഭംഗുരത്വം നേരിട്ടനുഭവിച്ചശേഷം, കോവിഡ്-19-ൽ നിന്നു നാം പഠിച്ച ഏറ്റവും വലിയ പാഠം നമുക്ക് ഓരോരുത്തർക്കും പരസ്പരം തീർച്ചയായും ആവശ്യമാണെന്ന തിരിച്ചറിവാണ്. അതായത്, നമ്മുടെ ഏറ്റവും ഉന്നതവും അതേസമയം ഏറ്റവും ഭംഗുരവുമായ നിധി ദൈവപുത്രരെന്ന നിലയിൽ നാം സഹോദരീസഹോദരന്മാരായി പങ്കുചേരുന്ന നമ്മുടെ മനുഷ്യത്വമാണ്. അങ്ങനെ, നമ്മിൽ ആർക്കും ഒറ്റയ്ക്കു രക്ഷപ്പെടാനാവില്ല. ആകയാൽ, സാധിക്കുന്ന സാർവത്രികമൂല്യങ്ങൾ അടിയന്തിരമായി നമുക്ക് ഒരുമിച്ച് അന്വേഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പുരോഗതിയിലും സാങ്കേതികവിദ്യയിലും ആഗോളവൽകരണത്തിന്റെ ഫലങ്ങളിലും നാം അർപ്പിച്ച അഭയം ക്രമാതീതമായിപ്പോയെന്നും നാം മനസ്സിലാക്കി; മാത്രമല്ല, അതു നാം തീക്ഷ്ണതയോടെ അന്വേഷിച്ച നീതിയുടെ വാഗ്ദാനത്തെയും പൊരുത്തത്തെയും സമാധാനത്തെയും സംബന്ധിച്ചു വിട്ടുവീഴ്ച ചെയ്യുംവിധം നമ്മൾ അതിനെ വ്യക്ത്യാധിഷ്ഠിതവും വിഗ്രഹാരാധനപരവുമായ ഉന്മത്തതയാക്കി മാറ്റിയെന്നും നാം ഗ്രഹിച്ചു. ധൃതഗതിയിൽ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ ഈ ലോകത്തു വ്യാപകമായ അസമത്വത്തിന്റെയും അനീതിയുടെയും ദാരിദ്ര്യത്തിന്റെയും പാർശ്വവൽക്കരണത്തിന്റെയും പ്രശ്നങ്ങൾ തുടർന്നും അസ്വസ്ഥതയുടെയും ഏറ്റുമുട്ടലിന്റെയും ഇന്ധനം നിറയ്ക്കുകയും അത് അക്രമവും യുദ്ധവുംപോലും ജനിപ്പിക്കുകയും ചെയ്യുന്നു.

ഈ മഹാമാരി നമ്മുടെ മുമ്പിൽ ഇക്കാര്യങ്ങളെല്ലാം നിരത്തിവച്ചു; എന്നാൽ അതിനു ഭാവാത്മകമായ ഫലങ്ങളും ഉണ്ടായി. നിയന്ത്രിതമായ രീതിയിൽ വിനയവും ഉപഭോക്തൃപരമായ അമിതത്വത്തെക്കുറിച്ചുള്ള പുനർവിചാരവും നവമായ ഒരു ഐകമത്യഭാവവും ഉണ്ടാകാൻ അതു കാരണമായി. ഈ ഐകമത്യം മറ്റുള്ളവരുടെ സഹനത്തിൽ താത്പര്യപൂർവം സഹതപിക്കുന്നവരും നമ്മെ അവരുടെ ആവശ്യങ്ങളോടു പ്രത്യുത്തരിക്കുന്നവരുമാക്കി മാറ്റി. ഈ പ്രതിസന്ധിയിൽനിന്ന് ഓരോരുത്തരെയും കരകയറ്റാൻ അവർക്കു കഴിയുന്നവിധം, ചിലപ്പോൾ വളരെ വീരോചിതമാംവിധം, അക്ഷീണം യത്നിച്ച ആളുകളെ ഇത്തരുണത്തിൽ ഓർക്കാവുന്നതാണ്.

''ഒരുമിച്ച്'' എന്ന വാക്കിനു മുഖ്യസ്ഥാനം നൽകേണ്ടതിനെക്കുറിച്ച് ഈ അനുഭവം എല്ലാവരെയും, പ്രത്യേകിച്ച് ജനതകളെയും രാഷ്ട്രങ്ങളെയും പഠിപ്പിച്ചു. എന്തെന്നാൽ, നാമെല്ലാവരും ഒരുമിച്ചാണ്, അതായത്, സാഹോദര്യത്തിലും ഐകമത്യത്തിലുമാണ്, സമാധാനം പടുത്തുയർത്തുകയും നീതി ഉറപ്പാക്കുകയും വളരെ വലിയ ദുരന്തങ്ങളിൽനിന്നു രക്ഷപ്പെടുകയും ചെയ്യുന്നത്. യഥാർഥത്തിൽ, പ്രത്യേകമായ താത്പര്യങ്ങൾ മാറ്റിവച്ചുകൊണ്ട് വെല്ലുവിളികളെ നേരിടാൻ കൈകോർത്ത സാമൂഹ്യഗ്രൂപ്പുകളിൽനിന്നും പൊതു-സ്വകാര്യസ്ഥാപനങ്ങളിൽനിന്നും അന്താരാഷ്ട്ര പ്രസ്ഥാനങ്ങളിൽനിന്നുമാണ് മഹാമാരിയെ പ്രതിരോധിക്കാനുള്ള വളരെ ഫലപ്രദമായ മാർഗങ്ങൾ ഉരുത്തിരിഞ്ഞത്. വ്യക്തിപരവും സാമൂഹ്യവും ആഗോളപരവുമായ പ്രതിസന്ധികളെ തരണം ചെയ്യാനാകുന്നത് യഥാർഥത്തിൽ സഹോദരപൂർവവും നിക്ഷിപ്ത താത്പര്യങ്ങളില്ലാത്തതുമായ സമാധാനത്തിനു മാത്രമാണ്.

4. കോവിഡ് – 19 എന്ന മഹാമാരിയുടെ ഇരുണ്ടകാലം കഴിഞ്ഞുവെന്നു നാം ആശ്വസിക്കാനാരംഭിച്ച നേരത്താണ് മറ്റൊരു വലിയ ദുരന്തം മനുഷ്യരാശിയുടെമേൽ വന്നുഭവിച്ചത്. മറ്റൊരു വിപത്തിന്റെ പ്രഹരത്തിനു നാം സാക്ഷികളായി: മറ്റൊരു യുദ്ധം – അത് ഒരർഥത്തിൽ കോവിഡ്-19നു സമമായിട്ടുള്ളതാണ്; എന്നാൽ അത് മനുഷ്യരുടെതന്നെ ആക്ഷേപകരമായ തീരുമാനത്താൽ വന്നതാണ്. യുക്രൈനിൽ നടക്കുന്ന യുദ്ധം നിർദോഷികളെയാണു ബലിയാടുകളാക്കുന്നത്; നേരിട്ടു ബാധിക്കുന്നവരിൽ മാത്രമല്ല, വ്യാപകമായവിധത്തിൽ, വേർതിരിവുകളില്ലാതെ, അത് എല്ലാവരുടെയുംമേൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയാണ്. ആയിരങ്ങളോളം കിലോമീറ്ററുകൾ ദൂരത്തുവസിക്കുന്നവരും അതിന്റെ പാർശ്വഫലങ്ങൾ അനുഭവിക്കുന്നു – എണ്ണയുടെയും ധാന്യത്തിന്റെയും കുറവുതന്നെ കണക്കിലെടുത്താൽ മതിയാകും.

തീർച്ചയായും, നമ്മൾ ആഗ്രഹിക്കുകയും പ്രത്യാശ വയ്ക്കുകയും ചെയ്ത കോവിഡനന്തര കാലഘട്ടമല്ല ഇത്. ഈ യുദ്ധവും അതിനോടൊപ്പം ലോകം മുഴുവനിലും നടക്കുന്ന ഏറ്റുമുട്ടലുകളും മനുഷ്യരാശിയെ

മുഴുവനും, അതിൽ നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നവരെ മാത്രമല്ല, പിന്നോട്ടടിക്കുന്നതിന്റെ ലക്ഷണമാണു നല്കുന്നത്. കോവിഡ് 19-നെ പ്രതിരോധിക്കാൻ നാം കുത്തിവെപ്പ് കണ്ടെത്തി, എന്നാൽ യുദ്ധത്തിനു അനുയോജ്യമായ ഒരു പരിഹാരം ഇനിയും കണ്ടെത്താനായിട്ടില്ല. നിശ്ചയമായും നമ്മുടെ ശരീരങ്ങളെ ബാധിക്കുന്ന വൈറസുകളെ കീഴടക്കുന്നതിനേക്കാൾ ബുദ്ധിമുട്ടേറിയതാണ് യുദ്ധത്തിന്റെ വൈറസിനെ ഇല്ലാതാക്കുന്നത്. കാരണം, ഈ രണ്ടാമത്തേത് പുറത്തുനിന്നുവരുന്നതല്ല, പ്രത്യുത പാപത്താൽ മലിനമാക്കപ്പെട്ട മനുഷ്യന്റെ ഹൃദയത്തിന്റെ ഉള്ളിൽനിന്നാണ് അതു വരുന്നത് *(മർക്കോ. 7:17-23)*.

5. ആകയാൽ, നമ്മോട് എന്താണ് ഇത് ആവശ്യപ്പെടുന്നത്? ആദ്യമായി, മഹാമാരിയുടെ അനുഭവം നമ്മുടെ ഹൃദയങ്ങളെ പരിവർത്തനപ്പെടുത്തട്ടെ; ഈ ചരിത്രദിശയിൽ നാം നമ്മുടെ ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന സാധാരണയായുള്ള മാനദണ്ഡങ്ങളെ ദൈവംതന്നെ രൂപാന്തരപ്പെടുത്തട്ടെ. നമ്മുടെ വ്യക്തിപരവും സ്വരാഷ്ട്രപരവുമായ താത്പര്യങ്ങൾക്കു മാത്രമായുള്ള ഇടം രൂപപ്പെടുത്തുന്നതിനായി ഇനിമേൽ ചിന്തിക്കാൻ പാടില്ലാത്ത സാഹചര്യം സംജാതമായിരിക്കുന്നു; മറിച്ച്, നാം പൊതുനന്മയ്ക്കായി ചിന്തിക്കണം; നാം വിശാലമായ ഒരു സമൂഹത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവിലേക്കു വരണം; അങ്ങനെ നമ്മുടെ മനസ്സും ഹൃദയവും വിശ്വസാഹോദര്യത്തിനായി തുറന്നിടണം. നമ്മെത്തന്നെ നിലനിറുത്തണം എന്ന ചിന്തയിൽ ഊന്നിക്കൊണ്ടു തുടരാൻ നമുക്കാവില്ല. നമ്മുടെ സമൂഹത്തെയും ഈ ഗോളത്തെയും സുഖപ്പെടുത്തുന്ന ശുശ്രൂഷയിൽ ഏർപ്പെടാൻ നമുക്കു നേരമായി; അതുവഴിയായി കൂടുതൽ നീതിപൂർവകവും ശാന്തവുമായി മുന്നോട്ടുപോകുന്ന ഒരു ലോകത്തിനു അടിത്തറയിടണം; യഥാർഥമായും ഗൗരവമായവിധത്തിൽ പൊതുനന്മയെ ആശ്ലേഷിക്കുന്നരീതിയിൽ പ്രതിജ്ഞതാബദ്ധരാകാൻ നാം തയ്യാറാകണം.

ഇക്കാര്യം നിവർത്തിയാക്കാനും കോവിഡ് -19 എന്ന മഹാമാരിക്കുശേഷം നമ്മുടെ ജീവിതങ്ങൾ നന്നാക്കാനും ഒരു അടിസ്ഥാനപരമായ കാര്യം നാം നിരാകരിക്കരുത്, അതായത്, ധാർമികത, സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തികതലങ്ങളിൽ നാം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെല്ലാംതന്നെ പരസ്പരം ബന്ധിതമാണ്; യഥാർഥത്തിൽ ഒറ്റപ്പെട്ട പ്രശ്നങ്ങളായി നമുക്കു തോന്നുന്നവയെല്ലാംതന്നെ ഒന്ന് മറ്റൊന്നിന്റെ കാരണവും അനന്തരഫലവുമാണ്. ആകയാൽ, ലോകത്തിന്റെ വെല്ലുവിളികളെ ഉത്തരവാദിത്വബോധത്തോടും ആർദ്രഭാവത്തോടും അഭിമുഖീകരിക്കാൻ നാം ക്ഷണിക്കപ്പെടുന്നു. എല്ലാവർക്കും പൊതുവായ ആരോഗ്യ പരിപാലനം എന്ന ആശയത്തിലേക്ക് നാം വീണ്ടുംവരണം. സമാധാനം പ്രോത്സാഹിപ്പക്കുകയും വർദ്ധമാനമാക്കുകയും ചെയ്യുന്ന പ്രവർത്തികൾ ചെയ്യാൻ നാം ശ്രദ്ധിക്കണം; അങ്ങനെ ദാരിദ്ര്യവും മരണവും വിതറുന്ന ഏറ്റുമുട്ടലുകൾക്കും യുദ്ധങ്ങൾക്കും നാം അറുതി വരുത്തണം. നമ്മുടെ

പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കുന്നതിനായി നാം അടിയന്തിരമായി കൈകോർക്കണം; കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കാനുള്ള വ്യക്തവും സത്വരവുമായ നടപടികൾ സ്വീകരിക്കാൻ നാം തയ്യാറാകണം. അസമത്വത്തിന്റെ വൈറസിനെ പ്രതിരോധിക്കേണ്ടിയിരിക്കുന്നു; എല്ലാവർക്കും ഭക്ഷണവും അന്തസ്സുറ്റ തൊഴിലും ഉറപ്പുവരുത്തണം. ഏറ്റവും കുറഞ്ഞ വേതനംപോലുമില്ലാതെ ഏറെ കഷ്ടതയിലായിരിക്കുന്നവരെ സഹായിക്കേണ്ടിയിരിക്കുന്നു. വലിയൊരു ജനസമൂഹം പട്ടിണിയിലാണെന്നത് ഒരു തുറന്ന മുറിവായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. കുടിയേറ്റക്കാരെയും സമൂഹം പുറന്തള്ളുന്നവരെയും സ്വീകരിക്കുന്നതിനും അവരെ സമൂഹത്തോടു സംയോജിപ്പിക്കുന്നതിനുംവേണ്ടിയുള്ള ശരിയായ നയതന്ത്രനയങ്ങൾ നാം രൂപപ്പെടുത്തണം. ദൈവത്തിന്റെ അനന്തവും കരുണാർദ്രവുമായ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ പണിതുയർത്തിയ ത്യാഗശീലത്തിലൂടെ ഔദാര്യപൂർവ്വം ഈ സാഹചര്യങ്ങളോടു പ്രതികരിച്ചെങ്കിൽമാത്രമേ നമുക്കു പുതിയ ഒരു ലോകം കെട്ടിപ്പടുക്കുകയും ദൈവരാജ്യത്തിന്റെ വിസ്തൃതിക്കായി പ്രവർത്തിക്കുകയും ചെയ്യാൻ സാധിക്കുകയുള്ളൂ; അതു സ്നേഹത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും രാജ്യമാണ്.

ഈ ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുമ്പോൾ, ചരിത്രം നമ്മെ അഭ്യസിപ്പിക്കുന്ന ഈ പാഠങ്ങൾ വിലമതിച്ചുകൊണ്ട്, പുതിയ വർഷത്തിൽ നമുക്കൊരുമിച്ചു സഞ്ചരിക്കാനാകുമെന്നതാണ് എന്റെ പ്രത്യാശ. രാഷ്ട്രങ്ങളുടെയും സർക്കാരുകളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും തലവന്മാർക്കും വ്യത്യസ്ത മതനേതാക്കൾക്കും ഞാൻ എല്ലാ നന്മകളും നേരുന്നു. സന്മനസ്സുള്ള എല്ലാ സ്ത്രീ പുരുഷന്മാരുടെയും മുമ്പിൽ ഞാൻ എന്റെ പ്രാർത്ഥനാപൂർവമായ പ്രത്യാശ സമർപ്പിക്കുന്നു: സമാധാനത്തിന്റെ വിധാതാക്കളെന്ന നിലയിൽ ഈ വർഷം നന്മ നിറഞ്ഞതാകാൻ അവർ ദൈനംദിനം പ്രവർത്തിക്കുമാറാകട്ടെ! ഈശോയുടെ അമ്മയും സമാധാനരാജ്ഞിയും അമലോത്ഭവയുമായ മറിയം നമുക്കും ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കട്ടെ.

വത്തിക്കാനിൽ നിന്നും 2022 ഡിസംബർ 8-ാം തീയതി പുറപ്പെടുവിച്ചത്.

Francis

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Prot. No. 1212/2022

# സർക്കുലർ

## സീറോ മലബാർ പ്രേഷിതവാരാചരണം 2023

സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ഏതാനും വർഷങ്ങളായി ദനഹാതിരുനാളായ ജനുവരി 6-ാം തീയതി മുതലുള്ള ഒരാഴ്ചക്കാലം സീറോമലബാർസഭയിൽ പ്രേഷിതവാരമായി ആചരിച്ചുവരികയാണ്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. മാമോദീസ സ്വീകരിച്ച നാമെല്ലാവരും പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിന്റെ ആവശ്യകതയും പ്രത്യേകമായി മിഷൻരംഗങ്ങളിലുള്ള പ്രേഷിതപ്രവർത്തനങ്ങളെ അറിയുകയും പിന്തുണയ്ക്കുകയും ചെയ്യാനുള്ള നമ്മുടെ കടമയും ഓർമപ്പെടുത്തുകയെന്നതാണ് ഈ വാരാചരണത്തിന്റെ ലക്ഷ്യം. ഭാരതം മുഴുവനിലും പ്രേഷിതപ്രവർത്തനത്തിനുള്ള അവസരം സീറോ മലബാർ സഭയ്ക്കു ലഭിച്ചതിലൂടെ സഭാമക്കളായ നാമോരോരുത്തരുടെയും പ്രേഷിതപരമായ ഉത്തരവാദിത്വം വർധിച്ചിരിക്കുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

'സുവിശേഷമാകുവാനും സുവിശേഷമേകുവാനും' വിളിക്കപ്പെട്ടവരാണു നാമോരോരുത്തരും. സുവിശേഷത്തിന്റെ സാരസംഗ്രഹമായി ഈശോ ഇപ്രകാരം പഠിപ്പിക്കുന്നു: 'എന്റെ സന്തോഷം നിങ്ങളിലായിരിക്കാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുംവേണ്ടി ഇവ ഞാൻ പറയുന്നു' *(യോഹ. 15:11)*. സത്തയിൽ സ്നേഹവും സഹവാസവും സന്തോഷവുമായിരിക്കുന്ന ദൈവത്തിലേക്ക് എല്ലാവരെയും ആകർഷി

ക്കുകയെന്നതാണ് പ്രേഷിതപ്രവർത്തനം. ഈ ദൗത്യനിർവഹണത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകും. 'എന്നെപ്രതി നിങ്ങൾ അധിക്ഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യപ്പെടുമ്പോൾ, നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ' *(മത്താ. 5:12)* എന്ന് ഈശോ പറഞ്ഞതു നമുക്കുള്ള മുന്നറിയിപ്പാണ്. സുവിശേഷത്തിനുവേണ്ടി തടവുകാരനായതിൽ അഭിമാനിച്ച പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: ''നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ'' *(ഫിലി. 4:4)*. ഈശോയുടെ മാതൃകയെ അനുകരിച്ചു സന്തോഷചിത്തരാകുന്നതും നമ്മുടെ സന്തോഷം മറ്റുള്ളവരുമായി സ്നേഹപൂർവം പങ്കുവയ്ക്കുന്നതും പ്രേഷിതധർമത്തിന്റെ ഭാഗമാണ്.

'സുവിശേഷത്തിന്റെ ആനന്ദം' എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ മാർപാപ്പാ ഒരുപടികൂടി മുന്നോട്ടുപോകുന്നു. സന്തോഷത്തിന്റെ സംവാഹകരാകുക എന്നതിനെക്കാൾ നമ്മിൽനിന്നു മറ്റുള്ളവരിലേക്കു സ്വാഭാവികമായി പ്രസരിക്കത്തക്കവിധം നിറഞ്ഞൊഴുകുന്ന സവിശേഷമായ ആനന്ദത്തിനുടമകളാകാനുള്ള ആഹ്വാനമാണ് മാർപാപ്പാ നടത്തുന്നത്. 'സുവിശേഷത്തിന്റെ ആനന്ദം ഈശോയെ അഭിമുഖീകരിക്കുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതത്തിലും കരകവിഞ്ഞൊഴുകുന്നു' (നമ്പർ 1) എന്ന ആമുഖത്തോടെയാണ് ഈ അപ്പസ്തോലിക പ്രബോധനം മാർപാപ്പാ ആരംഭിക്കുന്നത്. പരിശുദ്ധ പിതാവു മുന്നോട്ടുവയ്ക്കുന്നത് പ്രേഷിതശൈലിയിലുള്ള ഒരു അജപാലനശുശ്രൂഷയാണ്. 'എല്ലായ്പ്പോഴും ഞങ്ങൾ ഇങ്ങനെയാണിതു ചെയ്തിരുന്നത് എന്നുപറയുന്ന അലംഭാവത്തോടുകൂടിയ മനോഭാവം ഉപേക്ഷിക്കാനാണു പ്രേഷിത പ്രാധാന്യമുള്ള അജപാലനശുശ്രൂഷ ആഗ്രഹിക്കുന്നത്' (നമ്പർ 33) എന്ന വാക്കുകളിലൂടെ പ്രേഷിതപ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കേണ്ട നവീകരണത്തിന്റെയും സമീപനങ്ങളുടെ പുനർനിർവചനത്തിന്റെയും ആവശ്യകത ചൂണ്ടിക്കാണിക്കുന്നു.

വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്ന സമറിയാക്കാരി സ്ത്രീയുടെ പ്രേഷിതചൈതന്യം നമുക്കു മാതൃകയാണ്. ജീവിതഭാരങ്ങളും ദുഃഖങ്ങളും അപമാനങ്ങളും പേറിയുള്ള അവളുടെ ജീവിതത്തിലേയ്ക്കാണു കിണറ്റിൻകരയിൽവച്ച് ഈശോ കടന്നുവരുന്നത്. നസ്രത്തിൽനിന്നുള്ള ആ യഹൂദനിൽ രക്ഷകനെ ദർശിച്ച സമറിയക്കാരി സുവിശേഷത്തിന്റെ പ്രചാരകയായി മാറുന്നത് അവൾ ഹൃദയത്തിൽ അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും പിൻബലത്തിലാണ്. തന്റെ കഴിഞ്ഞകാല ജീവിതത്തെകുറിച്ചു വ്യക്ത

മായി അറിയാവുന്ന സ്വന്തം സമൂഹത്തിലേയ്ക്കാണ് അവൾ കിണറ്റിൻ കരയിൽനിന്ന് ഓടുന്നത്. അത് അവളുടെ ആദ്യ പ്രേഷിതയാത്രയാണ്. സ്വന്തം ബലഹീനതയെ അംഗീകരിക്കുകയും അതിനെ മിശിഹായുടെ സാന്നിധ്യത്തിന്റെ ശക്തിയാൽ അതിജീവിക്കുകയുംചെയ്ത സമറിയാക്കാരി ദൈവരാജ്യത്തിന്റെ സജീവപ്രേഷിതയായി മാറുന്നു. 'നമ്മുടെ പോരായ്മകൾ വകവയ്ക്കാതെ തന്റെ സാമിപ്യവും തന്റെ വചനവും തന്റെ ശക്തിയും നമുക്കു പ്രദാനം ചെയ്യുകയും നമ്മുടെ ജീവിതങ്ങൾക്ക് അർത്ഥം നൽകുകയും ചെയ്യുന്ന കർത്താവിന്റെ രക്ഷാകരസ്നേഹത്തിന്റെ സ്പഷ്ടമായ സാക്ഷ്യം മറ്റുള്ളവർക്കു നൽകാൻ നാമെല്ലാവരും വിളിക്കപ്പെടുന്നു' (നമ്പർ 121) എന്ന ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകൾ സമറിയക്കാരിയുടെ ജീവിതാനുഭവവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പരിമിതികളും പോരായ്മകളും ബലഹീനതകളും പ്രേഷിത പ്രവർത്തനത്തിനു തടസ്സമാകാതെ എവിടെയും എല്ലായ്പ്പോഴും സുവിശേഷം പങ്കുവയ്ക്കാൻ നമുക്കു സാധിക്കണം.

സഭയിലെ പ്രേഷിതപ്രവർത്തനങ്ങളുടെ സാമൂഹ്യവും സഭാപരവുമായ തലങ്ങളെക്കുറിച്ചു 2022 ലെ പ്രേഷിതദിനസന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പാ വ്യക്തത നൽകുന്നുണ്ട്. 'സഭയിലും സഭയുടെ നിർദേശത്താലും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിത ദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആകയാൽ എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും തന്റേതായ രീതിയിലല്ല; അതു സഭാസമൂഹവുമായുള്ള കൂട്ടായ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തിയും സ്വന്തം താൽപര്യത്തിലല്ല,' എന്നു മാർപാപ്പാ പ്രബോധിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യത്തിൽ ഒരാൾ വ്യക്തിപരമായി പ്രേഷിതപ്രവർത്തനത്തിലേർപ്പെടുമ്പോഴും സഭയുമായുള്ള കൂട്ടായ്മയിലാണ് അതു ചെയ്യേണ്ടതെന്നും പരിശുദ്ധ പിതാവ് ഓർമിപ്പിക്കുന്നു. സാർവത്രികസഭയോടുചേർന്നു സീറോ മലബാർസഭയും പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഒരു വ്യക്തിസഭയെന്നനിലയിൽ നമ്മുടെ സാധ്യതകളും കടമകളും പ്രവർത്തനമേഖലകളും കണക്കിലെടുക്കണം. ആദ്യമിഷനറിയായ മാർതോമാ ശ്ലീഹായുടെയും പിന്നീടുവന്ന തീക്ഷ്ണമതികളായ മിഷനറിമാരുടെയും പ്രവർത്തനങ്ങളാൽ വളർന്നതാണു നമ്മുടെ സഭ. കാലക്രമത്തിൽ ലോകം മുഴുവനിലേയ്ക്കും പ്രേഷിതതീക്ഷ്ണതയുള്ള വൈദികരെയും സമർപ്പിതരെയും അയക്കുന്ന പ്രേഷിതദൗത്യം സീറോമലബാർ സഭ നിർവഹിച്ചുകൊണ്ടിരിക്കുന്നു. സഭയുടെ ഈ പ്രേഷിതരെയോർത്തു ദൈവത്തിനു നന്ദി പറയാം.

ഭാരതത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ഈശോയുടെ സുവിശേഷത്തിന്റെ വിമോചനവും ആനന്ദവും പങ്കുവച്ചുകൊണ്ടു ശുശ്രൂഷ ചെയ്യുന്ന നമ്മുടെ സഭയിലെ പ്രേഷിതരെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. സുവിശേഷപ്രഘോഷണത്തിലൂടെയും അഗതിസംരക്ഷണത്തിലൂടെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും പ്രേഷിതശുശ്രൂഷ ചെയ്യുന്ന വൈദികരെയും സമർപ്പിതരെയും അല്മായസഹോദരങ്ങളെയും സാധിക്കുന്നവിധത്തിൽ സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു കടമയുണ്ട്. തിരക്കേറിയ ജീവിതസാഹചര്യങ്ങളിൽ നേരിട്ടുള്ള സുവിശേഷപ്രവർത്തനത്തിനായി സമയം കണ്ടെത്താൻ എല്ലാവർക്കും സാധിച്ചെന്നുവരില്ല. എന്നാൽ, വെല്ലുവിളിനിറഞ്ഞ പ്രേഷിത സാഹചര്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരെ ഹൃദയത്തിൽ ചേർത്തുനിർത്തുന്നതിലൂടെ നമ്മൾ ചെയ്യുന്നതും പ്രേഷിതപ്രവർത്തനമാണ് എന്ന തിരിച്ചറിവിൽ മിഷനെ അറിയാനും മിഷനെ സഹായിക്കാനും നമുക്കു പരിശ്രമിക്കാം. കേരളത്തിലുള്ള 13 രൂപതകളും കേരളത്തിനുപുറത്തു ഭാരതത്തിന്റെ വിവിധഭാഗങ്ങളിലുള്ള 18 രൂപതകളും ഭാരതത്തിനുപുറത്തുള്ള നാലു രൂപതകളും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനും ഗൾഫിലും മറ്റു സ്ഥലങ്ങളിലുമുള്ള സീറോ മലബാർ സമൂഹങ്ങളുമെല്ലാം സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുകാരാകുകയും സഹായം കൂടുതൽ ആവശ്യമുള്ളവരെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട് എന്നതു സന്തോഷകരമായ വസ്തുതയാണ്.

പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാതൃകയനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യപ്രവർത്തനങ്ങളിലൂടെ അവിടുത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിത വാരാചരണം നമുക്കു പ്രചോദനം നൽകട്ടെ. ലോകം മുഴുവനിലുമുള്ള നമ്മുടെ പ്രേഷിതർക്കുവേണ്ടി പ്രാർഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം സഹായിക്കുന്നതോടൊപ്പം മിഷൻമേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും പങ്കുചേരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി കരുതണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻ വാരാചരണം അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്ക്കരണത്തിനുള്ള കമ്മീഷന്റെയും മിഷൻ കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട് ഉദാരമായി സഹകരിക്കണമെന്നു അഭ്യർഥിക്കുന്നു. 'യുഗാന്തംവരെ

ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും' *(മത്താ. 28:20)* എന്ന ഈശോയുടെ വാഗ്ദാനം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പ്രചോദനവും ആത്മധൈര്യവും മാർഗദർശനവും നൽകട്ടെ.

എല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2022 ഡിസംബർ 18-ാം തീയതി നൽകപ്പെട്ടത്.

+ G. Alencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

*1. 2023 ജനുവരി 1 ഞായറാഴ്ച വി. കുർബാനമധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലറിലെ ആശയം ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കേണ്ടതാണ്.*

*2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2023 ഫെബ്രുവരി 28ന് മുമ്പായി എത്തിക്കേണ്ടതാണ്.*

Prot. No. 1226/2022

# സർക്കുലർ

# ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതസഭയുടെ തനതായ പ്രേഷിതശൈലിയിൽ പ്രവർത്തിക്കുന്ന അല്മായ പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻലീഗ് സ്ഥാപിതമായിട്ടു 2022 ഒക്ടോബർ 3ന് 75 വർഷങ്ങൾ പൂർത്തിയായല്ലോ. മിഷനുവേണ്ടി സുകൃതജപങ്ങൾ ചൊല്ലി കാഴ്ചവച്ചുകൊണ്ടു പ്രാർത്ഥിക്കുകയും ത്യാഗങ്ങൾ സഹിക്കുകയും നന്നായി പഠിക്കുകയും ജീവിക്കുകയും അതുവഴി വേദപ്രചാരപ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്യണമെന്നും നല്ല മിഷണറിമാരാകണമെന്നും വി. അൽഫോൻസാമ്മ കുട്ടികളെ ഉപദേശിച്ചിരുന്നു. വി. അൽഫോൻസാമ്മയുടെ പ്രചോദനത്താൽ, 'കുഞ്ഞേട്ടൻ' എന്നു വിളിക്കപ്പെട്ടിരുന്ന ശ്രീ. പി.സി. എബ്രഹാം പല്ലാട്ടുകുന്നേലും ബഹു. ജോസഫ് മാലിപ്പറമ്പിലച്ചനും സമാനചിന്താഗതികളുള്ള തങ്ങളുടെ സുഹൃത്തുക്കളുമായി തുടങ്ങിയ പ്രസ്ഥാനമാണ് ലോകത്തിന് അനവധി മിഷനറിമാരെ സംഭാവനചെയ്ത ചെറുപുഷ്പ മിഷൻലീഗ് എന്ന അല്മായ പ്രേഷിതസംഘടന.

ആഗോള പ്രേഷിതപ്രവർത്തനങ്ങളുടെ സ്വർഗീയമധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ ചരമസുവർണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു ഭരണങ്ങാനത്തു നടന്ന സമ്മേളനത്തിൽ 1947 ഒക്ടോബർ 3 ന് അന്നത്തെ കോട്ടയം രൂപതാമെത്രാൻ അഭി. തോമസ് തറയിൽ പിതാവാണ് ഈ സംഘടനയുടെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചത്. ഇളംപ്രായത്തിൽതന്നെ ഈശോയ്ക്കുവേണ്ടി മിഷനറിയാകണമെന്നുള്ള ആഗ്രഹത്തിന്റെ വിത്തുവിതയ്ക്കാൻ ചെറുപുഷ്പ മിഷൻലീഗിനു കഴി

ഞ്ഞുവെന്നതു പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആദ്യകുർബാന സ്വീകരിക്കുന്ന വർഷംതന്നെ ചെറുപുഷ്പ മിഷൻലീഗിൽ അംഗത്വം സ്വീകരിക്കുന്നതുവഴി പ്രേഷിതതീക്ഷ്ണത കുട്ടികളിൽ ജ്വലിപ്പിക്കുവാൻ മിഷൻലീഗിലുള്ള പ്രവർത്തനം ഇടയാക്കിയിട്ടുണ്ട്. സുകൃതജപങ്ങൾ ചൊല്ലാനും പരിത്യാഗപ്രവൃത്തികളും പരോപകാരപ്രവൃത്തികളും സ്വയമേവ ചെയ്യാനും മിഷൻലീഗ് അംഗങ്ങൾ പരിശീലിക്കുന്നുവെന്നത് എടുത്തുപറയേണ്ടതാണ്.

തന്റെ ദൗത്യം ഭൂമിയിൽ തുടർന്നുകൊണ്ടുപോകാനാണ് ഈശോ സഭ സ്ഥാപിച്ചത്. തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു പൂർണ്ണ ബോധ്യമുണ്ടായിരുന്ന അപ്പസ്തോലന്മാർ ജീവിതസാക്ഷ്യം, പ്രഘോഷണം എന്നിവവഴി അതു നിർവഹിച്ചു. ഒരു വ്യക്തിയുടെ ആഴമായ മിശിഹാനുഭവത്തിന്റെയും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള തീക്ഷ്ണതയുടെയും ഫലമാണു പ്രേഷിതത്വം. ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിഞ്ഞപ്പോൾ, തങ്ങളുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ച ആ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുകയെന്നതു പുറമേ നിന്നുള്ള ഒരു കല്പന എന്നതിനെക്കാൾ തങ്ങളുടെതന്നെ കടമയായി അപ്പസ്തോലന്മാർക്ക് അനുഭവപ്പെട്ടു. മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ അവരെ നിർബന്ധിതരാക്കുംവിധം അത്ര ശക്തമായിരുന്നു അവർക്കു സിദ്ധിച്ച ഉത്ഥിതന്റെ അനുഭവം. ഈശോയുമായുള്ള അത്തരം ആഴമേറിയ ഒരു വ്യക്തിപരമായ അനുഭവമാണു നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഉദ്ഘോഷിക്കുവാൻ പ്രാപ്തനാക്കിയത്. ശക്തമായ ഈ ഉത്ഥാനാനുഭവമാണ് തോമാശ്ലീഹായെ പ്രേഷിതപ്രവർത്തനത്തിലേക്കു നയിക്കുന്നത്. വി. തോമാശ്ലീഹായുടെ ഈ മാതൃകയാണു മാർതോമാ ക്രിസ്ത്യാനികളായ നമ്മെ പ്രേഷിതപ്രവർത്തനത്തിൽ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്.

സെഹിയോൻശാലയിൽ പ്രാർഥിച്ചിരുന്ന ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിന്റെ ആഗമനം ഉണ്ടായപ്പോൾ അവർ ലോകാതിർത്തികൾവരെ സുവിശേഷപ്രഘോഷണത്തിനായി പോകുകയുണ്ടായി. ഭരണങ്ങാനത്ത് എളിയരീതിയിൽ ആരംഭിച്ച ഈ സംഘടനയുടെ വളർച്ചയ്ക്കു കാരണമായിരിക്കുന്നതു പരിശുദ്ധാത്മാവിന്റെ ഇടപെടലാണെന്നു നിസംശയം നമുക്കു പറയാൻ സാധിക്കും. 'ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന പതിമൂന്നാം ലെയോ മാർപാപ്പായുടെ വാക്കുകളാണ് ചെറുപുഷ്പ മിഷൻലീഗിന്റെ ആദർശവാക്യം. ഈ ആദർശവാക്യത്തിൽ അടിസ്ഥാനമിട്ട ദൗത്യനിർവഹണത്തിനായി സ്നേഹം-ത്യാഗം-സേവാ

–സഹനം എന്ന മുദ്രാവാക്യവുമായി പ്രേഷിതപ്രവർത്തനം, വ്യക്തിത്വ വികാസം, ദൈവവിളി പ്രോത്സാഹനം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി മിഷൻലീഗ് അംഗങ്ങൾ ഇന്നും തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നു. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സഹായിക്കുന്നതിനും പ്രാർത്ഥന കൊണ്ടും സുകൃതങ്ങൾകൊണ്ടും അതിനെ ശക്തിപ്പെടുത്തുന്നതിനും മിഷൻപ്രവർത്തനത്തിനുപോകാൻ ആഗ്രഹിക്കുന്നവർക്കു സഭയുടെ മിഷൻമേഖലകളെയും മിഷനറിസമർപ്പിതസമൂഹങ്ങളെയും പരിചയപ്പെടുത്തുന്നതിനും അതുവഴി മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും മിഷൻലീഗ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ സഭയിൽ നിന്നുള്ള 57 മെത്രാന്മാരുടെയും 25000 ലധികം വൈദികരുടെയും 35000 ലധികം സിസ്റ്റേഴ്സിന്റെയും ദൈവവിളിക്കും നിരവധി അല്മായരുടെ ജീവിതവിജയത്തിനും മിഷൻലീഗിലെ പ്രവർത്തനം കാരണമായിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമായ വസ്തുതയാണ്.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു കരുത്തായിനിന്ന ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ പ്ലാറ്റിനം ജൂബിലി ആഘോഷവേളയിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ചെറുപുഷ്പ മിഷൻലീഗിനെ എല്ലാവരും പ്രോത്സാഹിപ്പിക്കണമെന്നും വളർത്തണമെന്നും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ജൂബിലിയുടെ സമാപനവേളയിൽ ഈ സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി അധ്വാനിച്ച എല്ലാവരെയും നാം ഓർക്കേണ്ടതുണ്ട്. ഓരോ ഇടവകയിലും കുട്ടികളിൽ പ്രേഷിതതീക്ഷ്ണത വളർത്തിയ വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, വിവിധ തലങ്ങളിൽ സംഘടനയുടെ നേതൃത്വനിരയിൽ പ്രവർത്തിച്ചവർ, ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ തുടങ്ങിയ എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കാം. ആധുനികസമൂഹത്തിന്റെ വശ്യമായ പ്രലോഭനങ്ങൾക്കടിപ്പെട്ടു നന്മയുടെയും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും വഴികളിൽനിന്നു നമ്മുടെ കുഞ്ഞുങ്ങൾ മാറിപ്പോകാതിരിക്കാനുള്ള ജാഗ്രത ഈ സംഘടനയുമായി ബന്ധപ്പെട്ട എല്ലാവർക്കുമുണ്ടാകട്ടെ. ഈ പ്രേഷിതസംഘടനയുടെ ആദ്യചൈതന്യം ഇനിയും പതിന്മടങ്ങായി വരുംതലമുറയ്ക്കു പകർന്നുകൊടുക്കുവാൻ ഇതിന്റെ എല്ലാ അംഗങ്ങൾക്കും സാധിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിനായി, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗീയമധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെയും സഹമധ്യസ്ഥരുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനകൾ തുണയായിരിക്കട്ടെ.

2023 ജനുവരി 29 നു തക്കലയിൽ നടക്കുന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിസമാപനാഘോഷങ്ങളിൽ ബന്ധപ്പെട്ട എല്ലാവരും സഹകരിക്കണമെന്ന് ആഹ്വാനംചെയ്തുകൊണ്ടും ജൂബിലിയുടെ മംഗളങ്ങൾ നേർന്നുകൊണ്ടും കാരുണ്യവാനായ കർത്താവിന്റെ അനുഗ്രഹങ്ങൾ എല്ലാ മിഷൻലീഗ് പ്രവർത്തകരുടെയുംമേൽ ഉണ്ടായിരിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022 ഡിസംബർ 22 ന് നൽകപ്പെട്ടത്.

**കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** *2023 ജനുവരി 15 ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കേണ്ടതാണ്.*

# ഐക്യവാര പ്രാർത്ഥനയിൽ പങ്കുചേരാം

ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

എല്ലാ വർഷത്തെയുംപോലെ ഈ വർഷവും ജനുവരി മാസം 18 മുതൽ 25 വരെയുള്ള ദിവസങ്ങൾ സഭൈക്യപ്രാർത്ഥനക്കുള്ള ദിവസങ്ങളാണ്. ''അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു'' *(യോഹ. 17:21)* എന്ന് തന്റെ പിതാവിനോട് അപേക്ഷിച്ച ഈശോ നാമെല്ലാവരുടെയും ഐക്യമാണ് ആഗ്രഹിച്ചത്. സഭയുടെയും വലിയ ആഗ്രഹവും ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യങ്ങളിലൊന്നും സഭകൾ തമ്മിലുള്ള ഐക്യമാണ്. സഭൈക്യവാര പ്രാർത്ഥനയുടെ പ്രധാന ഉദ്ദേശ്യം സഭയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പരിപൂരിതരായി കൂട്ടായ്മയുടെ ചൈതന്യത്തിലേക്ക് എല്ലാവരും കടന്നുവരുക എന്നതാണ്.

'നന്മ പ്രവർത്തിക്കുകയും നീതി അന്വേഷിക്കുകയും ചെയ്യുക' എന്നതാണ് ഈ വർഷത്തെ സഭൈക്യ പ്രാർത്ഥനയുടെ പ്രധാനവിഷയം. 'നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ' *(ഏശയ്യാ 1:17)* എന്ന വചനത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടിരിക്കുന്ന ഈ വിഷയം നമ്മുടെ സമൂഹത്തിലെ വിവിധങ്ങളായ അനീതികളോടും അക്രമങ്ങളോടും സന്ധിയില്ലാസമരം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നു. സഭകളുടെ ഐക്യവും നമ്മുടെ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും വിഷയമാകണം. കേവലം ഒരു ആചരണം എന്ന നിലക്കപ്പുറം നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിന്റെ ചിന്തയും മനസ്സിന്റെ ആഗ്രഹവുമാകണം സഭൈക്യം. ഒരിട

യനും ഒരാലയുമായി കർത്താവിന്റെ മുമ്പിൽ നില്ക്കാൻ ഈ പ്രാർത്ഥന ഭക്തിയോടും ഐക്യത്തോടുംകൂടി നമുക്കു ചൊല്ലാം. എല്ലാ ഇടവക കളിലും സമർപ്പിത സമൂഹങ്ങളിലും സഭൈക്യപ്രാർത്ഥന ഉചിതമാം വിധം ക്രമീകരിക്കണമെന്ന് ഓർമിപ്പിക്കുന്നു. ഇതര ക്രൈസ്തവസഭക ളുമായി യോജിച്ചു നടത്താൻ സാധിക്കുന്നതെല്ലാം അങ്ങനെ ക്രമീകരി ക്കാനും ശ്രദ്ധിക്കുമല്ലോ.

നൽകിയിരിക്കുന്ന പ്രാർത്ഥനാടെക്സ്റ്റിൽ പൊതുക്രമവും ഓരോ ദിവസ ത്തേക്കുമുള്ള പ്രത്യേക വേദപുസ്തക വായനകളും ഇതര പ്രാർത്ഥന കളും ചേർത്തിരിക്കുന്നത് വേണ്ടവിധം ഉപയോഗപ്പെടുത്തേണ്ടതാണ്.

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

Ref: 3818/K-5/KCBC/OL/DS 17.12.2022

# 2023 ജനുവരി 15 കർഷകദിനം

**കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കാർഷികവൃത്തി ഗൗരവകരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും കർഷകനും കർഷകന്റെ സങ്കടങ്ങളും തുടർച്ചയായി അവഗണിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് കർഷകരുടെ ബുദ്ധിമുട്ടുകളിലേയ്ക്കു ഭരണകർത്താക്കളുടെയും വിശ്വാസിസമൂഹത്തിന്റെയും ശ്രദ്ധക്ഷണിച്ചുകൊണ്ട് കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. കൃഷിയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ നിലനിർത്തുകയും കാർഷികപ്രശ്നങ്ങളിൽ കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അവർക്കുവേണ്ടി ശബ്ദിക്കുകയും ചെയ്യുക എന്ന ലക്ഷ്യങ്ങളോടെയുമാണ് 2023 ജനുവരി 15-ാം തീയതി ഞായറാഴ്ച കർഷകരായ നമ്മുടെ സഹോദരങ്ങൾക്കായി മാറ്റിവച്ച് കൃഷിയെക്കുറിച്ചു നാം ചിന്തിക്കുന്നത്.

'അതിരു കാക്കുന്ന യോദ്ധാവും കതിരു കാക്കുന്ന കർഷകനും' എന്ന ചൊല്ല് നാം കേട്ടിട്ടുണ്ടല്ലോ. സൈനികനെപ്പോലെതന്നെ പ്രധാനപ്പെട്ടവനാണ് കർഷകൻ എന്നാണ് ഈ ചൊല്ലിന്റെ അർത്ഥം. കർഷകൻ സൈനികനെപ്പോലെ പ്രധാനപ്പെട്ടവനാകുന്നതിനു കാരണം കൃഷി ജീവിതമാർഗം എന്നതിലുപരി മനുഷ്യസംസ്കാരത്തിന്റെ അടിത്തറ കൂടിയാണ് എന്നതാണ്. ലോകത്തെ എല്ലാ സംസ്കാരങ്ങളും ഉടലെടുത്തത് കൃഷിയിൽ നിന്നാണ്. കൃഷിക്കുവേണ്ടിയാണ് നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെയാണ് മഹത്തായ സിന്ധുനദീതട സംസ്കാരങ്ങൾ പോലുള്ള ലോകസംസ്കാരങ്ങൾ പിറവിയെടുത്തത്.

കേരളത്തെക്കുറിച്ചു പറഞ്ഞാൽ കൃഷിയുടെ അംശം പേരിൽത്തന്നെയുള്ള നാടാണ്. കേരവൃക്ഷങ്ങളുടെ നാടായ കേരളം എന്നു പറയാം. ഒരു കാലത്തു മലയാളിക്കു കൃഷി ജീവവായുപോലെയായിരുന്നു; പ്രത്യേകിച്ചു ക്രൈസ്തവർക്ക്. കുടിയേറ്റ ചരിത്രംപോലും, ജീവിക്കാനായി കൃഷിയിടങ്ങൾ തേടി നടത്തിയ യാത്രയുടെ ചരിത്രമാണ്. ഇന്നു നമ്മൾ കൃഷിയിൽനിന്ന് അകന്നുപോയെങ്കിലും നമ്മൾ സുഖമായി ഭക്ഷിച്ചു ജീവിക്കുന്നതു മറ്റുള്ളവർ നമുക്കായി കൃഷി ചെയ്യുന്നതു കൊണ്ടാണെന്ന് മറന്നുപോകരുത്.

കേരളത്തിൽ കൃഷിക്കു വ്യാപക ഇടിവ് സംഭവിച്ചു. പുതുതലമുറ കൃഷി ഏറ്റെടുക്കുന്നേയില്ല. നമ്മൾ പൂർണ്ണമായും ഉപഭോഗസംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിനനുസരിച്ചു നമ്മുടെ മൂല്യ

ബോധങ്ങളിലും നിലപാടുകളിലും മാറ്റം വന്നുതുടങ്ങി. നെല്ലും വയലും പച്ചക്കറി തോട്ടങ്ങളും നമ്മുടെ ചുറ്റുപാടുകളിൽനിന്ന് അന്യമാകുമ്പോൾ നമ്മുടെ സംസ്കാരം കൂടിയാണ് നമുക്ക് അന്യമാകുന്നത്. വാടിപ്പോയ ചെടികളെ വെള്ളവും വളവും നൽകി ഊർജ്ജസ്വലമാക്കിയെടുക്കുന്ന കർഷകൻ പഠിപ്പിക്കുന്ന വലിയ ജീവിതമൂല്യങ്ങളുണ്ട്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും ദയയുടെയും വിട്ടുവീഴ്ചയുടെയുമൊക്കെ പാഠങ്ങളാണവ. കുട്ടികളെ കൂടെ നിറുത്തി ഇഞ്ചി നടുകയും വാഴ വയ്ക്കുകയും അയൽപക്കക്കാരോടൊത്തു വിളവെടുക്കുകയും ചെയ്തിരുന്ന പഴയ കാല മാതാപിതാക്കൾ പകർന്നുകൊടുത്ത മൂല്യങ്ങളിലാണ് നമ്മുടെ നാട് നന്മയുള്ള നാടായി നിലനിന്നത്. ആ സംസ്കാരം പാടേ ഇല്ലാതാകാതിരിക്കാൻ നമ്മൾ ജാഗ്രത പുലർത്തണം.

ഈ ഉത്തമബോധ്യത്തിൽ നിന്നാണ് സഭ കൃഷിയെക്കുറിച്ചു പറയുകയും കർഷകരെ ഹൃദയത്തോടു ചേർത്തുനിറുത്തുകയും അവർക്കായി ആത്മാർത്ഥമായി വാദിക്കുകയും ചെയ്യുന്നത്. നമ്മുടെ കർത്താവിന്റെ രക്ഷാകരചരിത്രത്തിൽ കൃഷിക്കും കാർഷിക പ്രതീകങ്ങൾക്കുമുള്ള സ്ഥാനവും നാം മറന്നുകൂടാ. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ ആടുമേയ്ക്കുന്നവരും മുന്തിരികൃഷി ചെയ്യുന്നവരും ഗോതമ്പ് നടുന്നവരും മീൻപിടുത്തക്കാരുമായിരുന്നു. അതുകൊണ്ടാണ് നമ്മുടെ കർത്താവ് ദൈവരാജ്യത്തെപ്പറ്റിയുള്ള പ്രബോധനങ്ങളിൽ വയലിൽ വിതയ്ക്കപ്പെട്ട വിത്തിനെയും മുന്തിരിത്തോട്ടത്തെയും നല്ല ഇടയനെയും കടലിലെറിഞ്ഞ വലയെയും കുറിച്ചൊക്കെ പറഞ്ഞതും ഉപമയാക്കിയതും.

ശ്രേഷ്ഠവും മഹനീയവുമായ ഈ വസ്തുതകൾ നിലനിൽക്കെത്തന്നെ ഇന്ന് ഒരു സാധാരണ കർഷകൻ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു നമ്മൾ അറിയുകയും കർഷകരുടെ ആവശ്യങ്ങൾക്കായി സംഘടിതമായി പ്രവർത്തിക്കുകയും വേണം. അത്യന്തം സങ്കടകരമായ സാഹചര്യങ്ങളിലൂടെയാണ് കർഷകർ കടന്നുപോകുന്നത്. ആരും ശ്രദ്ധിക്കാനില്ലാത്തവനായി കർഷകൻ മാറി. അവന്റെ സങ്കടങ്ങൾ ഒരു ഭരണാധികാരിയും ഗൗനിക്കുന്നില്ല. പ്രകൃതിക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച പല കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷുറൻസിന്റെയും മറ്റും പേരുപറഞ്ഞ് മുതിർന്ന പൗരന്മാരെപോലും അവഗണിക്കുകയാണ്. കൂടുതലൊന്നും തരണ്ട, ഞങ്ങളുടെ കൃഷി നശിച്ചുപോയതിനു നഷ്ടപരിഹാരമെങ്കിലും തരാമോയെന്നു സങ്കടപ്പെട്ടു യാചിക്കുന്ന കർഷകരുണ്ട്. എന്നാൽ, കർഷകരുടെ നഷ്ടത്തെക്കുറിച്ച് ആശങ്കപ്പെടാത്തവർ വ്യവസായ ഭീമന്മാരുടെ നഷ്ടത്തെക്കുറിച്ചു വ്യാകുലപ്പെടുകയാണ്. സാധാരണക്കാരന്റെ വ്യാകുലതകളാണ് ഭരണാധികാരികളെ ആശങ്കപ്പെടുത്തേണ്ടത്. പണ്ടു കാലങ്ങളിൽ മേലാളന്മാർക്കുമുമ്പിൽ തൊഴുതുനിന്നിരുന്ന അടിയാന്മാരുടെ ഗതികേടിലായിരിക്കുന്നു നമ്മുടെ കർഷകർ.

കർഷകന്റെ മക്കളുടെ വിവാഹങ്ങൾപോലും നടക്കാതെ പോകുന്നു. ഉല്പ്പാദനച്ചിലവിലുണ്ടാകുന്ന വർദ്ധനവ്, കാലാവസ്ഥാമാറ്റം, വന്യജീവികളുടെ ആക്രമണം മൂലമുള്ള വിളനഷ്ടം, അപ്രതീക്ഷിത പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം, കുടിയേറ്റ കർഷകരെ ആക്ഷേപിക്കുന്ന നടപടികൾ, പട്ടയങ്ങളുടെ നിയമസാധുത റദ്ദാക്കൽ പോലുള്ള കടുത്ത കർഷകദ്രോഹ നടപടികൾ, വനാതിർത്തി വിട്ട് കൃഷിഭൂമിയിലേക്കു ബഫർസോൺ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയ നിരവധി കാരണങ്ങളാൽ നമ്മുടെ കർഷകർ ഇന്ന് അസ്വസ്ഥരും ആകുലചിത്തരുമായിരിക്കുന്നു. സർക്കാരുകളുടെ സഹായമില്ലാതെ കർഷകന് അവന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനാവാത്ത സ്ഥിതിയാണുള്ളത്. കർഷകരോടുള്ള ആത്മാർത്ഥത കർഷകദിനാചരണത്തിലും അവാർഡ് ദാനങ്ങളിലും മാത്രം ഒതുക്കി നിറുത്തിയാൽ പോരാ. കർഷകപെൻഷനും കൃഷിനാശം മൂലമുള്ള നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്ന കർഷകർക്ക് ഇൻഷുറൻസ് മാനദണ്ഡങ്ങൾ പോലും പരിഗണിക്കാതെ മുൻഗണന നൽകണം. സർക്കാരുകളുടെ സത്വരശ്രദ്ധ കർഷകന്റെ കാര്യത്തിലുണ്ടാകണം. കർഷക അവഗണന ജനാധിപത്യബോധമുള്ള സർക്കാരുകൾക്കു ഭൂഷണമല്ല.

കർഷകന്റെ ആവശ്യങ്ങളിൽ അടിയന്തിരമായി ഇടപെടണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നതിനോടൊപ്പം കൃഷിയുടെ സംസ്കാരം അന്യംനിന്നു പോകാതിരിക്കാൻ, എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കണമെന്നും എല്ലാ കുടുംബങ്ങളോടും കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. മാറിയ കാലത്തിന്റെ വ്യഗ്രതകൾക്കിടയിൽ നമുക്കു കൈമോശംവന്ന കുടുംബകൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. ഇതു ഭക്ഷ്യസുരക്ഷയ്ക്കു മാത്രമല്ല നമ്മുടെ യുവതലമുറയുടെ മൂല്യബോധത്തിനുപോലും ആവശ്യമാണ്. ഡോക്ടറും എഞ്ചിനീയറും അധ്യാപകനുമൊക്കെ ഒഴിവുസമയങ്ങളിൽ കർഷകരാകണം. വീടിന്റെ പരിസരങ്ങളിൽ ഫലവൃക്ഷങ്ങളും പച്ചക്കറിതൈകളും നട്ടുപിടിപ്പിക്കണം. അങ്ങനെ നമുക്കു കാർഷികവൃത്തിയുടെ നന്മയെ നിലനിർത്താം.

മിശിഹായിൽ സ്നേഹപൂർവം,

**ബിഷപ് റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

**NB:** *2023 ജനുവരി 15 ഞായറാഴ്ച അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാനയർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കേണ്ടതാണ്.*

സർക്കുലർ

22 Ch. 280-361

# മനുഷ്യാവതാരത്തിലെ കാരുണ്യമുഖം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ,

പുതിയൊരു ആരാധനാവത്സരത്തിലേക്കു നമ്മൾ പ്രവേശിച്ചിരിക്കയാണല്ലോ. നവചൈതന്യത്തോടെയും കൂടുതൽ ഉത്സാഹത്തോടും ആത്മീയതയിലും സഭാത്മകജീവിതത്തിലും ആഴപ്പെടാൻ നമുക്കു ശ്രമിക്കാം. ഏറ്റവും വലിയ പങ്കുവയ്ക്കൽ സംഭവമാണ് മംഗളവാർത്തക്കാലത്ത് നമ്മൾ ആഘോഷിക്കുന്നത്. ദൈവം തന്റെ പുത്രനായ ഈശോമിശിഹായെ മനുഷ്യകുലത്തിനു രക്ഷകനായി നൽകിയ സംഭവമാണത്. അതിനു പ്രത്യുത്തരമായി മനുഷ്യൻ തന്നെത്തന്നെ ദൈവത്തിനു നൽകണം. അപ്പോഴാണ് പങ്കുവയ്ക്കൽ പൂർണ്ണമാകുന്നത്; ക്രിസ്തുമസ് ആഘോഷവും പൂർണ്ണമാകുന്നത്. ദൈവത്തിന്റെയും മനുഷ്യന്റെയും ഈ പരസ്പരദാനത്തിലൂടെയാണ് മനുഷ്യരക്ഷ യാഥാർത്ഥ്യമാകുന്നതും. 'മനുഷ്യനെ ദൈവമാക്കാൻ ദൈവം മനുഷ്യനായി' എന്നുള്ള വി. അത്തനേഷ്യസിന്റെ വാക്കുകൾ അർത്ഥമാക്കുന്നത് ഈ സത്യംതന്നെയാണ്. അപ്പത്തിന്റെ ഭവനമായ ബേത്ലെഹെമിലെ പുല്ത്തൊട്ടിയിൽ പുല്ലിനൊപ്പം ശയിക്കുന്ന ഈശോ മനുഷ്യകുലത്തിനു നിത്യജീവന്റെ അപ്പമാണ്. പരി. കുർബാനയിൽ ഈ അപ്പം ഭക്ഷിച്ച് നമ്മൾ ദൈവത്തിലേക്കു വളരുന്നു. പാപംമൂലം നഷ്ടപ്പെട്ട ദൈവികചൈതന്യത്താൽ വീണ്ടും നവീകരിക്കപ്പെടുന്നു. അതാണ് ദൈവപുത്രന്റെ മനുഷ്യാവതാര ലക്ഷ്യം.

മനുഷ്യന് സ്വശക്തിയാൽ അസാദ്ധ്യമായ കാര്യങ്ങളാണ് ദൈവം പ്രവർത്തിക്കുന്നത്. വന്ധ്യയായ സാറായിൽനിന്ന് അബ്രാഹത്തിനു പുത്രൻ ജനിക്കുന്നതും, വയോധികരായ സക്കറിയായ്ക്കും ഏലീശ്വായ്ക്കും പുത്രനുണ്ടാകുന്നതും, കന്യകാമറിയത്തിൽനിന്നു പുരുഷബന്ധം കൂടാതെ രക്ഷകൻ ജനിക്കുന്നതും ദൈവത്തിന്റെ ഇടപെടലുകളാണ്.

മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ ഏറ്റവും വലിയ ഇട പെടലാണ് മിശിഹായുടെ മനുഷ്യാവതാരം. വിശ്വാസത്തിലൂടെയുള്ള പ്രത്യുത്തരത്തിലൂടെ രക്ഷയുടെ അനുഭവം നമുക്കും കൈവരുന്നു. മറിയ ത്തെപ്പോലെ ദൈവത്തിനു സ്വയം സമർപ്പിക്കുന്ന ജീവിതമാണത്. ദൈവ നാമത്തിൽ നമ്മൾ ചെയ്യുന്ന ഓരോ സൽപ്രവൃത്തിയും ദൈവത്തിനുള്ള നമ്മുടെ സമർപ്പണമായി ദൈവം സ്വീകരിക്കും. ദാഹിക്കുന്നവനു നമ്മൾ നൽകുന്ന ഒരുപാത്രം വെള്ളംപോലും തനിക്കുതന്നെ നൽകിയതായി ഈശോ വിലമതിക്കുമെന്നുള്ള ഈശോയുടെ വാക്കുകൾ അനുസ്മരിച്ചു കൊണ്ട് കഴിയുന്നവിധം ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യാൻ നമുക്കു പരിശ്രമിക്കാം. വീടില്ലാത്തവരിലും ക്ലേശിക്കുന്നവരിലും ഈശോയെ കാണാൻ നമുക്കിടയാകട്ടെ.

ക്രിസ്തുമസിനോടനുബന്ധിച്ച് അതിരൂപതാ ജീവകാരുണ്യനിധി യിലേക്കുള്ള ധനശേഖരണം നടത്തുന്ന പതിവ് നമുക്കുണ്ടല്ലോ. 1972-ലാണ് ജീവകാരുണ്യനിധിക്ക് അതിരൂപത രൂപംനൽകിയത്. മഹത്തായ ഈ ജീവകാരുണ്യ സംരംഭത്തിനു തുടക്കം കുറിച്ചത് അഭി. ജോസഫ് പവ്വത്തിൽ പിതാവാണ്. പിതാവിന്റെ മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച ഈ വർഷം ജീവകാരുണ്യനിധിയുടെയും സുവർണ്ണ ജൂബിലി വർഷമാണ്. സുവർണ്ണജൂബിലി സ്മാരകമായി 50 കാരുണ്യ ഭവനങ്ങൾ വിവിധ ഇടവകകളിലായി പൂർത്തിയായി വരുന്നുണ്ട്. ഓരോ ഭവനത്തിനും ജീവകാരുണ്യനിധിയിൽനിന്നു 2 ലക്ഷം രൂപ വീതം നൽകി വരുന്നു. കൂടാതെ ഭവനപദ്ധതി ഏറ്റെടുത്ത ഇടവകകളും ഈ ജൂബിലി സ്മാരക ഭവനങ്ങൾക്ക് 2 ലക്ഷം രൂപ വീതം സംഭാവന നൽകുന്നുണ്ട്.

ക്രിസ്തുമസിനോടനുബന്ധിച്ച് നമ്മൾ നടത്തുന്ന കളർ എ ഹോം ധനശേഖരണത്തിന്റെ 80% തുക ഭവനനിർമ്മാണത്തിനും 10% തുക കളർ എ ഡ്രീം ഉന്നത വിദ്യാഭ്യാസനിധിക്കുമായിട്ടാണ് നാം വിനിയോ ഗിക്കുന്നത്. കഴിഞ്ഞ വർഷത്തെ ക്രിസ്തുമസ് ധനശേഖരണത്തിലൂടെ 2 കോടി 51 ലക്ഷം രൂപ നമുക്കു സമാഹരിക്കാനായി. ഓരോ ഇടവകയിലും സമാഹരിക്കുന്ന തുകയുടെ ഭൂരിഭാഗവും അതത് ഇടവകകളിൽത്തന്നെ ചെലവഴിക്കുന്നു എന്നതാണ് ഈ ധനശേഖരണത്തിന്റെ ഏറ്റവും ശ്രദ്ധേ യമായ പ്രത്യേകത. ഈ ധനശേഖരണത്തിലൂടെ ഇടവകയ്ക്കു കഴിഞ്ഞ വർഷം ലഭിച്ച തുകയും അതെത്ര ശതമാനമാണെന്നുള്ള വിവരവും വീടുകളിൽ എത്തിച്ചുനൽകുന്ന ബ്രോഷറിൽനിന്നു നിങ്ങൾക്കു മന സ്സിലാക്കാവുന്നതാണ്. ഇങ്ങനെ തുക ചെലവഴിച്ചതുവഴിയായി എല്ലാ ഇടവകകളിലുമായി നൂറുകണക്കിനു കുടുംബങ്ങളെ ഭവനനിർമ്മാണ ത്തിനും വീടുകളുടെ പുനഃരുദ്ധാരണത്തിനുമായി സഹായിക്കാൻ കളർ എ ഹോം പദ്ധതിക്കു കഴിഞ്ഞതിൽ നമുക്കു സന്തോഷിക്കാം. ഇങ്ങനെ നമ്മുടെ അതിരൂപതയെ കുടിൽരഹിതമാക്കുക എന്ന വലിയ ലക്ഷ്യ ത്തിന്റെ സാക്ഷാത്കാരത്തിനായി നമുക്കു കൂട്ടായി യത്നിക്കാം.

ക്രിസ്തുമസിന് ആകെ ലഭിക്കുന്ന തുകയുടെ 10% ഇടവകകളുടെ കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസനിധിക്കായും മാറ്റിവയ്ക്കുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ പഠനത്തിൽ സമർത്ഥരായ കുട്ടികളെ പ്രൊഫഷണൽ കോഴ്സുകൾക്കു സഹായിക്കുവാനായി ഈ തുക വിനിയോഗിച്ചുവരുന്നു. 1 ലക്ഷം രൂപ കളർ എ ഡ്രീം ഫണ്ടിൽ അടച്ചിട്ടുള്ള ഇടവകകൾക്ക് ഓരോ കുട്ടിയെ വീതം എല്ലാവർഷവും ഉന്നതപഠനത്തിനു ശിപാർശ ചെയ്യാനുള്ള അവകാശം ലഭിക്കുന്നു. ആ കുട്ടിക്ക് ജീവകാരുണ്യനിധിയിൽനിന്നു 60,000 രൂപയാണ് ഇപ്പോൾ നൽകിവരുന്നത്. ഇടവകകൾ സമാഹരിച്ച് ഈ ഫണ്ടിൽ അടയ്ക്കുന്ന ഓരോ ലക്ഷം രൂപയ്ക്കും ഇതേ ക്രമത്തിൽ സഹായം ലഭിക്കും. എന്നു മാത്രമല്ല, എല്ലാവർഷവും ഇതുപോലെ പുതിയ പുതിയ കുട്ടികളെ ഉന്നതപഠനത്തിന് തെരഞ്ഞെടുക്കാനും കഴിയുന്നുവെന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.

പഠനം കഴിഞ്ഞ് കുട്ടികൾ അവർ എടുത്ത തുക തിരിച്ചടയ്ക്കണം എന്നതാണ് ഈ പദ്ധതിയുടെ വ്യവസ്ഥ. അതുകൊണ്ടാണ് ഇങ്ങനെ തുടർച്ചയായി ഓരോ വർഷവും പുതിയ കുട്ടികളെ തെരഞ്ഞെടുക്കാൻ ഇടവകകൾക്ക് അവസരം ലഭിക്കുന്നത്. നാളിതുവരെ 3,000 ലധികം നിർധനകുടുംബങ്ങളെ കളർ എ ഡ്രീം പദ്ധതിയിലൂടെ സഹായിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതിരൂപതയിലെ എല്ലാ ഇടവകകളും വേണ്ടവിധത്തിൽ ഈ പദ്ധതിയുടെ നേട്ടം ജനങ്ങളിലേക്ക് എത്തിക്കുന്നില്ലായെന്ന കാര്യം ഖേദപൂർവ്വം അനുസ്മരിക്കുന്നു. നമുക്ക് അറിവുള്ളതുപോലെ നിർധനകുടുംബങ്ങളെ സാമ്പത്തികമായി ഉയർത്താനുള്ള ഏറ്റവും എളുപ്പമാർഗ്ഗം അങ്ങനെയുള്ള കുടുംബങ്ങളിലെ കുട്ടികളെ ഉന്നതപഠനത്തിനു സഹായിക്കുക എന്നതാണ്. അതുകൊണ്ടാണ് 'ഒരു കുട്ടിയെ പഠിപ്പിക്കൂ, ഒരു കുടുംബത്തെ രക്ഷിക്കൂ' എന്ന മുദ്രാവാക്യം കളർ എ ഡ്രീം പദ്ധതിയുടെ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത്. ഇതു മനസ്സിലാക്കിക്കൊണ്ടു വരും വർഷങ്ങളിൽ ഈ പദ്ധതിയുടെ പ്രയോജനം വേണ്ടവിധം എടുക്കാൻ എല്ലാ ഇടവകകളും പരിശ്രമിക്കുമെന്നു കരുതുന്നു. നമ്മുടെ കുടുംബങ്ങളിൽനിന്നു മരിച്ചുപോയ പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കായും വിവാഹ ജൂബിലി, സന്യസ്ത ജൂബിലി, ജന്മദിനം, സപ്തതി, നവതി തുടങ്ങിയ പ്രധാന സംഭവങ്ങളുടെ ഓർമ്മയ്ക്കായും സ്ഥാപിക്കുന്ന എൻഡോവ്മെന്റുകളിലൂടെ കളർ എ ഡ്രീം പദ്ധതിയെ സഹായിക്കാൻ സാമ്പത്തികസ്ഥിതിയുള്ള ഇടവകാംഗങ്ങൾ സന്നദ്ധമായാൽ ഈ കാര്യം എളുപ്പത്തിൽ നമുക്കു നേടിയെടുക്കാനാകും. അതിനായി എല്ലാവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ക്രിസ്തുമസ് ധനശേഖരണത്തെക്കുറിച്ചു ചില കാര്യങ്ങൾകൂടി ഓർമ്മിപ്പിക്കട്ടെ. വീടുകളിൽ എത്തിക്കുന്ന കവറുകളോടൊപ്പം ഒരു കുടുംബവിവരഫോറവും ലഭിക്കുന്നതാണ്. അവയിൽ കൊടുത്തിരിക്കുന്ന കുടും

ബാംഗങ്ങളുടെ വിവരങ്ങൾ എല്ലാവരും പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി നിങ്ങളുടെ സംഭാവനകളോടൊപ്പം തിരിച്ചു കൂട്ടായ്മാലീഡർമാരെ ഏല്പിക്കണം. ഈ ഫോറത്തിൽ കഴിഞ്ഞവർഷം ഓരോ കുടുംബവും നൽകിയിട്ടുള്ള സംഭാവനകളും രേഖപ്പെടുത്തി നൽകുന്നുണ്ട്. നിർധനരായ നമ്മുടെ സഹോദരങ്ങളുടെ ഭവനനിർമ്മാണ ത്തിനും പഠനസഹായത്തിനുമായി നടത്തുന്ന ഈ ധനശേഖരണത്തിൽ കുടുംബത്തിലെ വരുമാനമുള്ള എല്ലാ അംഗങ്ങളും തങ്ങളുടെ വിഹിതം നൽകാൻ ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അത് കുടുംബവിവര ഫോറത്തിലെ അവരവരുടെ പേരിനുനേരെ രേഖപ്പെടുത്തി നൽകാനും ശ്രദ്ധിക്കുമെന്നു കരുതുന്നു.


എല്ലാ ഇടവകകളും തങ്ങളുടെ ആവറേജ് കുടുംബ സംഭാവന (Average Per Family Contribution - APFC) 500 രൂപയെങ്കിലും ആക്കുവാൻ പരിശ്രമിക്കുന്നത് ഏറെ അഭികാമ്യമാണ്. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർ കുറച്ച് നൽകുമ്പോൾ ശേഷിയുള്ളവർ ഔദാര്യപൂർവ്വം സഹകരിച്ചാൽ ഈ ലക്ഷ്യം വലിയ ബുദ്ധിമുട്ട് കൂടാതെ ഇടവകകൾക്ക് നേടാനാകു മെന്നു പ്രതീക്ഷിക്കുന്നു. ക്രിസ്തുമസ് ധനശേഖരണത്തിന്റെ കൂടുതൽ തുകയും ഭവന നിർമ്മാണത്തിന് ഇടവകയിൽ ഉപയോഗിക്കാൻ കഴി യുന്ന തുകയാകയാൽ അർഹതയുള്ള ഒരു കുടുംബത്തെ മുൻകൂട്ടി തെരഞ്ഞെടുത്ത് അത് പൂർത്തീകരിക്കുക എന്നുള്ള ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഇടവകാംഗങ്ങളുടെ സഹകരണം തേടുന്നത് ധനശേഖ രണം കൂടുതൽ വിജയകരമാക്കുന്നതിന് ഉപകരിക്കും. ഈ കാര്യങ്ങളിൽ വികാരിയച്ചന്മാരുടെയും പാരിഷ് കൗൺസിൽ അംഗങ്ങളുടെയും വലിയ പ്രോത്സാഹനം ഉണ്ടാകണം എന്നാഗ്രഹിക്കുന്നു.

ആസന്നമായ പിറവിത്തിരുനാളിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ എല്ലാവർക്കും നേർന്നുകൊണ്ട്,

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

**NB:** *2022 ഡിസംബർ 11 ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കാൻ നല്കപ്പെട്ട സർക്കുലർ.*




# I
## TRANSFERS & APPOINTMENTS

| Very Rev. / Rev. Fr. | Transferred from | Transferred to |
|---|---|---|
| Palackal James | Etawah, Jaipur Missions | Syncellus |
| Thanamavunkal Varghese | St. Thomas Minor Seminary, Kurichy | Syncellus |
| Kalayil Varghese | | Vicar, Paral |
| Koottummel George | Kidangara | Rector, St. Thomas Minor Seminary, Kurichy |
| Nelluvely Emmanuel | | Executive Director & Secretary KRRIS (addl) |
| Parackal Jacob | Paral | Vicar, Kidangara |
| Punnasserry Sebastian | Exe. Dir. & Secretary KRRIS | Relieved |
| Thekkekara John | | Manager, Thygarthi Estate Shimoga (addl) |

# II
## മാർ നെസ്തോറിയസിന്റെ കൂദാശക്രമം

1. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഏറ്റവും ദൈർഘ്യമേറിയ കൂദാശക്രമമാണ് മാർ നെസ്തോറിയസിന്റെ ക്രമം. ദനഹാത്തിരുനാൾ, വിശുദ്ധ യോഹന്നാൻ മാംദാന (ദനഹാക്കാലം ഒന്നാം വെള്ളി-ജനുവരി 13), മൂന്നുനോമ്പിന്റെ ബുധനാഴ്ച (ഫെബ്രുവരി 1), ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മ (ദനഹാക്കാലം അഞ്ചാം വെള്ളി-ഫെബ്രുവരി 10), പെസഹാ വ്യാഴം എന്നീ ദിനങ്ങളിൽ ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്. എന്നാൽ, നിർദ്ദിഷ്ട ദിവസങ്ങളിൽ മാത്രമല്ല മറ്റുദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കാവുന്നതാണ്.

2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി

ചില ഭാഗങ്ങൾ ഐച്ഛികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.

3. നാലാം ഗ്ഹാന്തായിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലേണ്ടതാണ്.

## III
## സീറോമലബാർ പ്രേഷിതവാരാചരണം

സീറോമലബാർ സഭാംഗങ്ങളുടെ പ്രേഷിത തീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിന് 2023 ജനുവരി 6 മുതൽ 12 വരെ പ്രേഷിതവാരമായി ആചരിക്കുന്നു.

## IV
## സഭൈക്യവാരം

ജനുവരി 18 മുതൽ 25 വരെ ആചരിക്കുന്ന സഭൈക്യവാരത്തിൽ ഉപയോഗിക്കുവാനുള്ള പ്രാർത്ഥനാശുശ്രൂഷാക്രമം സന്ദേശനിലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ഇടവകയിൽ പൊതുവായും കുടുംബങ്ങളിലും ഈ പ്രാർത്ഥനാശുശ്രൂഷ നടത്തിയും ഇടവകതലത്തിൽ ഉചിതമായ രീതിയിൽ സഭൈക്യസമ്മേളനങ്ങൾ സംഘടിപ്പിച്ചും സഭൈക്യവാരം ആചരിക്കുന്നതിന് ബഹു. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## V
## അതിരൂപതാ ബൈബിൾ കൺവൻഷൻ

24-ാമത് അതിരൂപതാ ബൈബിൾ കൺവൻഷൻ 2023 ഫെബ്രുവരി 21 മുതൽ 25 വരെയുള്ള തീയതികളിൽ വൈകുന്നേരം 4:00 മുതൽ 9:00 വരെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ നടത്തപ്പെടുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## VI
## അലവൻസ് പരിഷ്ക്കരണം

കണക്കന്മാരുടെയും ദൈവാലയ ശുശ്രൂഷികളുടെയും അലവൻസ് വർധനയുടെ വിശദവിവരങ്ങൾ ജനുവരിയിൽ നല്കുന്നതാണ്. ഡിസംബർ മുതലുള്ള മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

# 'ഇതാ കാപട്യമില്ലാത്ത ഒരു യഥാർത്ഥ ഇസ്രയേൽക്കാരൻ'

## കുന്നുംപുറം ബഹു. ഫിലിപ്പ് അച്ചൻ



ബഹു. ഫിലിപ്പ് കുന്നുംപുറം എന്ന 'കുഞ്ഞ്' 21-02-1950 ൽ വായ്പൂരിൽ കുന്നുംപുറം വർക്കി-മറിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. ഭക്തനും സൽസ്വഭാവിയും മിഷനറി തീക്ഷ്ണതയുമുള്ള 'കുഞ്ഞ്' SSLC പഠനത്തിനുശേഷം 1964 ൽ പാറേൽ സെമിനാരിയിൽ ചേർന്നു. പഠനത്തിലും കലാവേദിയിലും അദ്ദേഹം മികവു പുലർത്തിയിരുന്നു.

പാറേൽ സെമിനാരിയിൽ പ്രീ-ഡിഗ്രി ഉൾപ്പെടെ 4 വർഷത്തെ പരിശീലനത്തിനുശേഷം 1968 ൽ വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്ര പഠനത്തിനു ചേർന്നു. അതിനുശേഷം കർണ്ണാടകയിലെ ധാർവാർ യൂണിവേഴ്സിറ്റിയിൽ തത്വശാസ്ത്രത്തിൽ എം.എ. ബിരുദം നേടി. വടവാതൂർ സെമിനാരിയിൽ തിയോളജി പഠനം നടത്തി 03-03-1977 ൽ പൗരോഹിത്യം സ്വീകരിച്ചു.

ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ അസി. വികാരിയായി 28-06-1977 ൽ സേവനം ആരംഭിച്ചു. തുടർന്ന് വൊക്കേഷൻ ബ്യൂറോ, KCSL എന്നീ സംഘടനകളുടെ ഡയറക്ടറായിരുന്നു. പിന്നീട് കുറിച്ചി, തെക്കേക്കര, പങ്ങട, മണലാടി, നെടുമുടി, രാജമറ്റം, വടക്കേക്കര, ചുങ്കപ്പാറ എന്നീ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. 11-11-2006 ൽ അനാരോഗ്യംമൂലം പ്രീസ്റ്റ്ഹോമിൽ പ്രവേശിച്ചു. 11-12-2022 ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

സെമിനാരി മുതൽ സഹപാഠികളായ ഞങ്ങൾക്കു 'കുഞ്ഞ്' എന്നും പ്രിയനും ബഹുമാന്യനും സ്വീകാര്യനുമായിരുന്നു. തമാശകൾ പറയാൻ വളരെ സാമർത്ഥ്യമുള്ള ഫിലിപ്പച്ചൻ എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു. ദൈവവിളിയെ പ്രോത്സാഹിപ്പിക്കുവാൻ ഫിലിപ്പച്ചൻ വളരെ ശ്രദ്ധിച്ചിരുന്നു. കെ.സി.എസ്.എൽ, വൊക്കേഷൻ ബ്യൂറോ ഡയറക്ടർ എന്നീ തലങ്ങളിൽ പ്രവർത്തിച്ചതു ദൈവവിളിയെ പ്രോത്സാഹിപ്പിക്കുവാൻ സഹായകരമായി. അദ്ദേഹം സേവനങ്ങൾ ചെയ്തിട്ടുള്ള ഇടവകകളിൽ ദൈവവിളിയെ പ്രോത്സാഹിപ്പിക്കുകയും, ധാരാളം പേർ പൗരോഹിത്യ, സന്യസ്തജീവിതത്തിലേക്കു പ്രവേശിക്കുവാൻ ഇടയാക്കുകയും ചെയ്തിട്ടുണ്ട്.

ഫിലിപ്പച്ചൻ ഒരു ലോലഹൃദയനായതിനാൽ മനുഷ്യരുടെ വിഷമങ്ങളിലും സങ്കടങ്ങളിലും മനസ്സലിവ് ഉണ്ടായി അവയ്ക്കു പരിഹാരം ഉണ്ടാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. നല്ല സാമ്പത്തികശേഷിയുള്ള ഒരു കുടുംബമായിരുന്നു ഫിലിപ്പച്ചന്റേത്. തന്മൂലം വീട്ടിൽനിന്നു ലഭിച്ചിരുന്ന സാമ്പത്തികസഹായം അർഹിക്കുന്നവർക്കു നൽകുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. വലതുകൈ ചെയ്യുന്നതു ഇടതുകൈ അറിയരുത് എന്ന കർത്താവിന്റെ കല്പന അദ്ദേഹം പാലിച്ചിരുന്നു.

വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുന്നതിൽ ഫിലിപ്പച്ചൻ എന്നും ശ്രദ്ധിച്ചിരുന്നു. ചങ്ങനാശേരി കത്തീഡ്രൽപള്ളി മുതൽ ചുങ്കപ്പാറപള്ളി വരെയുള്ള സേവനകാലത്തു ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കുവാൻ ഫിലിപ്പച്ചനു സാധിച്ചിട്ടുണ്ട്. വളരെ ലളിതമായ ജീവിതമാണ് ഫിലിപ്പച്ചൻ നയിച്ചിരുന്നത്. വളരെയധികം സമ്പത്തിനു ഉടമയായിട്ടും തീർത്തും ലളിതമായ ജീവിതത്തോടായിരുന്നു അദ്ദേഹത്തിനു താല്പര്യം. സ്വന്തമായി ഒരു വാഹനം മേടിക്കുവാൻ കഴിവുണ്ടായിരുന്നിട്ടും അതൊക്കെ വേണ്ടെന്നുവെച്ചു ബസിലും കാൽനടയുമായിട്ടാണ് അദ്ദേഹം സഞ്ചരിച്ചിരുന്നത്. ഫിലിപ്പച്ചൻ ബഹു. മാത്യു വെള്ളാനിക്കലച്ചന്റെ സെനക്കിൾ കൂട്ടായ്മയിലെ അംഗമായിരുന്നു. മാസംതോറുമുള്ള മീറ്റിംഗിൽ അദ്ദേഹം സംബന്ധിച്ചിരുന്നു. വൈദികകൂട്ടായ്മ, ദൈവവചനപഠനം, ധ്യാനം, ജീവിതത്തിൽ ദൈവവചനം എങ്ങനെ പ്രാവർത്തികമാക്കാം എന്നീ കാര്യങ്ങളാണ് ഈ വൈദികകൂട്ടായ്മ ലക്ഷ്യമാക്കിയിരിക്കുന്നത്.

അവസാനമായി, 'ഇതാ കാപട്യമില്ലാത്ത ഒരു ഇസ്രായേൽക്കാരൻ' (യോഹ:1:47) എന്നു നത്താനിയേലിനെക്കുറിച്ച് ഈശോമിശിഹാ പറഞ്ഞതു ഫിലിപ്പച്ചനെക്കുറിച്ചും പറയാമെന്നതാണ്. അത്ര നിഷ്കളങ്കനായിരുന്നു ഫിലിപ്പച്ചൻ. ലോകത്തിന്റെ കാപട്യവും വഞ്ചനയും തിന്മയും ഒന്നും ഫിലിപ്പച്ചനെ സ്വാധീനിച്ചിരുന്നില്ല. ദൈവത്തിന്റെയും മനുഷ്യരുടെയും മുന്നിൽ അദ്ദേഹമെന്നും നിർമലനായി ജീവിച്ചു, പ്രവർത്തിച്ചു. രോഗാവസ്ഥയിൽ ഏകദേശം 16 വർഷത്തോളം വൈദികമന്ദിരത്തിൽ ജീവിച്ചു. സഹപാഠികൾ ആരും വൈദികമന്ദിരത്തിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ 'ബഞ്ചമിനായ കുഞ്ഞ്' വൈദികമന്ദിരത്തിലെ അന്തേവാസിയായി, രോഗസഹജമായ വേദനകൾക്കിടയിലും ശാന്തനായി ജീവിച്ചു, ശാന്തനായി കടന്നുപോയ ഫിലിപ്പച്ചൻ ആനന്ദത്തോടെ ദൈവസന്നിധിയിൽ നിത്യസൗഭാഗ്യം അനുഭവിക്കാനിടയാകട്ടെ. ഫിലിപ്പച്ചന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

കുന്നുംപുറം ബഹു. ഫിലിപ്പ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾ 2022 ഡിസംബർ 13-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് രണ്ടിന് വായ്പൂർ ഓൾഡ് സെന്റ് മേരീസ് പള്ളിയിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. മാർ തോമസ് തറയിൽ എന്നിവരുടെ കാർമികത്വത്തിൽ നടത്തപ്പെട്ടു. ബഹു. ഫിലിപ്പച്ചന് അതിരൂപതാ വൈദികകൂട്ടായ്മയുടെ പ്രാർത്ഥനാപൂർവ്വകമായ യാത്രാമംഗളങ്ങൾ.

**ഫാ. മാത്യു പുത്തനങ്ങാടി**

## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

2022 ഡിസംബർ മാസം PPFA കുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ കുന്നുംപുറം ബഹു. ഫിലിപ്പ് അച്ചനെ നമ്മുടെ പ്രാർത്ഥനയിലോർക്കാം. എല്ലാ അംഗങ്ങളും ബഹു. അച്ചന്റെ നിയോഗത്തിൽ ഒരു വി. കുർബാനയർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവം,

**ഫാ. അഗസ്റ്റിൻ തൈപ്പറമ്പിൽ**
(ട്രഷറർ)

**ഫാ. തോമസ് ആര്യങ്കാല**
(സെക്രട്ടറി)

'ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് അവനും കുടുംബാംഗങ്ങളും അത്യന്തം ആനന്ദിച്ചു' (അപ്പ. പ്രവ. 16:34).

# 24-ാമത് ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവൻഷൻ

റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ നയിക്കുന്ന

# വചനാഭിഷേകം

2023 ഫെബ്രുവരി 21 ചൊവ്വ മുതൽ 25 ശനി വരെ

**ചങ്ങനാശേരി**
**സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ**
**വൈകുന്നേരം 4 മുതൽ 9 വരെ**

# 2023
# അതിരൂപതാ ബൈബിൾ കൺവൻഷന്റെ വിജയത്തിനായുള്ള പ്രാർത്ഥന

കർത്താവായ ദൈവമേ, ഞങ്ങൾ നടത്തുവാൻ പോകുന്ന അതിരൂപതാ ബൈബിൾ കൺവൻഷനെ അങ്ങേയ്ക്കു സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. കൺവൻഷനിലെ വചനധ്യാനത്തിലൂടെയും പരിശുദ്ധ ശുശ്രൂഷകളിലൂടെയും ഞങ്ങളുടെ കുടുംബത്തെയും ഈ ദേശത്തെ എല്ലാ കുടുംബങ്ങളെയും അങ്ങ് അനുഗ്രഹിച്ചാശീർവദിക്കണമേ. വിശ്വാസവളർച്ചയ്ക്കും ദൈവാരാധനയ്ക്കും കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശുദ്ധീകരണത്തിനും രോഗസൗഖ്യത്തിനും തടസ്സം നിൽക്കുന്ന തിന്മയുടെ എല്ലാ ശക്തികളെയും അങ്ങ് പരാജയപ്പെടുത്തണമേ. കൺവൻഷന് നേതൃത്വം നൽകുന്നവരെയും ധ്യാനം നയിക്കുന്ന ഡാനിയേൽ പൂവണ്ണത്തിൽ അച്ചനെയും അതിൽ പങ്കെടുക്കുന്നവരെയും മൗണ്ട് കാർമ്മൽ മിനിസ്ട്രി ശുശ്രൂഷകരെയും റൂഹാദ്ക്കുദ്ശായാൽ നിറക്കണമേ. ബാവായും പുത്രനും റൂഹാദ്ക്കുദ്ശായുമായ സർവേശ്വരാ എന്നേക്കും, ആമ്മേൻ.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സിമ്പോസിയം

| | | |
|---|---|---|
| **ഉദ്ഘാടനം** | : | **മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത** |
| **ദിവസം & സമയം** | : | **20 ജനുവരി 2023; 10 മണി** |
| **സ്ഥലം** | : | **ആർച്ചുബിഷപ് ഹൗസ്, ചങ്ങനാശേരി** |
| **മോഡറേറ്റർ** | : | **വെരി റവ. ഡോ. വർഗീസ് താനമാവുങ്കൽ (സിഞ്ചെല്ലൂസ്)** |

**പേപ്പറുകൾ അവതരിപ്പിക്കുന്നവർ**

1. **റവ. ഡോ. സിബി പുതിയിടം OFM Cap.**
   വിഷയം : *അല്മായ ശക്തീകരണത്തിന് മൂന്നാംസഭയുടെ പങ്ക്*
2. **പ്രൊഫ. ജയിംസ് സെബാസ്റ്റ്യൻ**
   വിഷയം : *പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ആത്മീയജീവിതം*
3. **റവ. ഫാ. മൈക്കിൾ പറൂശ്ശേരിൽ OFM Cap.**
   വിഷയം : *സാമൂഹിക നീതിക്കുവേണ്ടി തീക്ഷ്ണതയോടെ പ്രവർത്തിച്ച പുത്തൻപറമ്പിൽ തൊമ്മച്ചൻ*
4. **റവ. സി. അനറ്റ് ചാലങ്ങാടി SABS**
   വിഷയം : *കേരളത്തിലെ സന്യാസിനിസഭകളുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും പുത്തൻപറമ്പിൽ തൊമ്മച്ചന്റെ പങ്ക്*
5. **റവ. സി. ലിസ് മേരി FCC**
   വിഷയം : *പുത്തൻപറമ്പിൽ തൊമ്മച്ചന്റെ താപസജീവിതവും തീർത്ഥാടനങ്ങളും*

**ഡോ. ഡൊമിനിക് ജോസഫ്**
(സെക്രട്ടറി)

**ഡോ. രേഖാ മാത്യൂസ്**
**ആന്റണി തോമസ് മലയിൽ**
(ജോ. സെക്രട്ടറിമാർ)

## പ്രത്യേക ശ്രദ്ധയ്ക്ക്

15-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത മീറ്റിംഗ് (ഫോട്ടോ സെഷൻ ഉൾപ്പടെ) ഫെബ്രുവരി 18-ന് ശനിയാഴ്ച നടത്തുന്നു. മുഴുവൻ അംഗങ്ങളുടെയും സാന്നിധ്യം സവിനയം അഭ്യർത്ഥിക്കുന്നു.

# പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി

**സിഞ്ചെല്ലൂസിനു സ്വീകരണവും ക്രിസ്മസ് ആഘോഷവും**

പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതിയുടെ ചുമതലയുള്ള സിഞ്ചെല്ലൂസായി ചുമതലയേറ്റ വെരി റവ. ഡോ. വർഗീസ് താനമാവുങ്കലിന് ഡിസംബർ 14 ന് സമിതി മീറ്റിംഗിൽ സ്വീകരണം നൽകുകയും ആശംസകളറിയിക്കുകയും ചെയ്തു. തുടർന്ന് ക്രിസ്തുമസ് ആഘോഷം നടത്തപ്പെട്ടു. സമിതിയംഗം ഡോ. റൂബിൾ രാജ് ക്രിസ്തുമസ് സന്ദേശം നൽകി. ആലപ്പുഴ റൈറ്റേഴ്സ് ഫോറം ചെറുകഥാ പുരസ്കാരം സ്വന്തമാക്കിയ സമിതിയംഗം ശ്രീ. ബിനു കുര്യാക്കോസിന് അഭിനന്ദനങ്ങൾ നേർന്നു.

**വിഴിഞ്ഞത്തിന്റെ വികസനം ഇരകളെ സൃഷ്ടിച്ചുകൊണ്ടാകരുത്: ജാഗ്രതാസമിതി**

വിഴിഞ്ഞം വാണിജ്യ തുറമുഖപദ്ധതിയുടെ വരവോടെ ഭൂമിയും കിടപ്പാടവും ജീവിതമാർഗവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തീരദേശജനത അനുഭവിക്കുന്ന പ്രതിസന്ധി ഗുരുതരമാണ്. വികസനപദ്ധതികൾ നാടിന്റെ പുരോഗതിക്ക് അനിവാര്യമാണ്. എന്നാൽ, ഇരകളെ സൃഷ്ടിച്ചുകൊണ്ടല്ല വികസനപദ്ധതികൾ നടപ്പിലാക്കേണ്ടത്. നിലനിൽപ്പിനുവേണ്ടിയുള്ള സമരങ്ങളെ ദേശവിരുദ്ധമായും സാമൂഹ്യപ്രവർത്തകരെ വിദേശപണം കൈപ്പറ്റുന്നവരായും തീവ്രവാദ ബന്ധമുള്ളവരായും ചിത്രീകരിക്കുന്നത് അപലപനീയമാണ്. ഈ ജനതയോടും അവർക്കു നേതൃത്വം കൊടുക്കുന്ന ലത്തീൻ സഭാ വൈദികരോടും സംസ്ഥാന സർക്കാർ അനുഭാവപൂർവമുള്ള നിലപാടു സ്വീകരിക്കാൻ തയ്യാറാകണം. ഈ വിഭാഗത്തിന്റെ മുഴുവൻ പ്രശ്നങ്ങളും ഇതോടൊപ്പം ചർച്ച ചെയ്യണം. ഇവർക്ക് തക്കതായ നഷ്ടപരിഹാരം നൽകി പുനഃരധിവസിപ്പിക്കാൻ സർക്കാർ തയ്യാറാകണം. വിഴിഞ്ഞത്തിന്റെ പുനഃരധിവാസ പ്രവർത്തനങ്ങൾ മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരുമടങ്ങുന്ന ഉന്നതാധികാര സമിതി രൂപീകരിച്ചു വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ ഏറ്റവും കാര്യക്ഷമമായി പൂർത്തീകരിക്കണം. ഓഖി ദുരന്തത്തിനുശേഷവും വിഴിഞ്ഞം പദ്ധതിയുടെ പ്രാരംഭ സമയത്തും സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാര, പുനഃരധിവാസപാക്കേജുകൾ എത്രമാത്രം നടപ്പിലാക്കി എന്നതിനെക്കുറിച്ചു ധവളപത്രം പുറപ്പെടുവിക്കണം. ആറ് ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കും എന്നുപറഞ്ഞ വിഴിഞ്ഞം പാക്കേജ് ആറുവർഷം കഴിഞ്ഞിട്ടും നടപ്പിലാക്കാത്തതിന്റെ കാരണം പൊതുസമൂഹത്തിന് അറിയേണ്ടതുണ്ട്. പദ്ധതിപ്രദേശത്തെ സുരക്ഷ കേന്ദ്രസേനയെ ഏൽപ്പിക്കാനുള്ള നീക്കം പ്രതിഷേധാർഹമാണ്. അതിനുപകരം പ്രശ്നപരിഹാരത്തിനുള്ള സത്വര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും ശരിയായ പാരിസ്ഥിതിക അനുമതിയോടെയാണോ വിഴിഞ്ഞം പദ്ധതി മുമ്പോട്ടു കൊണ്ടു പോകുന്നതെന്നു സർക്കാർ വ്യക്തമാക്കണമെന്നും ചങ്ങനാശേരി അതിരൂപത പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി ആവശ്യപ്പെട്ടു.

ചങ്ങനാശേരി അതിരൂപത പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതിക്കുവേണ്ടി,

**അഡ്വ. ജോജി ചിറയിൽ**
(പി.ആർ.ഒ.)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)

# മീഡിയാ അപ്പോസ്തലേറ്റ് ചങ്ങനാശേരി

MAC

അതിരൂപതാ മാധ്യമ പ്രേഷിതവിഭാഗമായ MAC TEAM ന്റെ ക്രിസ്തുമസ് പുതുവത്സരാശംസകൾ!!!

## MY PARISH

My Parish Online software ന്റെ തുടർപ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഫൊറോനാ ഡയറക്ടേഴ്സിന്റെയും മറ്റു ഭാരവാഹികളുടെയും സഹായത്തോടെയാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. നമ്മുടെ അതിരൂപതയിൽ സ്മാർട്ട് ഫോണുള്ള മുഴുവൻ ആളുകളിലേയ്ക്കും മാധ്യമ പ്രേഷിതവിഭാഗം ഒരുക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ എത്തിക്കുകയെന്നത് നമ്മുടെ വലിയ ലക്ഷ്യമാണ്. അതുവഴി അതിരൂപതയുടെ ആത്മീയ ഭൗതിക സാധ്യതകൾ എല്ലാവരിലും വേഗത്തിലെത്തിക്കാൻ സാധിക്കുകയും അതിരൂപത മുഴുവൻ പരസ്പരം വലിയ ഒരു നെറ്റ്‌വർക്ക് സിസ്റ്റത്തിലാവുകയും ചെയ്യും.

എന്തെങ്കിലും സംശയമോ മറ്റു സപ്പോർട്ടോ ആവശ്യമുണ്ടെങ്കിൽ 8848390930, 9495112288, 9496935651 ഈ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

## MAC TV, MAC RADIO

നമ്മുടെ അതിരൂപതയുടെ ഔദ്യോഗിക യുട്യൂബ് ചാനലായ MAC TV യിലൂടെയും ONLINE RADIO ആയ MAC RADIO യിലൂടെയും ലഭ്യമാകുന്ന ശുശ്രൂഷകളെ പരമാവധി പ്രയോജനപ്പെടുത്താൻ എല്ലാവരും ശ്രമിക്കുമല്ലോ. അതിരൂപതയുടെ ബൈബിൾ അപ്പോസ്തലേറ്റ് – കുടംബക്കൂട്ടായ്മകളോടു ചേർന്നു നടക്കുന്ന നൂറുമേനി വചനപഠന പരമ്പരയ്ക്കു സഹായകമായതരത്തിൽ എല്ലാദിവസവും പുറത്തിറങ്ങുന്ന പഠനസഹായി MAC RADIO യുടെ പോഡ്കാസ്റ്റിൽ ലഭ്യമാണ്.

MAC TV മെഡ്‌ലോഞ്ചസുമായി ചേർന്നു സംഘടിപ്പിച്ച CRIS MAC SEASON 3 കരോൾഗാന മത്സരത്തിൽ യഥാക്രമം ഫാത്തിമാ മാതാ ഫാത്തിമാപുരം, സേക്രട്ട് ഹാർട്ട് ചെത്തിപ്പുഴ, സെന്റ് ജോസഫ് പുന്നക്കുന്നത്തുശേരി, മേരിമാതാ മരിയാപുരം, സെന്റ് മേരീസ് കത്തീഡ്രൽ ചങ്ങനാശേരി, ലൂർദ്ദ് മാതാ മാമ്മൂട്, സെന്റ് സേവ്യേഴ്സ് പുതുക്കരി, സെന്റ് ജോസഫ് വെരൂർ, ലിറ്റിൽ ഫ്ളവർ മാടപ്പള്ളി എന്നീ പള്ളികൾ പങ്കെടുത്തു. വിധികർത്താക്കളുടെ മാർക്കിനോടൊപ്പം യുട്യൂബിലെ വ്യൂസ്, ലൈക്ക്സ് എന്നിവയുടെയും അടിസ്ഥാനത്തിലാവും വിജയികളെ കണ്ടെത്തുന്നത്. ഡിസംബർ 31 വരെയുള്ള യുട്യൂബ് വ്യൂസ്, ലൈക്ക്സ് എന്നിവയാണ് പരിഗണിക്കപ്പെടുന്നത്.

## FACEBOOK PAGE

അതിരൂപതാ ദിനത്തിന്റെ ലോഗോയോടുകൂടിയ Changanacherry Archdiocese എന്ന ഫെയ്സ്ബുക്ക് പേജാണ് നമ്മുടെ അതിരൂപതയുടെ ഔദ്യോഗിക പേജ്. ചങ്ങനാശേരി അതിരൂപത എന്ന രീതിയിലുള്ള മറ്റു ചില പേജുകൾ ശ്രദ്ധയിൽ പെട്ടതിനാലാണ് ഇക്കാര്യം അറിയിക്കുന്നത്. MAC TV എന്ന ഫെയ്സ്ബുക്ക് പേജിലും നമ്മുടെ മീഡിയാ അപ്പോസ്തലേറ്റുമായി ബന്ധപ്പെട്ട പ്രധാനകാര്യങ്ങൾ പോസ്റ്റുചെയ്യാൻ ശ്രദ്ധിക്കുന്നുണ്ട്.

സ്നേഹപൂർവം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651) **ഫാ. ആന്റണി ഏത്തയ്ക്കാട്**
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ഒരു പുതുവത്സരത്തിലേക്കു നാം പ്രവേശിച്ചിരിക്കുന്നു. പിറവിത്തിരുനാൾ ആഘോഷങ്ങൾ നല്കിയ പുത്തൻ ഉണർവ് ഇനിയുള്ള ദിവസങ്ങളിൽ നമ്മുടെ വിശ്വാസപരിശീലനത്തെ കൂടുതൽ ഉത്തേജിപ്പിക്കണം. ഈ വിശ്വാസപരിശീലനവർഷത്തിന്റെ അവസാനഘട്ടത്തിലേക്കു നാം പതിയെ അടുക്കുകയാണ്. വർദ്ധിതമായ തീക്ഷ്ണതയോടെയും കൂടുതൽ ഉത്സാഹത്തോടെയും ഈ പുതിയ വർഷത്തിൽ നമ്മുടെ വിശ്വാസം പരിശീലിക്കാനും പ്രായോഗികമാക്കാനും നമുക്കു ശ്രദ്ധിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

## അറിയിപ്പുകൾ

**2023 ജനുവരി**

1 ഞായർ : പിറവിക്കാലം രണ്ടാം ഞായർ, ക്ലാസ്സ് – 30
3 ചൊവ്വ : വി. കുര്യാക്കോസ് ഏലിയാസ് ചാവറ
6 വെള്ളി : **ദനഹാത്തിരുനാൾ, കടമുള്ള ദിവസം**
7 ശനി : CLT Class - 22, **ബി.സി.റ്റി. കോഴ്സ്**
8 ഞായർ : ദനഹാക്കാലം ഒന്നാം ഞായർ, ക്ലാസ്സ് – 31
14 ശനി : CLT Class - 23, **ബി.സി.റ്റി. കോഴ്സ്**
15 ഞായർ : ദനഹാക്കാലം രണ്ടാം ഞായർ, ക്ലാസ്സ് – 32
20 വെള്ളി : വി. പത്രോസ് പൗലോസ് ശ്ലീഹന്മാർ
21 ശനി : CLT Class - 24, **ബി.സി.റ്റി. കോഴ്സ്**
22 ഞായർ : ദനഹാക്കാലം മൂന്നാം ഞായർ, ക്ലാസ്സ് – 33
26 വ്യാഴം : **മതാധ്യാപക നേതൃസംഗമം**
28 ശനി : CLT Class - 25
29 ഞായർ : ദനഹാക്കാലം നാലാം ഞായർ, ക്ലാസ്സ് – 34

**2023 ഫെബ്രുവരി**

4 ശനി : CLT Class - 26
5 ഞായർ : **സൺഡേസ്കൂൾ രണ്ടാം ടേം എഴുത്ത് പരീക്ഷ**
6 തിങ്കൾ : രണ്ടാം ടേം വാചികപരീക്ഷ ആരംഭിക്കുന്നു. (10, 11, 12 ക്ലാസ്സുകൾക്ക്)
11 ശനി : CLT Class - 27
18 ശനി : രണ്ടാം ടേം വാചികപരീക്ഷ അവസാനിക്കുന്നു. (10, 11, 12 ക്ലാസ്സുകൾക്ക്)

## ബി.സി.റ്റി. കോഴ്സ്

എല്ലാ മതാധ്യാപകർക്കും ഉണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതയായ ബി.സി.റ്റി. കോഴ്സിന്റെ Dayscholar Batch 2023 ജനുവരി മാസത്തെ ശനിയാഴ്ച കളിലായി (7, 14, 21) നടത്തപ്പെടുന്നു. **ഓൺലൈൻ രജിസ്റ്റർ ചെയ്തവരിൽ നിന്നും പങ്കെടുക്കാനുള്ളവരെ മുൻഗണനാക്രമത്തിൽ ഓഫീസിൽനിന്നും അറിയിക്കുന്നതാണ്.** സർട്ടിഫിക്കറ്റ് ലഭിക്കാൻ മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നു ദിവസങ്ങളിലും പൂർണ്ണമായും പങ്കെടുത്തിരിക്കണം. *കോഴ്സ് ഫീസ്:* 500 രൂപ. *സ്ഥലം:* സന്ദേശനിലയം, *സമയം:* രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. വികാരിയച്ചന്റെ സാക്ഷ്യപത്രം നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

## അതിരൂപതാ മതാധ്യാപക നേതൃസംഗമം 2023

അതിരൂപതാ മതാധ്യാപക നേതൃസംഗമം 2023 ജനുവരി 26 വ്യാഴാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെ നേതൃസംഗമത്തിൽ ആദരിക്കുന്നതാണ്. ഫൊറോനാ ഓർഗനൈസർമാർ, സെക്രട്ടറിമാർ, CRT അംഗങ്ങൾ, അതിരൂപതയിലെ മുഴുവൻ സൺഡേസ്കൂളിലെയും ഹെഡ്മാസ്റ്റേഴ്സ് എന്നിവർ പങ്കെടുക്കേണ്ടതാണ്. രജി. ഫീസ്. 100 രൂപ. മതാദ്ധ്യാപനരംഗത്തെ ജൂബിലേറിയൻസിന്റെ ബയോഡേറ്റ, ഫോട്ടോ, വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവ ഇനിയും നൽകുവാനുള്ള വർ 2023 ജനുവരി 10 നകം സന്ദേശനിലയം ഓഫീസിൽ എത്തിക്കേണ്ടതാണ്.

## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

രണ്ടാം ടേം പരീക്ഷ ഒന്നാം ടേമിലേതുപോലെതന്നെ എഴുത്ത്, വാചിക പരീക്ഷകൾ ഉൾക്കൊള്ളുന്നതാണ്. എഴുത്തുപരീക്ഷ ഫെബ്രുവരി 5 ഞായ റാഴ്ചയാണ്. 1 മുതൽ 7 വരെ ക്ലാസ്സുകൾക്കു രാവിലെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞുമാണ് പരീക്ഷ നടത്തേണ്ടത്. 10, 11, 12 ക്ലാസ്സുകൾക്കു വാചികപരീക്ഷ ഫെബ്രുവരി 18 നു മുമ്പായി അവസാനിപ്പിക്കേണ്ടതുമാണ്.

## വിശ്വാസോത്സവം 2022

ഈ വർഷത്തെ വിശ്വാസോത്സവത്തിന്റെ വിഷയം വി. തോമ്മാശ്ലീഹായും വിശ്വാസസാക്ഷ്യവുമാണ്. ഏപ്രിൽ 1 മുതൽ 15 വരെയുള്ള തീയതികളിലായി വിശ്വാസോത്സവം ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്കായുള്ള വിശ്വാസോ ത്സവത്തിന്റെ പരിശീലനം ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടക്കും. തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

## ആഘോഷമായ വി. കുർബാന സ്വീകരണത്തിനുള്ള പുസ്തകം

ആഘോഷമായ വി. കുർബാന സ്വീകരണ ഒരുക്കത്തിനായി ഈ വർഷം സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ പുറത്തിറക്കിയിരിക്കുന്ന 'ഈശോയെ സ്വീകരിക്കാൻ' എന്ന പുസ്തകമാണ് ഉപയോഗിക്കുക. പുസ്തകം സന്ദേശ നിലയം ഓഫീസിൽ ലഭ്യമാണ്.

*ശേഷം പേജ് 40 ൽ.....»*

ഈശോയിൽ സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

പുത്തൻ പ്രതീക്ഷകളും തീരുമാനങ്ങളുമായി പുതിയ വർഷത്തേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ദൈവാനുഗ്രഹപ്രദമായ ഒരു വർഷം ആശംസിക്കുന്നു. കഴിഞ്ഞ 28-ാം തീയതി ചങ്ങനാശേരിയെ ചെമ്മഞ്ഞക്കൊടിതോരണങ്ങളാലും തീക്ഷ്ണത ജ്വലിക്കുന്ന മുദ്രാവാക്യങ്ങളാലും മുഖരിതമാക്കിയ എല്ലാ കുഞ്ഞുമിഷനറിമാർക്കും അതിന്റെ പിന്നിൽ പ്രവർത്തിച്ച വികാരിയച്ചന്മാർ, ശാഖാ-മേഖലാ ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർമാർ, ഓർഗനൈസിംഗ് ഭാരവാഹികൾ, അതിരൂപതാ ഭാരവാഹികൾ സർവ്വോപരി നല്ലവനായ ദൈവത്തിനും നന്ദിപറയുന്നു. ഈ പ്രേഷിതതീക്ഷ്ണത കൂടുതൽ കൂടുതൽ ഉജ്ജ്വലിപ്പിക്കുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2023 ജനുവരി**

6 വെള്ളി : ദനഹാത്തിരുനാൾ, കടമുള്ള ദിവസം
14 ശനി : ബൈബിൾ കയ്യെഴുത്തുപ്രതി മിഷൻലീഗ് ഓഫീസിൽ ഏല്പിക്കേണ്ട അവസാന തീയതി
20 വെള്ളി : വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ
21 ശനി : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച 'സ്നേഹവീടുകളിലേയ്ക്ക്' ശാഖയിൽ

**2023 ഫെബ്രുവരി**

5 ഞായർ : സൺഡേസ്കൂൾ രണ്ടാം ടേം എഴുത്ത് പരീക്ഷ
11 ശനി : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച

### ശാഖാ–മേഖലാ–അതിരൂപതാ തിരഞ്ഞെടുപ്പ്

2023-24 പ്രവർത്തനവർഷത്തിൽ ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃനിരയിൽ വരേണ്ടവരുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. സംഘടനയെ ഈശോയുടെ ചൈതന്യത്തിൽ വളർത്താൻ കഴിയുന്ന നേതൃത്വത്തെ ശാഖാ-മേഖലാതലങ്ങളിൽ കണ്ടെത്തുമല്ലോ. ഈ ഭാരവാഹികളുടെ പ്രവർത്തന കാലാവധി ഒരുവർഷമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. 2023-24 പ്രവർത്തനവർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് അഭി. പിതാവിന്റെ സർക്കുലർ പ്രകാരം (22 ch. 277- 358) കുടുംബക്കൂട്ടായ്മ അടിസ്ഥാനത്തിലായിരിക്കും. കുടുംബക്കൂട്ടായ്മാതല ഭാരവാഹികളിൽനിന്നുമാണ് ശാഖാതലഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. ശാഖാതല ഭാരവാഹികളിൽനിന്നു മേഖലാതല ഭാരവാഹികളുടെ

തിരഞ്ഞെടുപ്പ് 2023 ഫെബ്രുവരി മാസത്തിൽ നടത്തി ലിസ്റ്റ് മാർച്ച് 12-നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ്.

**കയ്യെഴുത്തു മാസിക**

ശാഖാ അടിസ്ഥാനത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന കയ്യെഴുത്തു മാസിക 2023 ഏപ്രിൽ 15 ന് അതിരൂപതാ ഓഫീസിൽ ഏല്പ്പിക്കേണ്ടതാണ് (വിശദവിവരങ്ങൾക്കു മാർഗ്ഗരേഖ പേജ് 38 കാണുക).

**പ്രത്യേക ശ്രദ്ധയ്ക്ക്**

അതിരൂപതാ വിഹിതവും ദൈവവിളിഫണ്ടും നൽകുവാനുള്ളവർ എത്രയും വേഗം അടയ്ക്കേണ്ടതാണ്.

---

*» സന്ദേശനിലയം തുടർച്ച...*

**പ്രത്യേക ശ്രദ്ധയ്ക്ക്**

പാഠപുസ്തകങ്ങളുടെ തുകയും മതബോധനവിഹിതവും നൽകാനുള്ള വർ എത്രയുംവേഗം സന്ദേശനിലയം ഓഫീസിൽ അടയ്ക്കേണ്ടതാണ്.

**ആദരാഞ്ജലികൾ**

പുന്നമട സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ജെ. തോമസ് പാക്കള്ളി യുടെയും പഴയേരൂർ സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് സി. ലെനി ഗ്രെയ്സ് പുത്തന്നൂർ SABS ന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## പ്രാർത്ഥനാശംസകൾ



സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ വൈസ് ചാൻസിലറായി 2023 ജനുവരി 3 ന് ചുമതലയേൽക്കുന്ന നമ്മുടെ അതിരൂപതാംഗമായ

**മറ്റത്തിൽ ബഹു. ജോസഫ് (പ്രകാശ്) അച്ചന്**

അതിരൂപതാ കുടുംബത്തിന്റെ
**പ്രാർത്ഥനാശംസകൾ**

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ ഒരു പുതുവർഷം ഏവർക്കും ആശംസിക്കുന്നു. ഇതുവരെ നമ്മെ നടത്തിയ ദൈവത്തിനു നമുക്കു നന്ദി പറയാം. ഈ വർഷം നമ്മൾ നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന എല്ലാ പരിപാടികളിലും നല്ല സഹകരണം നൽകി വിജയിപ്പിക്കണമെന്നു സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

പ്രാർത്ഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

### ഡയറക്ടേഴ്സ് മീറ്റ്

കുടുംബക്കൂട്ടായ്മ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ സമ്മേളനം ജനുവരി 03 ചൊവ്വാഴ്ച രാവിലെ 10 മുതൽ അതിരൂപതാകേന്ദ്രത്തിൽ നടക്കുന്നതാണ്. അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും അഭി. മാർ തോമസ് തറയിൽ പിതാവിന്റെയും മഹനീയ സാന്നിധ്യം മീറ്റിംഗിൽ ഉണ്ടായിരിക്കുന്നതാണ്. എല്ലാ ഫൊറോനാ ഡയറക്ടേഴ്സും ഈ ദിവസം മീറ്റിംഗിനായി മാറ്റിവെക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

### അതിരൂപതാ ബൈബിൾ കൺവൻഷൻ

ആണ്ടുതോറും നാം നടത്തിവരുന്ന അതിരൂപതാ ബൈബിൾ കൺവൻഷൻ ഈ വർഷം ഫെബ്രുവരി 21 ചൊവ്വാ മുതൽ 25 ശനി വരെ വൈകിട്ട് 4 മുതൽ 9 വരെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പാരിഷ്ഹാളിൽ നടക്കുന്നതാണ്. മുൻവർഷങ്ങളിലേതുപോലെ കൺവൻഷനുള്ള ഒരുക്ക സെമിനാർ ഫൊറോനാ തലത്തിൽ നടത്തുന്നു.

**സമയം: 2.30 pm - 4.30 pm വരെ**

| | | | |
|---|---|---|---|
| ചങ്ങനാശേരി | ജനുവരി 15 ഞായർ | തുരുത്തി | ജനുവരി 22 ഞായർ |
| തൃക്കൊടിത്താനം | ജനുവരി 29 ഞായർ | കുറുമ്പനാടം | ഫെബ്രുവരി 5 ഞായർ |

### നൂറുമേനി

നൂറുമേനി കൂട്ടായ്മാതല മത്സരങ്ങൾ ജനുവരി 30 നകം എല്ലാ ഇടവകകളിലും സംഘടിപ്പിക്കേണ്ടതാണ്. വചനം മനഃപാഠമാക്കുന്നതിനുള്ള ഈ അവസരം എല്ലാവരും പ്രയോജനപ്പെടുത്തുമല്ലോ. നൂറുമേനി ഇടവകതല മത്സരം ഫെബ്രുവരി 19 ന് എല്ലാ ഇടവകകളിലും നടത്തി വിജയികളുടെ ലിസ്റ്റ് മാർച്ച് 10 നകം അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. അതിരൂപതാ മത്സരം ഏപ്രിൽ 22 ന് 5 റീജനുകളായി തിരിച്ച് സംഘടിപ്പിക്കും. ഇതിൽ ഓരോ റീജനിലും ഒന്നാം സ്ഥാനത്ത് എത്തുന്ന 5 ടീമിന് മെയ് 6 ന് നടക്കുന്ന മാക് ടിവി ഗ്രാന്റ് ഫിനാലെയിലേയ്ക്കു പ്രവേശനം ലഭിക്കുന്നു. ഇതിൽ ആദ്യ അഞ്ച് സ്ഥാനങ്ങളിൽ എത്തുന്ന ടീമുകൾക്കു യഥാക്രമം 25000, 15000, 10000, 5000, 3000 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫികളും ലഭിക്കുന്നതാണ്. എല്ലാ ഇടവകകളിൽ നിന്നും ഈ മത്സരത്തിൽ പങ്കാളിത്തം ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**നൂറുമേനി മത്സരം (സന്യാസിനി - സന്യാസാർത്ഥിനികൾക്ക്)**

വിവിധ കോൺഗ്രിഗേഷനിലെ സിസ്റ്റേഴ്സിനായി നൂറുമേനി ബൈബിൾ മനഃപാഠമത്സരം ഏപ്രിൽ 1 ശനിയാഴ്ച സംഘടിപ്പിക്കുന്നു. ഓരോ കോൺഗ്രിഗേഷനിൽ നിന്നും ഒന്നാമതെത്തുന്ന മൂന്നുപേർക്കു മെയ് 1 തിങ്കളാഴ്ച 2.00 pm ന് നടക്കുന്ന അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. വിജയികൾക്കു ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകി ആദരിക്കുന്നു. നൂറുമേനി മത്സരം സന്യാസാർത്ഥിനികൾക്കും അന്നുതന്നെ സംഘടിപ്പിക്കുന്നതാണ്. ഓരോ കോൺഗ്രിഗേഷനിൽനിന്നും ഒന്നാമതെത്തുന്ന മൂന്നുപേർക്കു മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. മത്സരവിജയികൾക്കു ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകുന്നു.

**നൂറുമേനി മത്സരം (വൈദികവിദ്യാർത്ഥികൾക്ക്)**

ചങ്ങനാശേരി അതിരൂപതയിലെ വൈദികവിദ്യാർത്ഥികൾക്കായി 2023 മെയ് മാസം നടത്തുന്ന മേജർ ഗാതറിംഗിൽ നൂറുമേനി മത്സരം സംഘടിപ്പിക്കുന്നു. വിജയികൾക്കു യഥാക്രമം 3000, 2000, 1000 എന്ന ക്രമത്തിൽ ക്യാഷ് അവാർഡുകളും കൂടാതെ 10 പേർക്ക് പ്രോത്സാഹനസമ്മാനങ്ങളും നൽകുന്നു.

**കുടുംബക്കൂട്ടായ്മ പ്രതിനിധി തെരഞ്ഞെടുപ്പ്**

അഭി. പിതാക്കന്മാർ അറിയിച്ചിരുന്നതുപോലെ ജനുവരി 31 നകം എല്ലാ ഇടവകകളിലും കൂട്ടായ്മ പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഒരു ഇടവകയിൽനിന്നു പിതാക്കന്മാരുടെ ഭാഗത്തുനിന്നും ഒരു ജനറൽ കൺവീനറെയും മാതാക്കളുടെ ഭാഗത്തുനിന്നും ഒരു ജനറൽ സെക്രട്ടറിയെയും കൂടാതെ യൂണിറ്റുകളിൽനിന്നും യുവദീപ്തി പുരുഷ-വനിതാ പ്രസിഡന്റുമാർ, മിഷൻലീഗ് രണ്ടു വിഭാഗങ്ങളിൽ നിന്നുമുള്ള പ്രസിഡന്റുമാർ, ആനിമേറ്റർ സിസ്റ്റർ എന്നിവരുടെ പേര് വിവരങ്ങൾ ഫെബ്രുവരി 10 നകം ഓഫീസിൽ അറിയിക്കണമേ. ഫെബ്രുവരി 28 നകം ഫൊറോനാതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടക്കേണ്ടതാണ്. മാർച്ച് 15 നകം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതാണ്. ആയതിനാൽ മേൽപ്രസ്താവിച്ച സമയങ്ങളിൽതന്നെ തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

**തോമാശ്ലീഹാ ക്വിസ്**

മാർത്തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 150-ാം വർഷാചരണ ഭാഗമായി കുടുംബക്കൂട്ടായ്മ ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ മാർത്തോമാ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

ഈ മത്സരത്തിനുള്ള പഠനഭാഗം ജനുവരി മുതലുള്ള സത്യദർശനത്തിലൂടെ നിങ്ങൾക്കു ലഭ്യമാണ്. 2023 ജൂലൈ 3 ന് ഓൺലൈനായി മത്സരം നടക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. എല്ലാവരും ഈ ക്വിസ് മത്സരത്തിൽ പങ്കെടുക്കുവാൻ മുൻകൂട്ടി ഒരുങ്ങുമല്ലോ.

**വിശ്വാസാഗ്നി കൺവൻഷൻ**

മാർത്തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 150-ാം വർഷാചരണത്തിന്റെ ഭാഗമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും വചനപ്രഘോഷകരായ വൈദിക-സന്യാസിനി-അല്മായ നേതൃത്വത്തിൽ ഫെബ്രുവരി 26 മുതൽ ഏപ്രിൽ 30 വരെയുള്ള ദിവസങ്ങളിൽ വിശ്വാസാഗ്നി കൺവൻഷൻ നടത്തുന്നതാണ്.

പ്രിയമുള്ളവരേ,

പിറവിത്തിരുനാൾ പിന്നിട്ട് നാമെല്ലാവരും പിറവിക്കാലത്തിന്റെ ആത്മീയ സ്മരണകളിലൂടെ നീങ്ങുകയാണല്ലോ. ജീവന്റെ തിരുനാൾ കാലമാണിത്. ജീവന്റെ മൂല്യത്തെക്കുറിച്ചു ധ്യാനിക്കാനും അതിന്റെ പ്രഘോഷകരാകാനും നമുക്കു കടമയുണ്ട്. എല്ലാ യൂണിറ്റുകളിലും 'ജീവൻ ജ്യോതി പ്രോലൈഫ് സെൽ' രൂപീകരിക്കുകയും അതിലൂടെ ജീവനെതിരായുള്ള എല്ലാ കടന്നുകയറ്റങ്ങളെയും തിരിച്ചറിഞ്ഞു നേരിടുവാൻ നാം സജ്ജരാവുകയും ചെയ്യേണ്ടതുണ്ട്. കോവിഡ് പ്രതിസന്ധിയെത്തുടർന്നു മങ്ങിപ്പോയ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ഇടവകകളിലും താല്പര്യവും സന്നദ്ധതയുമുള്ളവരിൽനിന്നു രണ്ടു കോർഡിനേറ്റർമാർ വീതം (ഒരു പുരുഷൻ, ഒരു വനിത) നിശ്ചയിച്ച്, അവർക്കു പ്രോലൈഫ് വിഷയത്തിൽ അറിവും പരിശീലനവും നൽകി പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനു ഏവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

മാതൃവേദി–പിതൃവേദിയുടെ 2021–22 കാലത്തെ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്ന പശ്ചാത്തലത്തിൽ പുതിയ ഭരണസമിതിയ്ക്കായുള്ള തിരഞ്ഞെടുപ്പ് വിവിധതലങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഊർജ്ജസ്വലരായ നേതൃത്വം ഉണ്ടാകുന്നത് കുടുംബനവീകരണയത്നങ്ങൾക്ക് ഊർജ്ജം പകരും. 2021 – 22 കാലയളവിലെ വിവിധഭരണസമിതികൾ പൂർത്തീകരിച്ച നല്ല കാര്യങ്ങൾ അനുകരിച്ചും തുടങ്ങിവച്ച സംരംഭങ്ങൾ പൂർത്തീകരിച്ചും പുതുമയുള്ള പരിപാടികൾക്കു രൂപം നൽകിയും 'കുടുംബത്തിലൂടെ ലോകത്തെ നവീകരിക്കുക' എന്ന ആദർശത്തെ നമുക്കു പ്രായോഗികമാക്കാം. ഏവർക്കും പ്രാർത്ഥനാശംസകൾ നേരുന്നു.

സ്നേഹപൂർവം,

**ഫാ. ബിജോ ഇരുപ്പക്കാട്ട്**
(അസി. ഡയറക്ടർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

## റിപ്പോർട്ട്

### പിതൃവേദി റൂബി ജൂബിലി ഉദ്ഘാടനം

പിതൃവേദിയുടെ **നാല്പതാം ജന്മവാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം** പിതൃവേദി ജന്മദിനമായ 2022 ഡിസംബർ 4 ഞായറാഴ്ച അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ. എ.പി. തോമസ് അധ്യക്ഷതവഹിച്ചു. അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, മുൻ അതിരൂപതാ പ്രസിഡന്റുമാർ, മാതൃവേദി അതിരൂപതാ പ്രസിഡന്റ് ശ്രീമതി ആൻസി മാത്യു ചേന്നോത്ത് തുടങ്ങിയവർ സന്നിഹിതരായിരുന്നു. റൂബി ജൂബിലിയുടെ ഭാഗമായി പിതൃവേദി ആദ്യമാസം പൂർത്തിയാക്കുന്ന 40 ജീവകാരുണ്യശുശ്രൂഷകളുടെ പ്രഖ്യാപനമായ കാരുണ്യഫലകം, റൂബി ജൂബിലി സന്ദേശം സംവഹിക്കുന്ന ലോഗോ എന്നിവ അഭി. പിതാവ്

അനാച്ഛാദനം ചെയ്തു. പിതൃവേദിയുടെ മുൻ അതിരൂപതാ പ്രസിഡന്റുമാരെ ആദരിച്ചു. അതിരൂപതയിലെ യൂണിറ്റുകളിൽ പതാക ഉയർത്തിക്കൊണ്ട് റൂബി ജൂബിലി ആഘോഷപരിപാടികൾക്കു തുടക്കം കുറിച്ചു.

**അതിരൂപതാ സമിതിയോഗം**

2022 പ്രവർത്തനവർഷത്തിലെ മികച്ച ഫൊറോനകൾ, യൂണിറ്റുകൾ, മോഡൽ യൂണിറ്റുകൾ എന്നിവ വിലയിരുത്തുന്നതിനും അതിരൂപതാ വാർഷികം സംബന്ധിച്ചുള്ള കാര്യങ്ങൾ ആലോചിക്കുന്നതിനുമായി അതിരൂപതാ സമിതിയുടെ സംയുക്തയോഗം ഡിസംബർ 1 ന് ഓൺലൈനായും ഡിസംബർ 14 ന് നേരിട്ടും നടത്തപ്പെട്ടു.

**അതിരൂപതാ വാർഷികം**

മാതൃവേദി-പിതൃവേദി അതിരൂപതാ വാർഷികം 2022 ഡിസംബർ 17 ന് ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിന്റെ പാരിഷ് ഹാളിൽ നടത്തപ്പെട്ടു. സഹായമെത്രാൻ മാർ തോമസ് തറയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പിതൃവേദി പ്രസിഡന്റ് ശ്രീ. എ.പി. തോമസ് അധ്യക്ഷത വഹിച്ചു. ചലച്ചിത്ര സംവിധായകനും നടനുമായ ശ്രീ. ജോണി ആന്റണി ആശംസകൾ അർപ്പിക്കുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ് വഴീപ്പറമ്പിൽ, മെത്രാപ്പോലീത്തൻ ഇടവക കോ-വികാർ റവ. ഫാ. ദേവസ്യ പുളിക്കാശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ചു. മാതൃവേദി അതിരൂപതാ പ്രസിഡന്റ് ശ്രീമതി ആൻസി മാത്യു ചേന്നോത്ത് സ്വാഗതവും അസി. ഡയറക്ടർ ഫാ. ബിജോ ഇരുപ്പക്കാട്ട് നന്ദിയും പറഞ്ഞു.

**പിതൃവേദി**

**മികച്ച ഫോറോനകൾ**

I. ആലപ്പുഴ II. തിരുവനന്തപുരം III. ചങ്ങനാശേരി

**മികച്ച യൂണിറ്റുകൾ**

I. പൊങ്ങുംമൂട് II. മണ്ണാർകുന്ന് III. കരിമ്പനക്കുളം

**മോഡൽ യൂണിറ്റുകൾ**

തത്തംപള്ളി, തേക്കുപാറ, നർബോനപുരം, ചെത്തിപ്പുഴ, കിഴക്കേ മിത്രക്കരി, കുറ്റിക്കോണം, ചേപ്പുംപാറ, മുടിയൂർക്കര, മാടപ്പള്ളി, നെടുങ്കുന്നം, രാമങ്കരി, തൃക്കൊടിത്താനം, പൊടിപ്പാറ.

**മാതൃവേദി**

**മികച്ച ഫൊറോനകൾ**

I. തിരുവനന്തപുരം II. ചമ്പക്കുളം III. ചങ്ങനാശേരി

**മികച്ച യൂണിറ്റുകൾ**

I. വെട്ടിമുകൾ II. പൊങ്ങുംമൂട് III. മെത്രാപ്പോലീത്തൻ

**മോഡൽ യൂണിറ്റുകൾ**

പുറക്കാട്, തേക്കുപാറ, കൊണ്ടാക്കൽ, കിഴക്കേ മിത്രക്കരി, കുറ്റിക്കോണം,

അയർക്കുന്നം, കുടമാളൂർ, മാന്നില, മണിമല ന്യൂ, നെടുംകുന്നം, വെളിയനാട് നോർത്ത് (കേസറിയ), നാലുകോടി, കുറിച്ചി.

**കുടുംബജ്യോതി**

**കൂടുതൽ വരിക്കാർ**

I. വെരൂർ II. തത്തംപള്ളി III. തെള്ളകം (പുഷ്പഗിരി)

**സമ്പൂർണ്ണ കുടുംബജ്യോതി ഇടവകകൾ**

മണ്ണാർകുന്ന്, വിതുര, ആനക്കുളം

## അറിയിപ്പ്

**യൂണിറ്റ് തെരഞ്ഞെടുപ്പ്**

ഓരോ ഫൊറോനയിൽ നിന്നുമുള്ള അറിയിപ്പനുസരിച്ചു യൂണിറ്റുകൾ തെരഞ്ഞെടുപ്പ് പൂർത്തിയാക്കി ഭാരവാഹികളുടെ പേരും സംഘടനകളുടെ അഫിലിയേഷൻ ഫീസും ഫൊറോനാ ആനിമേറ്റേഴ്സിനെ ഏൽപ്പിക്കുക. ഫൊറോനാ ആനിമേറ്റേഴ്സ് ഫൊറോനാ തെരഞ്ഞെടുപ്പിനു മുമ്പുതന്നെ യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റും അഫിലിയേഷൻ ഫീസും അതിരൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫൊറോനാ തെരഞ്ഞെടുപ്പ്**

ജനുവരി 17 നുള്ളിൽ ഫൊറോനാ ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ ഓഫീസിൽ ലഭിക്കത്തക്കവിധം ഫൊറോനാ തെരഞ്ഞെടുപ്പ് നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോനാ ഡയറക്ടർമാരും ആനിമേറ്റർമാരും ദയവായി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അതിരൂപതാ തെരഞ്ഞെടുപ്പ്: 2023 ജനുവരി 21 ശനി**

**പ്രോലൈഫ് കോർഡിനേറ്റേഴ്സ് മീറ്റ്**

ജീവൻജ്യോതി പ്രോലൈഫ് സെൽ യൂണിറ്റ് കോർഡിനേറ്റേഴ്സിന്റെയും സജീവപ്രവർത്തകരുടെയും പരിശീലനസെമിനാർ **2023 ജനുവരി 14 ശനിയാഴ്ച രാവിലെ 10 മുതൽ** പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു.

**പ്രവർത്തനവർഷ ഉദ്ഘാടനം**

മാതൃവേദി-പിതൃവേദി സംഘടനകളുടെ 2023 അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം **ജനുവരി 26 വ്യാഴാഴ്ച രാവിലെ 10.30** ന് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു.

## വിവാഹ ഒരുക്ക ധ്യാനം

| 2023 JANUARY | | 2023 FEBRUARY | |
|---|---|---|---|
| 02, 03, 04 | CHRY | 11, 12, 13 | CHRY |
| 09, 10, 11 | CHRY | | |
| 16, 17, 18 | ZION | | |
| 23, 24, 25 | CHRY | | |

**കൂടുതൽ വിവരങ്ങൾക്ക്**

0481 2424476
9447016240
വിളിക്കേണ്ട സമയം:
10 am - 5 pm

ളായിക്കാട് സെന്റ് ജോസഫ്സ് ഇടവകയുടെ
ആഭിമുഖ്യത്തിൽ



## രണ്ടാമത് അതിരൂപതാതല
# ബൈബിൾ ക്വിസ് മത്സരം 2023

ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി ളായിക്കാട് സെന്റ് ജോസഫ്സ് സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ ഈ ഇടവകാംഗവും മിഷനറി വൈദികനുമായ റവ. ഡോ. മാത്യു പുത്തൻപറമ്പിൽ (TOR) ന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ അനുസ്മരണാർത്ഥം **2023 ഫെബ്രുവരി** 19-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സൺഡേസ്കൂൾ കുട്ടികൾക്കും മതാദ്ധ്യാപകർക്കുമായി ക്വിസ് മത്സരം നടത്തപ്പെടുന്നു. ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

## പഠനഭാഗം

1. ജോഷ്വാ: 1-12
2. പ്രഭാഷകൻ: 23-26
3. മർക്കോസ്: 9-16
4. 1 കോറിന്തോസ്: 9-16

## സമ്മാനങ്ങൾ

**1-ാം സമ്മാനം**
**5000 രൂപയും എവർറോളിങ് ട്രോഫിയും**
**2-ാം സമ്മാനം**
**3000 രൂപയും എവർറോളിങ് ട്രോഫിയും**
**3-ാം സമ്മാനം**
**2000 രൂപയും എവർറോളിങ് ട്രോഫിയും**
**കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും**

### നിബന്ധനകൾ

1. **ഒരു സൺഡേസ്കൂളിൽ നിന്ന് മൂന്നുപേർ വീതമുള്ള രണ്ടു ടീമിനു മത്സരിക്കാം.**
2. **മത്സരത്തിൽ പങ്കെടുക്കുന്ന ടീം സൺഡേസ്കൂൾ ഡയറക്ടറുടെയോ എച്ച്.എം.ന്റെയോ സാക്ഷ്യപത്രവും 100 രൂപാ രജിസ്ട്രേഷൻ ഫീസും മത്സരദിവസം കൊണ്ടുവരേണ്ടതാണ്.**
3. **പങ്കെടുക്കാൻ താല്പര്യമുള്ളവർ ഫെബ്രുവരി 10 നു മുമ്പായി താഴെ പറയുന്ന ഫോൺ നമ്പറിൽ അറിയിക്കേണ്ടതാണ്.**
4. **ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള മത്സരമാണ് നടത്തപ്പെടുന്നത്.**
5. **ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.**

| *വികാരി* | *ഹെഡ്മാസ്റ്റർ* | *കൺവീനർ* |
| --- | --- | --- |
| **ഫാ. മാത്യു നടമുഖത്ത്** | **ഡി. ആന്റണി** | **ബാബു ചെറിയാൻ** |
| 9446985151 | 9446926763 | 9961219977 |

### പ്രത്യേകം ശ്രദ്ധിക്കുക

1. പങ്കെടുക്കുന്ന മൂന്നുപേരിൽ ഒരാൾ മതാദ്ധ്യാപകനൊ അല്ലെങ്കിൽ ഹയർ കോഴ്സ് വിദ്യാർത്ഥിയൊ ആയിരിക്കണം. മറ്റു രണ്ടു കുട്ടികൾ 10 വരെയുള്ള ക്ലാസ്സുകളിൽ നിന്നാകാം.
2. ചങ്ങനാശേരി അതിരൂപതയിലെ എല്ലാ സൺഡേസ്കൂളുകളുടെയും സാന്നിദ്ധ്യം ഞങ്ങളുടെ ഈ ഉദ്യമത്തിലേയ്ക്കു പ്രതീക്ഷിക്കുന്നു.

### സുവർണ്ണ ജൂബിലി വാരാഘോഷം: ഉദ്ഘാടനവും ഇരുചക്ര വാഹന റാലിയും

ചങ്ങനാശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എം. സുവർണ്ണ ജൂബിലി വാരാഘോഷങ്ങൾക്കു 2022 നവംബർ 27 ന് വൈകുന്നേരം 05.00 ന് അഞ്ഞൂറോളം ബൈക്കുകൾ അണിനിരന്ന ഇരുചക്ര വാഹനറാലിയോടെ തുടക്കം കുറിച്ചു. ഉദ്ഘാടനം നിർവഹിച്ച അഭി. മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ പക്കൽനിന്നും ഏറ്റുവാങ്ങിയ പതാക അതിരൂപതാ പ്രസിഡന്റ് ജോർജ് ജോസഫ് സമ്മേളന നഗരിയിൽ ഉയർത്തി. ചങ്ങനാശേരി അരമനയിൽനിന്നും കത്തീഡ്രൽ ദൈവാലയത്തിലേക്കുള്ള ഇരുചക്ര വാഹനറാലി ട്രാഫിക് എസ്.ഐ. ഡെൻസൻ ഫ്ളാഗ് ഓഫ് ചെയ്തു. അതിരൂപതയിലെ ഫൊറോനകളിലൂടെ പ്രയാണം പൂർത്തിയാക്കിയ പേടകങ്ങൾ മുൻകാല അതിരൂപതാ നേതാക്കന്മാർ ഏറ്റുവാങ്ങി. വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ, ഫാ. ആന്റണി ആനക്കല്ലുങ്കൽ, വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, റ്റോം തോമസ് എന്നിവർ പ്രസംഗിച്ചു.

### അഖണ്ഡ ആരാധന

2022 നവംബർ 28 ന് വൈകുന്നേരം 04.00 മുതൽ 30 ന് വൈകുന്നേരം 08.00 വരെ മെത്രാപ്പോലീത്തൻ കബറിടപള്ളിയിൽ അഖണ്ഡ ആരാധന നടന്നു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഫാ. ജോസഫ് പള്ളിച്ചിറയിൽ എന്നിവർ തിരി തെളിച്ച് ആരാധനയ്ക്കു തുടക്കം കുറിച്ചു. 18 ഫൊറോനകളിൽ നിന്നുള്ള നൂറുകണക്കിനു യുവജനങ്ങൾ വിവിധ സമയങ്ങളിലായി ആരാധനയിൽ പങ്കുചേർന്നു.

### പൂർവ്വകാല പ്രവർത്തക സ്മരണ

മരണമടഞ്ഞ പൂർവകാല പ്രവർത്തകരെ അനുസ്മരിച്ച് 2022 ഡിസംബർ 01 ന് വൈകുന്നേരം 05.00 ന് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വി. കുർബാനയും ഒപ്പീസും നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ മുഖ്യകാർമികത്വം വഹിച്ചു.

### പ്രവാസി യുവജന ഓൺലൈൻ സംഗമം

2022 ഡിസംബർ 01 വൈകുന്നേരം 08.30 ന് പ്രവാസി യുവജനസംഗമം ഓൺലൈനായി നടന്നു. സംഗമത്തിൽ അതിരൂപതയിലെ പ്രവാസികളായ യുവജനങ്ങളും മുൻകാല യുവദീപ്തി പ്രവർത്തകരും പങ്കെടുത്തു. ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ തോമസ് പാടിയത്ത് സംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ജോർജ് ജോസഫ് അധ്യക്ഷത വഹിച്ചു. മുൻ ഡയറക്ടർമാരായ റവ. ഫാ. സിറിയക്ക് ചിറ്റൂക്കളം, റവ. ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ എന്നിവർ സന്ദേശങ്ങൾ നൽകി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ ആമുഖസന്ദേശം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, അമല റേച്ചൽ ഷാജി, അമ്മു ബാബു എന്നിവർ പ്രസംഗിച്ചു. എൺപതോളം പേർ പങ്കെടുത്തു.

## ആനിമേറ്റേഴ്സ് മീറ്റ്

2022 ഡിസംബർ 02 ന് ഉച്ചയ്ക്കുശേഷം 02.30ന് ആനിമേറ്റേഴ്സിന്റെ സംഗമം മോൺ. സിറിയക് കണ്ടങ്കരി ഹാളിൽ നടന്നു. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ജയ്നെറ്റ് മാത്യു അധ്യക്ഷതവഹിച്ച യോഗം വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ജോർജ് ജോസഫ്, രേഷ്മ ദേവസ്യ, നേഹ ലെസ്‌ലി, ആനിമേറ്റേഴ്സിന്റെ പ്രതിനിധികൾ എന്നിവർ സംസാരിച്ചു. എഴുപത്തിയഞ്ചോളം പേർ പങ്കെടുത്തു.

## പൂർവ്വകാല പ്രവർത്തക സംഗമം

2022 ഡിസംബർ 03 ന് രാവിലെ 10.30 ന് പരി. കുർബാനയോടെ പൂർവകാല പ്രവർത്തക സംഗമത്തിനു തുടക്കമായി. റവ. ഡോ. തോമസ് വള്ളിയാനിപ്പുറം മുഖ്യകാർമ്മികത്വം വഹിച്ചു. വെരി റവ. ഡോ. മാണി പുതിയിടം വചനസന്ദേശം നൽകി. ഉച്ചഭക്ഷണത്തിനുശേഷം സെനറ്റ് കാലഘട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തകർ മുൻ ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ ഒന്നിച്ച് കൂടി ഓർമ്മകൾ പങ്കുവച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, റവ. ഡോ. തോമസ് വള്ളിയാനിപ്പുറം, വെരി റവ. ഫാ. ആന്റണി ഏത്തക്കാട്, റവ. ഫാ. മാത്യു കല്ലുകളം, റവ. ഫാ. അബ്രാഹം തർമ്മശ്ശേരി, റവ. ഫാ. ജേക്കബ് ചക്കാത്ര, വെരി റവ. ഫാ. ചെറിയാൻ കറുകപ്പറമ്പിൽ, മെബിൻ മാത്യു, ജോസ്ന തോമസ്, പ്രവർത്തക പ്രതിനിധികൾ എന്നിവർ സംസാരിച്ചു. ഇരുനൂറോളം പേർ പങ്കെടുത്തു.

## സുവർണ്ണ ജൂബിലി ആഘോഷ സമാപന സമ്മേളനം, യുവജന റാലി, സൈറ്റ് & സൗണ്ട് ഷോ

2022 ഡിസംബർ 4 ഉച്ചയ്ക്കുശേഷം 02.30 ന് ചങ്ങനാശേരി എസ്.ബി. കോളേജിൽനിന്നും സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിലേക്ക് യുവജന റാലി നടത്തപ്പെട്ടു. വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ഫ്ളാഗ് ഓഫ് ചെയ്ത റാലിയിൽ അഭി. മാർ തോമസ് തറയിൽ, അതിരൂപതാ ഭാരവാഹികൾ എന്നിവർ മുൻനിരയിൽ അണിനിരന്നു. അതിനു പുറകിലായി ഫൊറോനാ ഭാരവാഹികളുടെ നേതൃത്വത്തിൽ യുവജനങ്ങൾ റാലിയിൽ അണിചേർന്നു.

റാലിയെ തുടർന്ന് മെത്രാപ്പോലീത്തൻ ദൈവാലയ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ അതിരൂപതാ പ്രസിഡന്റ് ജോർജ് ജോസഫ് അധ്യക്ഷത വഹിച്ചു. ലോക്സഭാംഗം ഡോ. ശശി തരൂർ മുഖ്യാതിഥിയായ ചടങ്ങ് അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നൽകിയ വീഡിയോ സന്ദേശം പ്രദർശിപ്പിച്ചു. അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ, അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി

*ശേഷം പേജ് 51 ൽ.....»*

കെ.സി.എസ്.എൽ. പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിൽ സന്തോഷമുണ്ട്. ഏവർക്കും പുതുവത്സരാശംസകൾ നേരുന്നു.

ക്രിസ്തുമസിനോടനുബന്ധിച്ച് 'നക്ഷത്ര നിർമ്മാണ മത്സരം' 23 ന് വളരെ മനോഹരമായി ചങ്ങനാശേരിയിൽ നടന്നു. വിജയികളായവർക്ക് അഭിനന്ദനങ്ങൾ. ക്രൈസ്തവരുടെ പുണ്യദിനങ്ങളിൽ മറ്റു പരിപാടികൾ സംഘടിപ്പിക്കുന്ന സർക്കാർ നീക്കത്തിനെതിരെ അതിരൂപതാ കെ.സി.എസ്.എൽ. ശക്തമായി പ്രതിഷേധിച്ചു.

**സംസ്ഥാനതല കെ.സി.എസ്.എൽ. ദിനാഘോഷം**

വാഴപ്പള്ളി സെന്റ് തെരേസാസ് ഹൈസ്കൂളിൽ കെ.സി.ബി.സി എജ്യൂക്കേഷൻ ചെയർമാൻ അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ദിനാഘോഷം ഉദ്ഘാടനം ചെയ്തു. വിശ്വാസം, പഠനം, സേവനം എന്നീ മുദ്രാവാക്യങ്ങളിൽ അടിയുറച്ചു ജീവിക്കുമ്പോൾ വിദ്യാർഥികൾക്കു ശരിയായ ദിശാബോധം സാധ്യമാകുമെന്നും എത്രയേറെ പഠിച്ചാലും വായിച്ചാലും മനുഷ്യത്വപരമല്ലാത്ത പ്രവർത്തനങ്ങളും വികസനങ്ങളും ഒന്നിനും സഹായിക്കുകയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. കുട്ടികൾക്കു മനുഷ്യത്വപരമായ സമീപനമാണ് വിദ്യാഭ്യാസപ്രക്രിയയിലൂടെ ലഭിക്കേണ്ടതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അതിരൂപതാ കെ.സി.എസ്.എൽ. നടത്തുന്ന 'ഇൻസൈറ്റ്' എന്ന അതിതീവ്ര ലഹരിവിരുദ്ധ പ്രചാരണപരിപാടി ഉദ്ഘാടനം ചെയ്യുകയും സംഘടനയ്ക്കുവേണ്ടി മികച്ച സേവനം കാഴ്ചവച്ച ചങ്ങനാശേരി സെന്റ് ജോസഫ്സ് HSS പ്രിൻസിപ്പൽ ബഹു. സി. ക്ലാരിസ് സി.എം.സി. യെ ആദരിക്കുകയും ചെയ്തു. കെ.സി.എസ്.എൽ. സംസ്ഥാന ചെയർമാൻ മാസ്റ്റർ അശ്വിൻ ആന്റോ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ റവ. ഫാ. കുര്യൻ തടത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബേബി തദേവൂസ് പ്രസംഗിച്ചു.

കുറുമ്പനാടം സെന്റ് പീറ്റേഴ്സ് HSSൽ നടന്ന അതിരൂപതാ കെ.സി.എസ്.എൽ. കലോത്സവം വളരെ മനോഹരമായിരുന്നു. കലോത്സവത്തിലും സാഹിത്യോത്സവത്തിലുമായി രണ്ടായിരത്തിൽപരം കുട്ടികൾ പങ്കെടുത്തു.

**സാഹിത്യോത്സവ വിജയികൾ**

സാഹിത്യോത്സവത്തിൽ ചങ്ങനാശേരി സെന്റ് ആൻസ് ഗേൾസ് HS ഒന്നാം സ്ഥാനവും ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് HSS രണ്ടാം സ്ഥാനവും ചങ്ങനാശേരി സെന്റ് ജോസഫ് GHS മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ ചങ്ങനാശേരി സെന്റ് ജോസഫ് GHS ഒന്നാംസ്ഥാനവും നെടുംകുന്നം സെന്റ് തെരേസാസ് GHS രണ്ടാം സ്ഥാനവും ചങ്ങനാശേരി സെന്റ് ആൻസ് GHS മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹയർസെക്കന്ററി വിഭാഗം സാഹിത്യോത്സവത്തിൽ ചങ്ങനാശേരി സെന്റ് ജോസഫ് GHSS, നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് HSS എന്നിവർ ഒന്നാം സ്ഥാനം പങ്കിട്ടു. വാഴപ്പള്ളി

*ശേഷം പേജ് 59 ൽ.....»*

CARP ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ മുന്നാക്ക സമുദായ ഐക്യ മുന്നണി (MSAM)യുമായി ചേർന്ന് നവംബർ 24 വ്യാഴാഴ്ച ചങ്ങനാശേരി എസ്.എച്ച്. സ്കൂൾ ഓഡിറ്റോറിയത്തിൽ സാമ്പത്തിക സംവരണത്തെപ്പറ്റി ഏകദിന സെമിനാർ നടത്തി. സംവരണരഹിത സമുദായങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും സംവരണ മാനദണ്ഡങ്ങളെ സംബന്ധിച്ചും ഇഡബ്ല്യു എസ് ആനുകൂല്യങ്ങളെപ്പറ്റിയും അവലോകനവും ചർച്ചയും നടന്നു. മുന്നാക്ക സമുദായ കമ്മീഷൻ അംഗം അഡ്വ. മാണി വിതയത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷൻ കൺവീനർ മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. MSAM പ്രസിഡന്റ് ശ്രീ. എം. അരവിന്ദാക്ഷ കുറുപ്പ് അധ്യക്ഷനായിരുന്നു. ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ വിഷയവതരണം നടത്തി. കോർഡിനേറ്റേഴ്സും അതിരൂപതാ പ്രതിനിധികളും വിവിധ ക്രൈസ്തവ-ഹൈന്ദവ വിഭാഗങ്ങളിലെ നേതാക്കളും പങ്കെടുത്തു. സംവരണേതര സമുദായങ്ങളുടെ ഒരു ജോയിന്റ് പ്ലാറ്റ്ഫോം രൂപീകരിക്കാൻ തീരുമാനിക്കുകയും അതിന്റെ അഡ്ഹോക് കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. നവംബർ 30 ബുധനാഴ്ച 2.30ന് തിരുവനന്തപുരം മന്നം മെമ്മോറിയൽ നാഷണൽ ക്ലബ് ഹാളിൽ ദേശീയ മുന്നാക്ക സമുദായ ഐക്യവേദിയുടെ നേതൃത്വത്തിൽ നടത്തിയ മുന്നാക്ക സമുദായ നേതാക്കളുടെ സംഗമത്തിൽ വിവിധ സമുദായ നേതാക്കൾക്കൊപ്പം സീറോമലബാർ സഭയുടെ പ്രതിനിധിയെന്ന നിലയിൽ CARP കോർഡിനേറ്റർ ശ്രീ. ടോം ജോസഫ് ചമ്പക്കുളം പങ്കെടുത്തു. 2022 ഡിസംബർ 11 ന് കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടന്ന അതിരൂപതാ ന്യൂനപക്ഷാവകാശ ദിനാചരണത്തിൽ ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ പങ്കെടുത്തു സംസാരിച്ചു. 2022 ഡിസംബർ 17 ന് തിരുവനന്തപുരത്ത് സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ന്യൂനപക്ഷ ദിനാചരണത്തിൽ ചങ്ങനാശേരി അതിരൂപതയെയും സീറോ മലബാർ സഭയെയും പ്രതിനിധീകരിച്ച് വെരി റവ. ഫാ. ജോസഫ് കൈതപ്പറമ്പിൽ പങ്കെടുത്തു സംസാരിച്ചു.

2022 ഡിസംബർ 18 ന് ദേശീയ ന്യൂനപക്ഷാവകാശദിനം ഇരിങ്ങാലക്കുട രൂപതാസമ്മേളനത്തിൽ ‘സാമ്പത്തിക സംവരണത്തിന്റെ ആനുകാലിക പ്രസക്തി’യെപ്പറ്റി ഫാ. ജയിംസ് കൊക്കാവയലിൽ വിഷയാവതരണം നടത്തി സംസാരിച്ചു. അന്നേദിവസം CARP ന്റെ ആഭിമുഖ്യത്തിൽ ന്യൂനപക്ഷാവകാശ ദിനാചരണം വിവിധ ഇടവകകളിൽ നടത്തപ്പെട്ടു. സംവരണേതര സമുദായങ്ങൾ ഒത്തുചേർന്നു രൂപീകരിച്ച അഡ്ഹോക് കമ്മറ്റിയുടെ തുടർ മീറ്റിംഗുകൾ ഡിസംബർ 15 വ്യാഴാഴ്ചയും ഡിസംബർ 20 ചൊവ്വാഴ്ചയും നടത്തപ്പെട്ടു.

## ജനുവരി മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**പടവുകൾ**

വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള ധനസഹായ മായ പടവുകൾ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ജനുവരി 31. വിശദവിവരങ്ങൾക്ക് http://wcd.kerala.gov.in

പി.എസ്.സി., യു.പി.എസ്.സി., ബാങ്കുകൾ, സ്വകാര്യ കമ്പനികൾ തുടങ്ങിയ ധാരാളം വേക്കൻസികളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നുണ്ട്. വിശദവിവര ങ്ങളറിയാൻ കാർപ്പ് വെബ്സൈറ്റായ https://carpchanganacherry.com ന്റെ നോട്ടിഫിക്കേഷൻസ് ശ്രദ്ധിക്കുക.

**ബേബി വട്ടക്കര**
(കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)
6238214912

---

*» യുവദീപ്തി - എസ്.എം.വൈ.എം. തുടർച്ച...*

ആനക്കല്ലുങ്കൽ, അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ., അതിരൂപതാ സിഞ്ചെ ള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ, എസ്.എം.വൈ.എം. ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജേക്കബ് ചക്കാത്ര, കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷിജോ മാത്യു, കത്തീഡ്രൽ വികാരി വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ജയ്നെറ്റ് മാത്യു, ജനറൽ സെക്രട്ടറി റ്റോം തോമസ് എന്നിവർ പ്രസംഗിച്ചു. ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, സുവർണ്ണ ജൂബിലി ക്വയറിന് പരിശീലനം നൽകിയ പി.ജെ. ആന്റണി എന്നിവരെ യോഗത്തിൽ ആദരിച്ചു. സുവർണ്ണ ജൂബിലി സമ്മാനകൂപ്പണിന്റെ ഒന്നാം സമ്മാനത്തിന് അർഹനായ വിജയി എത്താത്തതിനാൽ ഒന്നാം സമ്മാന മായ ഒരു പവൻ സ്വർണത്തിന്റെ മൂല്യത്തിനു തുല്യമായ തുക അച്ചായൻസ് ഗോൾഡ് ഉടമ ടോണി വർക്കിച്ചൻ സുവർണ്ണ ജൂബിലി സ്കോളർഷിപ്പിലേക്ക് കൈമാറി. സുവർണ്ണ ജൂബിലി ക്വയർ ആലപിച്ച ഗാനങ്ങൾ സമ്മേളനത്തിന് നിറം പകർന്നു.

സമ്മേളനത്തിനുശേഷം റവ. ഫാ. മാത്യു തുമ്പേച്ചിറയിൽ നേതൃത്വം നൽ കിയ സൈറ്റ് ആൻഡ് സൗണ്ട് ഷോ - സുവാറ - അരങ്ങേറി. 200 ന് മുകളിൽ കലാകാരന്മാർ രംഗത്ത് അണിനിരന്നു.

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
(ഡയറക്ടർ)

# ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി

CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും പുതുവത്സരാശംസകൾ !!!**

ഭാരതം 1947-ൽ സ്വതന്ത്ര രാഷ്ട്രമായി മാറിയെങ്കിലും 1950 ജനുവരി 26 നാണ് ഇൻഡ്യൻ ഭരണഘടന അംഗീകരിച്ചുകൊണ്ട് സ്വയം പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടത്. അതിന്റെ 72-ാം വാർഷികം ആഘോഷിക്കുവാനാണ് നാം ഒരുങ്ങുന്നത്.

നമ്മുടെ ഭരണഘടന അംഗീകരിക്കപ്പെടുകയും നിലവിൽ വരുകയും ചെയ്ത റിപ്പബ്ലിക് ദിനത്തിൽ ഭരണഘടന നമുക്കു പ്രദാനം ചെയ്യുന്ന മൗലികാവകാശങ്ങളെക്കുറിച്ചു പഠിക്കുന്നതും വിചിന്തനം ചെയ്യുന്നതും വളരെ നല്ലതായിരിക്കും. അവ നമുക്കു സമത്വത്തിനും സ്വാതന്ത്ര്യത്തിനും മതസ്വാതന്ത്ര്യത്തിനും സാംസ്ക്കാരികവും വിദ്യാഭ്യാസപരവും ഭരണഘടനാപരമായ പരിഹാരങ്ങൾക്കും ചൂഷണത്തിനെതിരെയുമുള്ള അവകാശങ്ങൾ ഉറപ്പാക്കുന്നു. ഒരു മനുഷ്യനെന്ന നിലയിൽ സ്വതന്ത്രവും നീതിപൂർവ്വകവുമായി ജീവിക്കുവാൻ എല്ലാവർക്കും അവകാശമുണ്ട്. എന്നാൽ സ്വാതന്ത്ര്യം കിട്ടി 76 വർഷങ്ങൾ പിന്നിടുമ്പോഴും ബഹുഭൂരിപക്ഷം ജനങ്ങളും പാരതന്ത്ര്യത്തിന്റെ കരിനിഴലിലാണ് ജീവിക്കുന്നതെന്നതാണ് സത്യം. മതം, ജാതി, നിറം, ഭാഷ, സംസ്കാരം, ലിംഗം, രാഷ്ട്രീയം തുടങ്ങി ഒട്ടനവധി മേഖലകളിൽ ഇന്നും നമ്മുടെ നാട്ടിൽ വിവേചനം നിലനിൽക്കുന്നു. പലപ്പോഴും ഭരണഘടനയെക്കുറിച്ചുള്ള നമ്മുടെ അജ്ഞതയാകാം ഇതിനു കാരണം. അല്ലെങ്കിൽ ചിലരുടെ ധാർഷ്ട്യം നിറഞ്ഞ പ്രവർത്തനങ്ങളാകാം. ലോകരാഷ്ട്രങ്ങളുടെ മുൻനിരയിലേയ്ക്ക് അതിവേഗം കുതിക്കുന്ന നമ്മുടെ രാഷ്ട്രത്തെ പിന്നാക്കം നയിക്കുവാനേ ഇത്തരം പ്രവർത്തനങ്ങൾ ഉപകരിക്കൂ. അതിനുമാറ്റമുണ്ടാകണം. നമ്മുടെ ഭരണഘടനയെ അറിഞ്ഞ് മനസിലാക്കി അതനുസരിച്ചു പ്രവർത്തിക്കാൻ നമുക്കു കഴിയണം. അങ്ങനെ ഭരണഘടന വിഭാവനം ചെയ്യുന്ന മൗലികാവകാശങ്ങൾ എല്ലാവർക്കും ഒരുപോലെ സംലഭ്യമാക്കാൻ നമുക്കു ചെയ്യാവുന്ന കാര്യങ്ങൾ മടികൂടാതെ ചെയ്യാൻ പരിശ്രമിക്കാം. നമ്മുടെ ഭരണഘടനയോടു ചേർന്നുനിന്നുകൊണ്ട് മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു നീതി സമൂഹസൃഷ്ടിയെന്ന ലക്ഷ്യപ്രാപ്തിക്കായി പ്രവർത്തിക്കുന്ന ചാസിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും പ്രോത്സാഹനവും നൽകുവാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു. നീതിയുടെ പ്രവാചകനായ ആമോസ് ഇപ്രകാരം പറയുന്നു: 'നീതി ജലം പോലെ ഒഴുകട്ടെ.' എല്ലാവർക്കും പുതുവത്സരത്തിന്റെയും റിപ്പബ്ലിക്ക് ദിനത്തിന്റെയും ആശംസകൾ സ്നേഹപൂർവം നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## കേന്ദ്ര വാർത്തകൾ

### യൂണിറ്റ് സന്ദർശനവും മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം ഉദ്ഘാടനവും

തിരുവനന്തപുരം ഫൊറോനയിലെ പാലോട്, വിതുര ഇടവകകളിൽ ചാസിന്റെ പുതിയ യൂണിറ്റുകൾക്ക് രൂപം കൊടുക്കുകയും മൈക്രോ ക്രെഡിറ്റ് യൂണിയന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 2022 ഡിസംബർ 11-ാം തീയതി ഞായറാഴ്ച രാവിലെ 8 ന് പാലോട് യൂണിറ്റിന്റെയും 11:30 ന് വിതുര യൂണിറ്റിന്റെയും ഉദ്ഘാടനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ നിർവഹിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു ചാസ് പ്രവർത്തനങ്ങളെക്കുറിച്ചും മേഖലാ കോർഡിനേറ്റർ ശ്രീ. ബേബി ജോസഫ് മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിനെക്കുറിച്ചും വിശദീകരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് വേങ്ങാശ്ശേരി അദ്ധ്യക്ഷതവഹിച്ചു.

### റിഹാസ്വിസ്സ് പദ്ധതി വിലയിരുത്തൽ

ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ റിഹാസ്വിസ്സ് സ്ഥാപക പ്രസിഡന്റ് ശ്രീ. ജോസഫ് എറത്തോട്ട്, ശ്രീമതി സൂസൻ എറത്തോട്ടുമായി ചാസ്-റിഹാസ്വിസ്സ് 2022-23 വർഷത്തെ പദ്ധതി വിലയിരുത്തലും 2023-24 വർഷത്തെ പദ്ധതി പ്ലാനിംഗും നടത്തി.

### വിധവാ സംഗമം

തോട്ടയ്ക്കാട്, ഇരവുചിറ, രാജമറ്റം ഇടവകയൂണിറ്റുകളുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിധവകൾക്കു റിഹാസ്വിസ്സുമായി സഹകരിച്ചു നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി ആ പ്രദേശത്തുനിന്നും തെരഞ്ഞെടുത്ത 51 വിധവകളുടെ സമ്മേളനം നവംബർ 29-ാം തീയതി തോട്ടയ്ക്കാട് സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്നു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് ചൂളപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ പദ്ധതി വിശദീകരിച്ചു.

### യൂണിറ്റ് ഭരണസമിതി തെരഞ്ഞെടുപ്പ്

തത്തംപള്ളി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി ഡിസംബർ 18 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രാഹം ചങ്ങങ്കരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ നിന്നും പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ചാസിന്റെ പ്രവർത്തനം വിശദീകരിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു ഭരണസമിതി തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ വിശദീകരിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീ. ഡി. ജോസഫ് നേതൃത്വം നൽകി.

### എക്സിക്യൂട്ടിവ് മീറ്റിംഗ്

| *തീയതി* | *മേഖല* |
|---|---|
| നവംബർ 29 | പുളിംകുന്ന് |
| നവംബർ 29 | കുറുമ്പനാടം |

## SAFP

### ക്ലസ്റ്റർ മീറ്റിംഗ് & മോണിട്ടറിംഗ്

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്കു പുതിയ സംരംഭകത്വ പദ്ധതി തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ഓരോ കുടുംബവും നിലവിൽ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ വിലയിരുത്തുന്നതിനും ക്ലസ്റ്റർ മീറ്റിംഗും ഭവനസന്ദർശനവും നടത്തി. SAFP പ്രൊജക്ട് കോർഡിനേറ്റർ കുമാരി നിവ്യ ജോസഫ് നേതൃത്വം നൽകി.

| *തീയതി* | *ക്ലസ്റ്റർ* |
|---|---|
| നവംബർ 27 | ചങ്ങനാശേരി |
| ഡിസംബർ 05 | മരിയാപുരം |
| ഡിസംബർ 06 | ആലപ്പുഴ |
| ഡിസംബർ 07 | കാവാലം |
| ഡിസംബർ 12 | ചമ്പക്കുളം |

### കോവിഡ് റീഹാബിലിറ്റേഷൻ പ്രോജക്ട് (CRP)

കോവിഡനന്തരം സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരും സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിൽ കണ്ണിചേർന്നിട്ടുള്ളവരുമായ 10 കുടുംബങ്ങൾക്കു സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനും ജീവിതഭദ്രത കൈവരിക്കുന്നതിനും സഹായിക്കുന്ന പദ്ധതിയാണ് CRP. ഒരുലക്ഷം രൂപവീതമാണ് ഓരോ കുടുംബത്തിനും നൽകുന്നത്. ഇതിന്റെ ഭാഗമായി 2022 ഡിസംബർ 14 ന് ചാസ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച അവലോകനയോഗത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രൊജക്ട് ഓഫീസർ സി. സെൽമ SRA, SAFP പ്രൊജക്ട് കോർഡിനേറ്റർ കുമാരി നിവ്യ ജോസഫ് എന്നിവർ പദ്ധതി വിശദീകരണം നടത്തി.

## ജൽ ജീവൻ മിഷൻ

### ചാസ് നിറപറ – 2022 ലോഗോ പ്രകാശനം

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചാസ്-ആലപ്പുഴ, എടത്വാ, പുളിംകുന്ന്, ചമ്പക്കുളം മേഖലകളെ പങ്കെടുപ്പിച്ചു ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളുടെ സഹകരണത്തോടെ ഒരുക്കുന്ന കാർഷിക പുഷ്പമേളയുടെ ലോഗോ പ്രകാശനം 2022 നവംബർ 30 ന് കേരള സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ബഹു. പി. പ്രസാദ് നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുള

ത്തുങ്കൽ, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം എന്നിവർ പങ്കെടുത്തു.

**സ്കൂൾ വിദ്യാർത്ഥികൾക്കു വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു**

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്ക് നവംബർ 30 ന് ചമ്പക്കുളം സെന്റ് മേരീസ് HSS ൽ ഉപന്യാസം, ചിത്രരചന, കവിതാ രചന, ക്വിസ് എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ കുട്ടികൾക്കു കാർഷിക മേളയുടെ സമാപനദിവസം സമ്മാനം നൽകുകയും കയ്യെഴുത്ത് മാസികയുടെ പ്രകാശനം നടത്തുകയും ചെയ്തു.

**ചാസ് നിറപറ–2022**

ചമ്പക്കുളം, നെടുമുടി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി 'നിറപറ–2022' ഡിസംബർ–15 മുതൽ 19 വരെ വൈവിധ്യമാർന്ന കർമ്മപരിപാടികളോടുകൂടി ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക മൈതാനിയിൽ സംഘടിപ്പിച്ചു. 2022–ൽ കുട്ടനാട്ടിലെ ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ തുടക്കം കുറിച്ച ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിജ്ഞാനപ്രദമായ സെമിനാറുകൾ, ചർച്ചാക്ലാസുകൾ, കർഷകറാലി, പൊതുസമ്മേളനം, കാർഷിക–കാർഷികേതര ഉത്പ്പന്നങ്ങളുടെ പ്രദർശനവും വിപണനവും റോഡ് ഷോ, നാടൻ ഭക്ഷണശാലകൾ, കുടുംബശ്രീ-സ്വാശ്രയസംഘം കലാപരിപാടികൾ, കലാസന്ധ്യ തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ മേളയിൽ ക്രമീകരിച്ചിരുന്നു.

നിറപറ–2022 കാർഷികമേളയുടെ ഔപചാരിക ഉദ്ഘാടനം ഡിസംബർ 15 ന് കേരളസംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി ബഹു. റോഷി അഗസ്റ്റിൻ നിർവഹിച്ചു. ചങ്ങനാശേരി എംഎൽഎ അഡ്വ. ജോബ് മൈക്കിൾ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ചമ്പക്കുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജലജ കുമാരി, നെടുമുടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി മന്മഥൻ നായർ, ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക റെക്ടർ വെരി റവ. ഫാ. ഗ്രിഗറി ഓണംകുളം, നബാർഡ് കോട്ടയം ഡിഡിഎം ശ്രീ. റെജി വർഗീസ്, ശ്രീ. ജോസഫ് കെ. നെല്ലുവേലി, വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർ ശ്രീ. പി. ജയകുമാർ, ശ്രീ. ജോസ്മോൻ എന്നിവർ ആശംസകളർപ്പിച്ചു. എക്സിബിഷൻ സ്റ്റാളിന്റെ ഉദ്ഘാടനം അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കലും റാലിയുടെ ഫ്ളാഗ് ഓഫ് നെടുമുടി സബ് ഇൻസ്പെക്ടർ ശ്രീ. M.J. ദേവസ്യയും നിർവഹിച്ചു. തുടർന്ന് 'കാലാവസ്ഥാ വ്യതിയാനവും ജലസംരക്ഷണവും' എന്ന വിഷയത്തെ ആസ്പദമാക്കി ജലവിഭവകുപ്പ് മുൻ ഡയറക്ടർ ശ്രീ. സുബാഷ് ചന്ദ്രബോസ് ക്ലാസ് നയിച്ചു.

രണ്ടാം ദിവസം കർഷകറാലി വനിതാ സെൽ പോലീസ് ഇൻസ്പെക്ടർ ശ്രീമതി സെലീനാ ബീവി നിർവ്വഹിച്ചു. പൊതുസമ്മേളനം ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ബിനു ഐസക് രാജു ഉദ്ഘാടനം ചെയ്തു. എടത്വാ ഫൊറോന വികാരി വെരി റവ. ഫാ. മാത്യു ചൂരവടി അനുഗ്രഹപ്രഭാഷണം നടത്തി. ചാസ്

മുൻ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ കിഫ്ബി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷിഹാബുദ്ദീൻ, നെടുമുടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജോസഫ് വല്ല്യാക്കൽ, ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം, ചാസ് ഡയറക്ടർ ബോർഡ് മെമ്പർ ശ്രീ. ബിനു ജോസഫ്, ശ്രീ. ജോഷി ജോർജ് എന്നിവർ പ്രസംഗിച്ചു. 'മത്സ്യകൃഷി സാധ്യതകളും മാലിന്യസംസ്ക്കരണവും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കുമരകം കാർഷിക റിസേർച്ച് സെന്റർ മുൻ ഡയറക്ടർ ഡോ. കെ.ജി. പത്മകുമാർ, ശ്രീ. ജോജോ റ്റി.ഡി. എന്നിവർ ക്ലാസ് നയിച്ചു.

മൂന്നാം ദിവസം ഡിസംബർ 17 ശനിയാഴ്ച രാവിലെ 10 മണിക്ക് പൊതുസമ്മേളനം അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഡോ. ജയിംസ് പാലയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിപിൻ സി. ബാബു ഉദ്ഘാടനം ചെയ്തു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, എടത്വാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മറിയാമ്മ ജോർജ്, പുളിംകുന്ന് ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു പുത്തനങ്ങാടി, ക്രിസ് ജോയിന്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കൊച്ചുചിറയിൽ, ശ്രീ. ഡി. ജോസഫ് എന്നിവർ പ്രസംഗിച്ചു. 'കുട്ടനാടൻ കർഷകർ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും' എന്ന വിഷയത്തെ അടിസ്ഥനമാക്കി മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം പ്രൊഫ. ശ്രീമതി നിമ്മി ക്ലാസ് നയിച്ചു.

നാലാം ദിവസം അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഡോ. വർഗീസ് താനമാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ഉദ്ഘാടനം നിർവ്വഹിച്ചു. ചങ്ങനാശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണവും ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും നൽകി. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഗോകുൽ ഷാജി, പുളിംകുന്ന് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അമ്പിളി റ്റി., ചാസ് പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പുളിംകുന്ന് മേഖലാ പ്രസിഡന്റ് ശ്രീ. ലാലിച്ചൻ മരിയാലയം എന്നിവർ പ്രസംഗിച്ചു. 'ലഹരി കുടുംബ ബന്ധങ്ങൾ ശിഥിലമാക്കുന്നുവോ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി അക്സെപ്റ്റ് പ്രൊജക്ട് ഇൻചാർജ് കൗൺസിലർ ശ്രീ. ലിറ്റിമോൻ എം.എസ്. ക്ലാസ് നയിച്ചു.

സമാപന സമ്മേളനം ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, മുൻ ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ, നെടുമുടി-ചമ്പക്കുളം പഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീമതി ജലജ കുമാരി, ശ്രീമതി മിനി മന്മഥൻ നായർ, എൻഎസ്എസ് കുട്ടനാട് താലൂക്ക് യൂണിയൻ പ്രസിഡന്റ് ഡോ. കെ.പി. നാരായണപിള്ള, ബോർഡ് മെമ്പർ ശ്രീ. ജോസഫ് കെ. നെല്ലുവേലി എന്നിവർ പ്രസംഗിച്ചു. തുടർന്ന് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ബിനു ഐസക്

സമ്മാനദാനവും ചമ്പക്കുളം ബസിലിക്ക റെക്ടർ വെരി റവ. ഫാ. ഗ്രിഗറി ഓണംകുളം മുതിർന്ന കർഷകരെ ആദരിക്കുകയും ചെയ്തു. 'ബദൽ ജീവിത ശൈലി' എന്ന വിഷയത്തിൽ ഡോ. സുരേഷ് ബാബു ക്ലാസ് നയിച്ചു.

**ജലസംരക്ഷണ ബോധവത്ക്കരണ സെമിനാർ**

മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഡിസംബർ 19,20,21 തീയതികളിലായി പത്ത് സ്കൂളുകളിൽ ജല സംരക്ഷണ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. വാർഡ് പ്രതിനിധികളുടെയും സ്കൂൾ അധ്യാപകരുടെയും സാന്നിദ്ധ്യത്തിൽ ജൽ ജീവൻ മിഷൻ പ്രൊജക്ട് കോർഡിനേറ്റർമാരായ ശ്രീ. അരുൺ റ്റി., ശ്രീ. ബേബി ജോസഫ് എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

## ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതി

ചാസിന്റെ സാമൂഹ്യ സുരക്ഷാ സഹായ പദ്ധതികൾ വഴി 2022 നവംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**1) SHG മരണാനന്തര സഹായം** (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 30,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 602. മാത്യു ജോസഫ് | ഹോളി ഫാമിലി | മാന്നില | കുറുമ്പനാടം |
| 603. സെലിനാമ്മ സാം | ഗ്ലോറിയ | മുട്ടാർ CMI | എടത്വാ |
| 604. ബെന്നി മാത്യു | സഹൃദയ | വില്ലൂന്നി | കുടമാളൂർ |

**2) മ്യൂച്വൽ ബെനഫിറ്റ് സ്കീം (MBS)**

- മരണാനന്തരസഹായം (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 1,30,000/- രൂപ സഹായം അനുവദിച്ചു)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 807. ത്രേസ്യാമ്മ മാത്യു പെരുമ്പടമ്പിൽ | വില്ലൂന്നി | കുടമാളൂർ |
| 808. മേഴ്സി ജോസഫ് വാഴപ്പറമ്പിൽ | പാറേൽ | ചങ്ങനാശേരി |
| 809. മറിയക്കുട്ടി പലകക്കോട് | വില്ലൂന്നി | കുടമാളൂർ |
| 810. ത്രേസ്യാമ്മ ജോർജ് തയ്യിൽപുതുപ്പറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 811. വൽസമ്മ സെബാസ്റ്റ്യൻ വേലേപ്പറമ്പ് | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 812. രത്നവല്ലി കളിയിൽവീട് | നാൽപ്പാത്തിമല | അതിരമ്പുഴ |
| 813. മണിയമ്മ വളയച്ചിറ | ചീപ്പുങ്കൽ | കുടമാളൂർ |
| 814. ത്രേസ്യാമ്മ ചാണ്ടി തയ്യിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 815. പി.റ്റി. ജോസഫ് പാറയ്ക്കൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 816. ഔസേഫ് എം.റ്റി. മണ്ണട | പൊങ്ങ | ചമ്പക്കുളം |
| 817. അന്നമ്മ മാത്യു നടുവിലേപറമ്പിൽ | കിഴക്കേമിത്രക്കരി | എടത്വാ |
| 818. ഫിലിപ്പോസ് സി.ജെ. ചാമക്കുന്നേൽ | പുല്ലങ്ങടി | ചമ്പക്കുളം |
| 819. മാത്യു വി.എസ്. വേകത്താനം | മണ്ണാർകുന്ന് | അതിരമ്പുഴ |

## മേഖലാ വാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 06.12.2022 | തെക്കേക്കര | പമ്പ | 11 |

### സൗജന്യ മെഡിക്കൽ ക്യാമ്പ്

കണ്ടങ്കരി സെന്റ് ജോസഫ്സ് യൂണിറ്റിന്റെയും പച്ച-ചെക്കിടിക്കാട് ലൂർദ്ദ് മാതാ ഹോസ്പിറ്റലിന്റെയും നേതൃത്വത്തിൽ 2022 നവംബർ 26, 27 തീയതികളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കാഞ്ഞിരവേലിൽ അദ്ധ്യക്ഷത വഹിച്ചു. ചമ്പക്കുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജലജകുമാരി ഉദ്ഘാടനം നിർവ്വഹിച്ചു.

### JLG രൂപീകരിച്ചു

ഇത്തിത്താനം യൂണിറ്റിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2022 ഡിസംബർ 5-ാം തീയതി 'നവജ്യോതി' JLG രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. അഗസ്റ്റിൻ തോമസ് നേതൃത്വം നൽകി.

ഫാത്തിമാപുരം യൂണിറ്റിൽ 2022 ഡിസംബർ 05 ന് 10 പുതിയ JLG കൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### ഫ്ളവർ നിർമ്മാണ പരിശീലനം

മാമ്മൂട് യൂണിറ്റിൽ 2022 ഡിസംബർ 2 ന് ശ്രീമതി മേരിക്കുട്ടി മാത്യുവിന്റെ നേതൃത്വത്തിൽ ഫ്ളവർ നിർമാണത്തിൽ പരിശീലനം നൽകി. 15 അംഗങ്ങൾ പങ്കെടുത്തു.

### മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം – സ്വാശ്രയസംഘ വാർഷികം

ഇത്തിത്താനം യൂണിറ്റിൽ പ്രവർത്തിക്കുന്ന മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും സ്വാശ്രയസംഘങ്ങളുടെയും സംയുക്തവാർഷികം 2022 ഡിസംബർ 4 ന് സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.സി. തോമസ് അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി പോരൂക്കര മുഖ്യപ്രഭാഷണം നടത്തി. ശ്രീ. കെ.സി. വർഗീസ്, ശ്രീ. ബിനു കുറിഞ്ഞിപ്പറമ്പിൽ, ശ്രീമതി ബെറ്റി ടോജോ, മേഖലാ കോർഡിനേറ്റർ ശ്രീമതി ബോബിന തോമസ് എന്നിവർ പ്രസംഗിച്ചു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും സ്വാശ്രയസംഘത്തിന്റെയും സെക്രട്ടറിമാർ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മീറ്റിംഗിൽ സംബന്ധിച്ച എല്ലാവർക്കും പച്ചക്കറിവിത്തും തുണിസഞ്ചിയും വിതരണം ചെയ്തു.

### തയ്യൽ പരിശീലനം ആരംഭിച്ചു

ഫാത്തിമാപുരം യൂണിറ്റിൽ 2022 നവംബർ 29 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഡോ. സേവ്യർ പുത്തൻകളം ഉദ്ഘാടനം നിർവഹിച്ചു. അസി. വികാരി റവ. ഫാ. ജോബി പുളിച്ചമാക്കൽ MSFS അദ്ധ്യക്ഷതവഹിച്ചു. 24 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു. യൂണിറ്റ് സെക്രട്ടറി ശ്രീ. ലാലി

ഇളപ്പുങ്കൽ, മേഖലാ കോർഡിനേറ്റർ ശ്രീമതി ബോബിന തോമസ് എന്നിവർ നേതൃത്വം നൽകി.

## SLCA Kerala

**ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടി**

SLCA കേരളയുടെ ആഭിമുഖ്യത്തിൽ 2022 ഡിസംബർ 4 മുതൽ 7 വരെ തീയതികളിൽ ലക്ഷദ്വീപിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തി കേന്ദ്രവിദ്യാലയം, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, ഗവൺമെന്റ് ITI എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഏകദിന ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. കൂടാതെ രണ്ട് ദ്വീപുകളിലെയും പൊതുസമൂഹത്തിനു രണ്ട് അർദ്ധദിന ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു.

SLCA കോർഡിനേറ്റർ ഫാ. തോമസ് കുളത്തുങ്കൽ, ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, സ്റ്റാഫ് അംഗങ്ങളായ ശ്രീ. റ്റി.എം. മാത്യു, സി. സെൽമ SRA, ശ്രീ. കാർമ്മൽ ജോബി എന്നിവരുടെ നേതൃത്വത്തിൽ പ്രാദേശിക NGO ആയ തണലുമായി സഹകരിച്ചാണ് ക്ലാസ് സംഘടിപ്പിച്ചത്.

---

» ***കെ.സി.എസ്.എൽ. തുടർച്ച...***

സെന്റ് തെരേസാസ് HSS രണ്ടാം സ്ഥാനവും ചമ്പക്കുളം സെന്റ് മേരീസ് HSS മൂന്നാം സ്ഥാനവും നേടി.

**കലോത്സവം വിജയികൾ**

യുപി വിഭാഗം കലോത്സവത്തിൽ ചങ്ങനാശേരി സെന്റ് ആൻസ് GHS ഒന്നാം സ്ഥാനവും ചങ്ങനാശേരി സെന്റ് ജോസഫ് GHS രണ്ടാംസ്ഥാനവും നെടുംകുന്നം സെന്റ് തെരേസാസ് GHS മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗം കലോത്സവത്തിൽ ചങ്ങനാശേരി സെന്റ് ജോസഫ് HSS ഒന്നാം സ്ഥാനവും നെടുംകുന്നം സെന്റ് തെരേസാസ് രണ്ടാം സ്ഥാനവും ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് HSS, ചമ്പക്കുളം സെന്റ് മേരീസ് എന്നിവർ മൂന്നാം സ്ഥാനവും പങ്കിട്ടു.

ഹയർസെക്കന്ററി വിഭാഗം കലോത്സവത്തിൽ ചങ്ങനാശേരി സെന്റ് ജോസഫ് HSS ഒന്നാം സ്ഥാനവും ചമ്പക്കുളം സെന്റ് മേരീസ് HSS രണ്ടാം സ്ഥാനവും വാഴപ്പള്ളി സെന്റ് തെരേസാസ് HSS മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സംസ്ഥാനതല കലോത്സവം 2023 ജനുവരി 14 ശനിയാഴ്ച തിരുവനന്തപുരത്ത് നടക്കുന്നതാണ്. അതിരൂപതാ കെ.സി.എസ്.എൽ. ഹൗസ് മാഗസിൻ 'പ്രതിഭ' കഴിഞ്ഞമാസം കുട്ടികളുടെ രചനകളോടെ പുറത്തിറങ്ങി. അതിരൂപതയിലെ എല്ലാ സ്കൂളുകളിലും ക്രിസ്തുമസ് ആഘോഷം വളരെ ഭംഗിയായി നടന്നു.

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

# കുട്ടനാട് റിസേർച്ച് & റിവൈവൽ ഇനിഷ്യേറ്റീവ് സൊസൈറ്റി

KRRIS

പ്രിയമുള്ളവരേ,

പുതിയ വർഷത്തിലേയ്ക്കു പ്രവേശിച്ചെങ്കിലും ആദ്യമായി തന്നെ എല്ലാവർക്കും പുതുവത്സരാശംസകൾ നേരുന്നു. 2023ൽ കുട്ടനാടൻ പ്രദേശങ്ങളിലെ സോഷ്യൽ സർവീസ് സൊസൈറ്റിയായ KRRIS ന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരുടെയും പിന്തുണയും സഹായവും അഭ്യർത്ഥിക്കുന്നു. താൽക്കാലികമായ വേലിയേറ്റം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കവും തന്മൂലം കുട്ടനാട്ടിലെ നെൽകൃഷിയെ ആകെത്തന്നെ ബാധിക്കുന്ന തരത്തിൽ വ്യാപകമായുണ്ടാകുന്ന മടവീഴ്ചയും കൃഷിനാശവും മൂലം കുട്ടനാട്ടിലെ കർഷകർ അനുഭവിക്കുന്ന ദുരിതവും നാശനഷ്ടവും ധനനഷ്ടവും ചൂണ്ടിക്കാട്ടി അതിനു പരിഹാരമായി സ്വാമിനാഥൻ കമ്മീഷൻ ഒന്നാം കുട്ടനാട് പാക്കേജിൽ നിർദേശം നൽകിയിരുന്നപോലെ, ദിവസവും വേലിയേറ്റം വരുമ്പോൾ 15-30 മിനിറ്റിനുള്ളിൽ റെഗുലേറ്ററി ഷട്ടർ അടയ്ക്കാനും അന്നുതന്നെ വേലിയിറക്കം വരുമ്പോൾ ഷട്ടർ തുറക്കാനുമുള്ള സംവിധാനം അടിയന്തിരമായി തണ്ണീർമുക്കത്തു നടപ്പിൽ വരുത്തണം, എ.സി. കനാൽ തുറക്കുന്നതിനായിട്ടുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുക, പായൽ, കടകൽ, എക്കൽ, ചെളി എന്നിവയാൽ അടഞ്ഞുകിടക്കുന്ന തോടുകൾ, ആറുകൾ, കായലുകൾ തുടങ്ങിയ ജലനിർഗമന മാർഗങ്ങളിലെ പോളവാരി മാറ്റുവാനും കടകലുകൾ നീക്കം ചെയ്യുവാനും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മണ്ണും ചെളിയും എക്കലും നീക്കുവാനും ഉള്ള നടപടികൾ അടിയന്തരമായി ചെയ്യണം... എന്നിങ്ങനെ കുട്ടനാട്ടിലെ കർഷകരെ ബാധിക്കുന്ന ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഒരു നിവേദനത്തിലൂടെ 2022 ഡിസംബർ 15 ന് ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക തിയോളജിക്കൽ ഹാളിൽ നടന്ന, അതിരൂപതാ ചാസ് കാർഷിക പ്രദർശനം ഉദ്ഘാടനസമ്മേളനത്തിൽ ക്രിസ് പ്രസിഡന്റ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ, സെക്രട്ടറിയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഫാ. എമ്മാനുവേൽ നെല്ലുവേലി, PRO ടോം ജോസഫ് ചമ്പക്കുളം എന്നിവരുടെ നേതൃത്വത്തിൽ ബഹു. കേരള സംസ്ഥാന ജലസേചന വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ അവർകൾക്കു നൽകുകയുണ്ടായി. കുട്ടനാട്ടിലെ കർഷകർ നേരിടുന്ന നിരവധിയായ പ്രശ്നങ്ങൾ അക്കമിട്ട് നിരത്തിക്കൊണ്ട് പെരിയ ബഹു. വികാരി ജനറാൾ ജോസഫ് വാണിയപ്പുരക്കൽ അച്ചൻ തന്റെ പ്രസംഗമദ്ധ്യേ ജലസേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ ശ്രദ്ധയിൽ ഇവ ഒന്നൊന്നായി കൊണ്ടുവന്നു. ബഹു. മന്ത്രി തന്റെ മറുപടി പ്രസംഗത്തിൽ എ.സി. കനാൽ തുറക്കുന്നതിനായിട്ടുള്ള സാധ്യതാപഠനത്തിനായി ഒരു വിദഗ്ധ സമിതിയെ ഉടൻതന്നെ ഏർപ്പെടുത്തി

*ശേഷം പേജ് 62 ൽ.....»*

TAASC ന്റെ പ്രധാന പ്രൊജക്ടായ തേനീച്ച കൃഷിയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 2022 നവംബർ 29 ന് ഡാലുമുഖം യൂണിറ്റിൽ നടന്ന ട്രെയിനിങ് പ്രോഗ്രാമിൽ 20 പേർ പങ്കെടുത്തു. കേരള സംസ്ഥാന തേനീച്ച കൃഷി വകുപ്പ് ഉദ്യോഗസ്ഥനും ഫിയ ജനറൽ സെക്രട്ടറിയുമായ ശ്രീ. സ്റ്റീഫൻ ദേവ നേശൻ ക്ലാസുകളെടുത്തു. റവ. ഫാ. സെബാസ്റ്റ്യൻ ശൗര്യാമാക്കൽ നേതൃത്വം നൽകിയ ഈ നേതൃത്വപരിശീലന ക്ലാസിലെ രാവിലത്തെ സെഷൻ തേനീച്ച കൃഷിയുടെ തിയറി ഭാഗങ്ങളെകുറിച്ചും രണ്ടാമത്തെ സെഷൻ അതിന്റെ പ്രാക്ടി ക്കൽ കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. 2022 ഡിസംബർ 3-ാം തീയതി ഡാൽമുഖം യൂണിറ്റിനുള്ള തേനീച്ച കൃഷിക്ക് ആവശ്യമായ കൂടും സ്റ്റാന്റും പഞ്ചസാരയും അഞ്ചു വീതം ഓരോ അംഗത്തിനും കൊടുത്തു. ഡാലുമുഖം യൂണിറ്റിന്റെ കോർഡിനേറ്ററായി ശ്രീ. സുനിൽകുമാർ പുഷ്പവിലാസത്തെ തെരഞ്ഞെടുത്തു. ഡാൽമുഖം യൂണിറ്റിൽ ഇപ്പോൾ 23 അംഗങ്ങൾ തേനീച്ച കൃഷി ചെയ്യുന്നു.

2022 ഡിസംബർ 17-ാം തീയതി വിതുര, പാലോട് യൂണിറ്റുകൾക്കായി ചായം ഓൾ സെയിന്റ്സ് പബ്ലിക് സ്കൂളിൽ പരിശീലനം നടത്തി. 23 അംഗങ്ങൾ പങ്കെടുത്ത പരിപാടിക്കു റവ. ഫാ. തോമസ് വേങ്ങാശേരി നേതൃത്വം നൽകി. കഴിഞ്ഞ വർഷത്തെ തേനീച്ച കൃഷിയുടെ പ്രവർത്തനത്തെക്കുറിച്ചു റവ. ഫാ. മാത്യു മൂന്നാറ്റിൻമുഖം സംസാരിച്ചു. ക്ലാസുകൾ നയിച്ചത് ഹോർട്ടി കോർപ്പിന്റെ പ്രധാനിയായ ശ്രീ. ഗോപൻ ആയിരുന്നു. പാലോട്, വിതുര യൂണിറ്റുകളിൽ നിന്നും കോർഡിനേറ്ററായി ശ്രീ. വിജയനെ തെരഞ്ഞെടുത്തു.

ബഫർ സോൺ സംബന്ധിച്ചു ഹൈക്കോടതിയുടെ പുതിയ വിധിയെ പ്രതി ഷേധിച്ചു 2022 ഡിസംബർ 22 ന് അമ്പൂരിയിൽ നടത്തിയ പ്രതിഷേധ പരിപാ ടിയിൽ ടാസ്കും പങ്കുചേർന്നു.

## അറിയിപ്പുകൾ

- **ജനുവരി 5:** പാലോട്, വിതുര യൂണിറ്റുകളിൽ ട്രെയിനിങ് നടത്തിയവർക്ക് തേനീച്ചക്കൂടും മറ്റു സാമഗ്രികളും നൽകുന്നു.
- **ജനുവരി 14:** അമ്പൂരി, തേക്കുപാറ, മായം ഇടവകകളിലെ പുതിയ അംഗ ങ്ങൾക്കു പരിശീലനം നൽകുന്നു.
- **ജനുവരി 20:** പുതിയ പരിശീലനം നേടിയ അമ്പൂരി, തേക്കുപാറ, മായം ഇടവകാംഗങ്ങൾക്കു തേനീച്ചക്കൂടും മറ്റു സാമഗ്രികളും നൽകുന്നു.

**ഫാ. ജോജോ പുതുവേലിൽ**
(ട്രഷറർ)

**ഫാ. ജോസി മഞ്ചേരിക്കളം**
(സെക്രട്ടറി)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു 2022 നവംബർ 23 മുതൽ ഡിസംബർ 23 വരെ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക | തുക |
|---|---|---|
| 1. | ചമ്പക്കുളം – സെന്റ് മേരീസ് ബസലിക്ക | 210000 |
| 2. | മാന്നാനം – 12 അപ്പോസൽസ് ചർച്ച് | 81500 |
| 3. | മാടപ്പള്ളി – ലിറ്റിൽ ഫ്ളവർ ചർച്ച് | 80000 |
| 4. | പുളിങ്കുന്ന് – സെന്റ് മേരീസ് ഫൊറോനാ ചർച്ച് | 13000 |
| 5. | വെരൂർ – സെന്റ് ജോസഫ്സ് ചർച്ച് | 10000 |

» ***KRRIS തുടർച്ച...***

നടപ്പിൽ വരുത്താമെന്നും തണ്ണീർമുക്കം ബണ്ടിന്റെ ശാസ്ത്രീയമായ പരിപാലനവും പ്രവർത്തനവും ഒരു ടെക്നിക്കൽ കമ്മിറ്റിയെ ഏർപ്പെടുത്തി പഠനം നടത്തിയതിനുശേഷം നടപ്പിൽ വരുത്താമെന്നും ഉറപ്പു നൽകി.

ബഹു. കേരള സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ശ്രീ. പ്രസാദ് അവർകൾക്കും നേതൃത്വത്തിൽ കുട്ടനാട്ടിലെ കർഷകർ നേരിടുന്ന വിഷയങ്ങളെപ്പറ്റിയും പ്രശ്നങ്ങളെപ്പറ്റിയും പരിഹാരങ്ങളെപ്പറ്റിയും ഒരു നിവേദനം നൽകുകയുണ്ടായി. കൃഷിനാശം കാൽക്കുലേറ്റ് ചെയ്യുന്നതിനുള്ള സ്ഥിതിവിവരശേഖരണത്തിലെ അപാകത, നെല്ല് വില കുട്ടനാട്ടിലെ കർഷകർക്ക് ഇനിയും ലഭിക്കാത്ത അവസ്ഥ, ഇതുവരെ ആർക്കും കൈകാര്യം ചെലവുകൾ നൽകിയിട്ടില്ല എന്നുള്ള കാര്യം, ന്യായരഹിതമായ ലോഡിങ് ചാർജ്, വർഷങ്ങൾക്കു മുമ്പു നിശ്ചയിച്ച 12 രൂപ എന്ന കൈകാര്യചെലവ് അപര്യാപ്തമാണെന്നുള്ള വസ്തുതയും അത് 150 രൂപ എങ്കിലുമാക്കണം എന്നുള്ള അപേക്ഷയും കിലോയ്ക്ക് 35 രൂപ എങ്കിലുമാക്കണം തുടങ്ങിയ കുട്ടനാട്ടിലെ കർഷകർ നേരിടുന്ന ഇപ്പോഴുള്ള എല്ലാ സങ്കീർണമായ പ്രശ്നങ്ങളും കൃഷിവകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ ഈ ഒരു നിവേദനത്തിലൂടെ കൊണ്ടുവരാനായി.

ക്രിസിനു വേണ്ടി,

**ടോം ജോസഫ് ചമ്പക്കുളം**
(പി.ആർ.ഒ.)

**ഫാ. എമ്മാനുവേൽ നെല്ലുവേലി**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

ഈശോയിൽ പ്രിയ അച്ചന്മാരേ, സമർപ്പിതരേ, DFC പ്രവർത്തകരേ,

പുതുവത്സരത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. സമാധാന രാജാവായ ഈശോമിശിഹാ നമ്മെ ശാന്തിയിലേക്കും സമാധാനത്തിലേക്കും ഐശ്വര്യപൂർണ്ണമായ പുതുവത്സരത്തിലേക്കും നയിക്കട്ടെ. വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ അവയെല്ലാം തരണം ചെയ്യാൻ അവിടുന്നു നമ്മെ പ്രാപ്തരാക്കട്ടെ. ലോകം മുഴുവൻ ഈശോയുടെ സാന്നിധ്യത്തിൽ അനുഗ്രഹ പൂരിതമാകട്ടെ.

**1. DFC ഇടവക/ ഫൊറോന / അതിരൂപതാതല തെരഞ്ഞെടുപ്പ്**

ദീപികയുടെ പ്രചാരണത്തിൽ ശക്തമായ പിന്തുണ നൽകിവരുന്ന DFC യുടെ ഇടവക/ ഫൊറോന/ അതിരൂപതാതല ഭാരവാഹികളെയും പ്രവർത്തകരെയും അഭിനന്ദിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്യുന്നു. സേവനസന്നദ്ധരും സഭാസ്നേഹികളുമായ കൂടുതൽ DFC പ്രവർത്തകരെ സ്വാഗതം ചെയ്തുകൊണ്ട് 2023 ജനുവരി മാസം എല്ലാ ഇടവകകളിലും തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. DFC ഭാരവാഹികളായി പുരുഷ വിഭാഗത്തിനും വനിതാ വിഭാഗത്തിനും പ്രത്യേകം പ്രസിഡന്റ് /വൈസ് പ്രസിഡന്റ് /ജനറൽ സെക്രട്ടറി /സെക്രട്ടറി/ ട്രഷറർ/മീഡിയാ കോർഡിനേറ്റർ എന്നിവരെയും 6 എക്സിക്യുട്ടീവ് അംഗങ്ങളെയും നിശ്ചിത സമയത്തു തെരഞ്ഞെടുക്കുന്നതാണ്. ഇടവകതല തെരഞ്ഞെടുപ്പിന്റെ ലിസ്റ്റ് ജനുവരി 31 നു മുമ്പ് അതിരൂപതാ ഡയറക്ടറെയും/ ഫൊറോനാ ഡയറക്ടറെയും ഏൽപ്പിക്കേണ്ടതാണ്.

**DFC ഭാരവാഹി തെരഞ്ഞെടുപ്പ്**

| | |
|---|---|
| ഇടവകതലം | 2023 ജനുവരി 31 നുള്ളിൽ |
| ഫൊറോനാതലം | 2023 ഫെബ്രുവരി 26 നുള്ളിൽ |
| അതിരൂപതാതലം | 2023 മാർച്ച് 11 ശനിയാഴ്ച |

**2. ദീപിക തീവ്ര പ്രചാരണ യജ്ഞം**

ദീപിക തീവ്ര പ്രചാരണം ഊർജ്ജസ്വലമായി പല ഇടവകകളിലും മുന്നേറുന്നതിൽ നമുക്ക് അഭിമാനിക്കാം. ഇതിൽ നിസ്വാർത്ഥമായി പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുകയും അല്പം പിന്നാക്കം നിൽക്കുന്ന ഇടവക കൂടുതൽ താല്പര്യപൂർവം മുന്നേറി വരണമെന്ന് അറിയിക്കുകയും ചെയ്യുന്നു.

**3. ദീപിക ഫാമിലി ഹെൽത്ത് കാർഡ് ലഭിക്കാൻ**

താഴെക്കൊടുത്തിരിക്കുന്ന അപേക്ഷ ഫോറം വെള്ളപേപ്പറിൽ പൂരിപ്പിച്ച് 8590988999 എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് ചെയ്യുകയോ പൂരിപ്പിച്ച അപേക്ഷ ദീപിക സർക്കുലേഷൻ ഏരിയാ മാനേജർമാരെയോ DFC ഭാരവാഹികളെയോ ഏൽപ്പിക്കുക.

**ദീപിക ഫാമിലി ഹെൽത്ത് കാർഡ് അപേക്ഷ ഫോറം**

| | |
|---|---|
| വരിക്കാരന്റെ പേര് | വയസ് |
| വീട്ടുപേര് | പോസ്റ്റ് ഓഫീസ് |
| സ്ഥലം | പിൻകോഡ് |
| ജില്ല | ഫോൺ നമ്പർ |
| രൂപത | ഫൊറോന |
| ഇടവക | കൂട്ടായ്മ |
| ഏജൻസിയുടെ പേര് | ഏജൻസി കോഡ് |
| വാർഷിക വരിക്കാർ | മാസ വരിക്കാർ |

**ഹെൽത്ത് കാർഡിൽ മറ്റു കുടുംബാംഗങ്ങളുടെ**

| | |
|---|---|
| പേര് | വയസ് |

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)
9447432531

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
(പ്രസിഡന്റ്സ്)

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
(ജന. സെക്രട്ടറീസ്)

---

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**
**വർഗീസ് ഡൊമിനിക്– 9400390539, കോര സി. – 9495445827, വർക്കി ഇ. വി. – 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

## നിത്യതയിലേക്ക്



**സി. യൂക്കരിസ്റ്റ്**
**കാട്ടടി പരുത്തിയിൽ CMC**

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു."
(2 തിമോ. 4:7)

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പ്ലാറ്റിനം ജൂബിലി

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി കർമ്മനിരതമായ എഴുപതാണ്ടുകൾ പൂർത്തിയാകുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളുടെ ഉദ്ഘാടനം സാന്തോം ഓഡിറ്റോറിയത്തിൽ സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ് നിർവ്വഹിച്ചു. 'സപ്തവർണ്ണ' എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ ഭാഗമായ ഏഴ് പ്രൊജക്റ്റുകൾ സംസ്ഥാന സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച യോഗത്തിൽ വത്തിക്കാൻ മുൻ അപ്പസ്തോലിക് സ്ഥാനപതി ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി ആമുഖപ്രഭാഷണവും മാർ തോമസ് തറയിൽ മെത്രാൻ അനുഗ്രഹപ്രഭാഷണവും നടത്തി. ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി., അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. എന്നിവർ ആശംസകളർപ്പിച്ചു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ സ്വാഗതവും ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് നന്ദിയും രേഖപ്പെടുത്തി. നാലര പതിറ്റാണ്ടായി ചെത്തിപ്പുഴയിൽ സേവനം ചെയ്യുന്ന മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. എൻ. രാധാകൃഷ്ണനെ ആദരിച്ചു.

### വിളംബര ഘോഷയാത്രയും ദീപശിഖാ പ്രയാണവും

വിളംബര ഘോഷയാത്രയും ദീപശിഖാ പ്രയാണവും സംഘടിപ്പിച്ചു. ആശുപത്രി അങ്കണത്തിൽ ചങ്ങനാശേരി DYSP സനിൽകുമാർ സി.ജി. ഫ്ളാഗ് ഓഫ് ചെയ്തു. നൂറുകണക്കിനു വാഹനങ്ങൾ അണിനിരന്ന വിളംബര റാലി ആശുപത്രി സ്ഥാപകനായ ദൈവദാസൻ മാർ മാത്യു കാവുകാട്ടിന്റെ കബറിടത്തിൽ എത്തിച്ചേർന്നപ്പോൾ അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ഒപ്പീസുചൊല്ലുകയും തുടർന്ന് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി വികാരി വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കലിനു ദീപശിഖ കൈമാറുകയും ചെയ്തു. ദീപശിഖയുമേന്തി വിളംബരഘോഷയാത്ര ആശുപത്രിയങ്കണത്തിൽ സമാപിച്ചപ്പോൾ, വത്തിക്കാൻ മുൻ അപ്പസ്തോലിക് സ്ഥാനപതി ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി ദീപശിഖ ഏറ്റുവാങ്ങി സന്ദേശം നല്കി. ഇരുചക്രവിളംബര ഘോഷയാത്രയിൽ ഡോക്ടേഴ്സ്, സ്റ്റാഫ് നഴ്സസ്, ഇതര ആതുരസേവകർ, നഴ്സിങ്-അലൈഡ് എന്നീ കോളേജുകളിലെ അധ്യാപക -അനധ്യാപകർ, വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ എന്നിവർ പങ്കെടുത്തു.

### ആരോഗ്യപ്രവർത്തകരുടെ ക്രിസ്തുമസ് ആഘോഷം

17 ഡിസംബർ 2022 വൈകുന്നേരം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ (STIHAME) ആരോഗ്യപ്രവർത്തകരുടെ ക്രിസ്തുമസ് ആഘോഷവും

കുടുംബസംഗമവും സംഘടിപ്പിച്ചു. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മെത്രാപ്പോലീത്തൻ പള്ളി വികാരി വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് 3 ന് കരോൾ ഗാനമത്സരവും സാന്റാക്ലോസ് മത്സരവും നടന്നു. വൈകുന്നേരം 6.30 ന് ക്രിസ്തുമസ് ആഘോഷപരിപാടികളുടെ ഭാഗമായുള്ള സമ്മേളനം സംഘടിപ്പിച്ചു. തുടർന്നു ശ്വേത അശോകിന്റെ നേതൃത്വത്തിൽ ബ്രോഡ്‌വേ ബ്ലൂസിന്റെ ലൈവ് ബാന്റ് പെർഫോമൻസും നടന്നു.

**എടത്വാ സെന്റ് അലോഷ്യസ് കോളേജിൽ രക്തദാന ക്യാമ്പ്**

എടത്വാ സെന്റ് അലോഷ്യസ് കോളേജിലെ നാഷണൽ കേഡറ്റ് കോർപ്സിന്റെയും (NCC) ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെയും നേതൃത്വത്തിൽ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സഹകരണത്തോടെ 'രക്തദാനം ജീവദായകം' എന്ന ആശയം മുൻനിർത്തി രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

**പുതിയതായി ചാർജ്ജെടുത്തു**

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ അർബുദ ശസ്ത്രക്രിയാ വിഭാഗത്തിൽ 2022 ഡിസംബർ 9 മുതൽ പ്രൊഫ. ഡോ. ജേക്കബ് കുര്യൻ നേര്യംപറമ്പിൽ ഓങ്കോളജിസ്റ്റായി ചാർജ്ജെടുത്തിരിക്കുന്നു. കേരളത്തിൽ സർജിക്കൽ ഓങ്കോളജിസ്റ്റായി ഏറ്റവും ആദ്യം പരിശീലനം ലഭിച്ച വ്യക്തിയാണ് അദ്ദേഹം. പതിനായിരത്തിൽപരം അർബുദ ശസ്ത്രക്രിയകളും 31 വർഷത്തിൽ കൂടുതലായുള്ള പരിചയസമ്പത്തും പ്രാഗത്ഭ്യവും രോഗികൾക്ക് ഏറ്റവും മികച്ച സേവനം ഉറപ്പാക്കും.

**ഫാ. ജോഷി മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
(അസോ. ഡയറക്ടേഴ്സ്)

**ഫാ. ജയിംസ് പി. കുന്നത്ത്**
(എക്സി. ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

**98 വയസ്സുകാരിക്ക് ഇടുപ്പെല്ല് ശസ്ത്രക്രിയ വിജയമാക്കി ആശുപത്രി**

ഇടുപ്പെല്ലിനു പൊട്ടൽ സംഭവിച്ച 98 വയസ്സുള്ള പട്ടണക്കാട് സ്വദേശിനിക്കു സഹൃദയ ആശുപത്രിയിൽ നടത്തിയ വിദഗ്ധ ശസ്ത്രക്രിയയിലൂടെ ജീവിതത്തിലേക്കു വീണ്ടും ചുവടുവക്കാൻ കഴിഞ്ഞു.

ഒന്നരയാഴ്ച മുമ്പു വീട്ടിൽവെച്ചുണ്ടായ വീഴ്ചയിൽ ഇടുപ്പെല്ലിനുണ്ടായ പരിക്കുമായാണ് രോഗി ആശുപത്രിയിൽ അഡ്മിറ്റായത്.

അസ്ഥിരോഗ വിദഗ്ധൻ ഡോ. ശിവസുബ്രഹ്മണ്യന്റെ നേതൃത്വത്തിൽ, ഡോ. ഡെയിൻ മേരി ഐസക്ക്, ഡോ. ഗോവിന്ദൻ എന്നിവരുടെ സഹകരണത്തോടെയാണ് ശസ്ത്രക്രിയ ചെയ്തത്. ബന്ധുമിത്രാദികളുടെ പൂർണ്ണ പിന്തുണയും രോഗിയുടെ മനോധൈര്യവും ശാസ്ത്രക്രിയയുടെ വിജയത്തിനു ഏറെ സഹായകമായി.

## ജനറൽ മെഡിസിൻ വിഭാഗം നാലാം യൂണിറ്റിലേക്കു പുതിയ ഡോക്ടർ ചാർജെടുത്തു

ജനറൽ മെഡിസിൻ വിഭാഗം നാലാം യൂണിറ്റിന്റെ ചുമതലയേറ്റ ഡോ. പൂജ എച്ച്. ന്റെ സേവനം 2022 ഡിസംബർ 1 മുതൽ പ്രവർത്തനമാരംഭിച്ചു. ഞായർ മുതൽ വെള്ളി വരെ ഒ.പി. സമയം രാവിലെ 9 മണി മുതൽ ഉച്ചയ്ക്കു 1.30 വരെ ക്രമീകരിച്ചിരിക്കുന്നു.

## മെഡിക്കൽ ക്യാമ്പ്

സഹൃദയ ആശുപത്രിയുടെയും കേരള ലേബർ മൂവ്മെന്റിന്റെയും സെന്റ് ജോസഫ്സ് ഗ്രൂപ്പ് മണ്ണഞ്ചേരിയുടെയും സംയുക്താഭിമുഖ്യത്തിൽ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. മണ്ണഞ്ചേരി സെന്റ് മേരീസ് പാരീഷ് ഹാളിൽ നടന്ന മെഡിക്കൽ ക്യാമ്പ് ശ്രീ. എ.എം. ആരിഫ് എം.പി. ഉദ്ഘാടനം ചെയ്തു. കെ.എൽ.എം. പ്രസിഡന്റ് ശ്രീ. പി.ജെ. ജോബ് പേഴത്തുംമൂട്ടിൽ അധ്യക്ഷതവഹിച്ച യോഗത്തിൽ കെ.എൽ.എം. സെക്രട്ടറി ശ്രീ. ജോണി കൊച്ചുതറ, കെ.എൽ.എം. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോൺ വടക്കേക്കളം, ആശുപത്രി എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, ഫൊറോനാ ഡയറക്ടർ റവ. ഫാ. മാത്യു കളത്തിൽ, അതിരൂപതാ സമിതിയംഗം ജോസഫ് കോര്യംപള്ളി, കെ.എൽ.എം. ട്രഷറർ ചെറിയാൻ പി. സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു സംസാരിച്ചു.

ആശുപത്രിയുടെ ജനറൽ മെഡിസിൻ വിഭാഗം ഡോ. കെ.പി. ഹെഗ്ഡെ, പൾമണോളജി വിഭാഗം ഡോ. അഞ്ജലി, ജനറൽ സർജറി വിഭാഗം ഡോ. അനീഷ ഫാത്തിമ, പീഡിയാട്രിക് വിഭാഗം ഡോ. ആസ്മിൻ നാസർ, ഇ.എൻ.ടി വിഭാഗം ഡോ. പ്രശാന്ത് ജി., ഓർത്തോപീഡിക് വിഭാഗം ഡോ. ശിവസുബ്രഹ്മണ്യൻ, ഡെർമറ്റോളജി വിഭാഗം ഡോ. മറിയം ജോർജ് എന്നിവർ നേതൃത്വം നൽകി. ബി.എം.ഡി, പി.എഫ്.ടി പരിശോധനാക്രമീകരണങ്ങളും പ്രമേഹരോഗ നിർണ്ണയ പരിശോധനകളും സൗജന്യ മരുന്നുവിതരണവും നടത്തി.

## വിപുലമായ ക്രിസ്തുമസ് ആഘോഷം നടത്തി

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം നൽകി സഹൃദയ കുടുംബം 'Christmas Eve 2022' ക്രിസ്തുമസ് ആഘോഷം നടത്തി. TIMUC സ്കൂളിലെ വിദ്യാർത്ഥികളുടെ കരോൾ നൃത്തത്തോടെ ആരംഭിച്ച സമ്മേളനത്തിൽ സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ സ്വാഗതമാശംസിച്ചു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ അധ്യക്ഷനായിരുന്ന ചടങ്ങ് ആലപ്പുഴ രൂപതാ ബിഷപ് റൈറ്റ് റവ. ഡോ. ജയിംസ് റാഫേൽ ആനാപറമ്പിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. അബ്രാഹം ചങ്ങങ്കരി, ശ്രീ. കെ. ബാബു, ശ്രീമതി മാർഗരെറ്റ് എന്നിവർ ആശംസയർപ്പിച്ചു. ഈ വർഷത്തെ മികച്ച പെർഫോമൻസിനുള്ള സമ്മാനങ്ങളും സ്റ്റാഫിന്റെ കുട്ടികൾക്കു പഠനമികവിനും മറ്റംഗീകാരങ്ങൾക്കുമുള്ള സമ്മാനങ്ങളും നൽകി. അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ കൃതജ്ഞതയർപ്പിച്ചു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(എക്സി. ഡയറക്ടർ)

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

ശാന്തിയുടെയും സമാധാനത്തിന്റെയും പ്രകാശപൂർണ്ണമായ ക്രിസ്തുമസ് മംഗളങ്ങളും പ്രത്യാശാനിർഭരമായ പുതുവത്സരാംശസകളും നേരുന്നു.

2022 നവംബർ 24-ാം തീയതി അഭി. പെരുന്തോട്ടം പിതാവിനോടൊപ്പം ദുബായിൽ നടന്ന SMCA മീറ്റിംഗിൽ ഡയറക്ടറും പങ്കെടുത്തു.

ദുബായ് സീറോ മലബാർ ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ ദുബായിലെത്തിയ അഭി. പിതാവിനെയും ഡയറക്ടറെയും സെന്റ് മേരീസ് മലയാളി സമൂഹത്തിന്റെ ആത്മീയപിതാവ് ബഹു. വർഗീസ് കോഴിപ്പാടൻ അച്ചനും SMCA പ്രസിഡന്റ് മനോജ് തോമസും സംഘാടകരും ചേർന്ന് ഊഷ്മളമായ സ്വീകരണം നൽകി. 27-ാം തീയതി സെന്റ് മേരീസ് ദൈവാലയത്തിൽ അഭി. പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വി. കുർബാന അർപ്പിച്ചു. തുടർന്നുനടന്ന പൊതുസമ്മേളനം അഭി. പിതാവ് ഉദ്ഘാടനം ചെയ്തു. ഈ യോഗത്തിൽ (ഓൺലൈനിൽ) കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, സതേൺ അറേബ്യ വികാരിയാത്തിന്റെ അദ്ധ്യക്ഷൻ ബിഷപ് പൗലോ മാർട്ടിനെല്ലി എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തി. ദുബായ് സെന്റ് മേരീസ് ഇടവക വികാരി റവ. ഫാ. ലെന്നി കോന്തോലി OFM Cap., മലയാളിസമൂഹം ഡയറക്ടർ റവ. ഫാ. വർഗീസ് കോഴിപ്പാടൻ OFM Cap., ശ്രീ. വിപിൻ വർഗീസ്, ശ്രീ. ബെന്നി മാത്യു, ശ്രീ. മനോജ് തോമസ്, ശ്രീ. മാത്യു ആന്റണി, ശ്രീ. ബെന്നി തോമസ് പുല്ലാട്ട് എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

26.11.22 യു.എ.ഇ എക്സിക്യൂട്ടീവ് അംഗങ്ങൾ അഭി. പെരുന്തോട്ടം പിതാവും ഡയറക്ടറച്ചനുമായി മീറ്റിംഗ് നടത്തി.

03.12.22 ജി.സി.സി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ വിഴിഞ്ഞം തുറമുഖസമരത്തിൽ തീരദേശവാസികളുടെ പുനഃരധിവാസത്തിനു കാലതാമസം ഒഴിവാക്കി അർഹതപ്പെട്ട ആനുകൂല്യം അടിയന്തിരമായി നൽകണമെന്ന പ്രമേയം ജി.സി.സി. സെക്രട്ടറി ശ്രീ. രാജേഷ് ജോർജ് കൂത്രപ്പള്ളി അവതരിപ്പിച്ചു.

01.12.22 ദുബായ് സന്ദർശനത്തിനുശേഷം അഭി. ജോസഫ് പെരുന്തോട്ടം പിതാവും ഡയറക്ടറച്ചനും തിരികെയെത്തി.

09.12.22 ജി.സി.സി. പ്രവാസി അപ്പോസ്തലേറ്റ് നഴ്സസ് എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈനിൽ നടത്തി.

10.12.22 ഓസ്ട്രേലിയൻ ചാപ്റ്റർ മീറ്റിംഗ് നടത്തി.

2023 ജനുവരി 9 ദേശീയ പ്രവാസിദിനമായി ആചരിക്കുന്നു.

2023 ജനുവരി 13 പ്രവാസി അപ്പോസ്തലേറ്റ് ക്രിസ്തുമസ്, ന്യൂ ഇയർ, പ്രവാസി ഭാരതീയ ദിൻ എന്നീ ആഘോഷങ്ങൾ 'ഫെസ്റ്റിവ് ഫിയസ്റ്റ' എന്ന പേരിൽ ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ.**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**
**ആവേ മരിയ ഹോളിഡേയ്സ്: 9207777092**

ഈശോയിൽ പ്രിയപ്പെട്ടവരേ,

എല്ലാവർക്കും പുതുവത്സാരാശംസകൾ സ്നേഹത്തോടെ നേരുന്നു. ഓരോ പുതുവത്സരത്തിലും നാമെടുത്ത ചില തീരുമാനങ്ങളുടെ ശോഭയിലൂടെ മുന്നേറുന്നവരാണല്ലോ നമ്മൾ. എന്നാൽ, ചിലതെല്ലാം പാലിക്കാൻ കഴിഞ്ഞില്ല എന്നു മാത്രം. ജീവിതത്തിൽ നൂറുമേനി ഫലം പുറപ്പെടുവിക്കുവാൻ ഇനിയും തീരുമാനങ്ങൾ ആവശ്യമെങ്കിൽ അതിനുള്ള അവസരമായി 2023 ഇതാ നമുക്കു മുമ്പിൽ. കൂടുതൽ അധ്വാനിക്കുന്നതിൽ, കൂടുതൽ സംതൃപ്തിയോടെ ഒരുമിച്ചു മുന്നേറാം.

സ്നേഹപൂർവം,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

**ക്ഷേമനിധി അംഗത്വ വിതരണമേള**

കെ.എൽ.എം. കോട്ടയം ഫൊറോനയുടെ ആഭിമുഖ്യത്തിൽ കൂരോപ്പട ഹോളി ക്രോസ് ദൈവാലയത്തിൽ 2022 ഡിസംബർ 18 ന് ക്ഷേമനിധിമേള സംഘടിപ്പിച്ചു. ഈയവസരത്തിൽ നിരവധിപേർ സർക്കാർ ക്ഷേമനിധികളിൽ അംഗത്വമെടുത്തു.

**ലഹരിവിരുദ്ധ ബോധവത്ക്കരണം**

കെ.എൽ.എം. തോട്ടയ്ക്കാട് സെന്റ് ജോർജ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ് കുട്ടികൾക്കും മാതാപിതാക്കൾക്കുമായി നല്കി.

**മെഡിക്കൽ ക്യാമ്പ്**

മണ്ണഞ്ചേരി കെ.എൽ.എം. സെന്റ് ജോസഫ് SHG യൂണിറ്റിന്റെയും തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ 2022 ഡിസംബർ 18 ന് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

**യൂണിറ്റ് വാർഷികം**

2022 ഡിസംബർ 11 ന് വെളിയനാട് യൂണിറ്റിന്റെ വാർഷികാഘോഷങ്ങൾ വളരെ മനോഹരമായി സംഘടിപ്പിക്കപ്പെട്ടു.

**പുതിയ യൂണിറ്റും സംഘങ്ങളും**

പുതിയതായി പറാൽ യൂണിറ്റും ചീരംഞ്ചിറ വി. ജിയന്ന SHG, കുറിച്ചി മേരി മാതാ SHG എന്നിവയും ഉദ്ഘാടനം ചെയ്യപ്പെട്ടു.

**ആദരാഞ്ജലികൾ**

ചങ്ങനാശേരി സെന്റ് ജോസഫ് സംഘാംഗം ജോൺ മാത്യു മോഴൂർ കൊച്ചുകളത്തിൽ, കൊടിനാട്ടുംകുന്ന് ശാലോം സംഘാംഗം മറിയാമ്മ ജോബ് തയ്യിൽ, കുമരങ്കരി ദേവമാതാ സംഘാംഗം ഔസേഫ് വർഗീസ് വട്ടക്കളം എന്നിവരുടെ

*ശേഷം പേജ് 74 ൽ.....»*

പ്രിയ സ്നേഹിതരേ,

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതിയിൽനിന്നും നമ്മുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ പിറവിത്തിരുനാൾ മംഗളങ്ങളും പുതുവത്സരാശംസകളും സന്തോഷത്തോടെ അറിയിക്കട്ടെ !!!

## അതിരൂപതാ കൺവൻഷനും ന്യൂനപക്ഷ ദിനാചരണവും

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ അതിരൂപത കൺവൻഷനും ന്യൂനപക്ഷ ദിനാചരണവും 2022 ഡിസംബർ 11 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ തുരുത്തി മർത്ത് മറിയം ഫൊറോന പള്ളി പാരീഷ് ഹാളിൽ നടന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ വൈസ് പ്രസിഡന്റ് ഷെയിൻ ജോസഫ് അധ്യക്ഷനായിരുന്നു.

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതി സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന എക്സലെൻസിയ 2023 എന്ന ക്വിസ് മത്സരത്തിന്റെ ലോഗോ പ്രകാശനവും സംഘടനയുടെ ആജീവനാന്ത അംഗത്വം സ്വീകരിക്കുന്നതിനുള്ള അപേക്ഷകളുടെ സ്വീകരണവും മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിർവഹിച്ചു.

അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. മാർഗ്ഗരേഖ പ്രകാശനം നടത്തി. ജോസ് ജോൺ വെങ്ങാന്തറ മാർഗ്ഗരേഖ ഏറ്റുവാങ്ങി. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത ഡയറക്ടർ റവ. ഫാ. മാത്യു തൂമുള്ളിൽ ന്യൂനപക്ഷ ദിനാചരണ സന്ദേശം നൽകി. തുരുത്തി ഫൊറോനാ പള്ളി വികാരി വെരി റവ. ഫാ. ജോസ് വരിക്കപ്പള്ളി, കാർപ്പ് ഡയറക്ടർ റവ. ഫാ. ജയിംസ് കൊക്കാവയലിൽ, കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, ഷിജി ജോൺസൺ, ബിനു ഡൊമിനിക്, ജോസഫ് കുന്നത്ത്, ലിസി ജോസ്, ടോമിച്ചൻ മേത്തശ്ശേരി, ജോർജുകുട്ടി മുക്കത്ത്, ജോയി പാറപ്പുറം, ജോസ് ജയിംസ്, സെബാസ്റ്റ്യൻ പുല്ലാട്ടുകാല എന്നിവർ പ്രസംഗിച്ചു. ഫൊറോനാ ജനറൽ സെക്രട്ടറി ജോസ് കിഴക്കേഅറയ്ക്കൽ പതാക ഉയർത്തി.

ഈ കാലയളവിൽ അതിരൂപതാ സമിതി രണ്ട് നേരിട്ടുള്ള മീറ്റിങ്ങുകളും ഒരു ഓൺലൈൻ മീറ്റിങ്ങും നടത്തി.

## EXCELLENTIA 2023 - A battle of Knowledge

### കത്തോലിക്കാ കോൺഗ്രസ് ഹെറിറ്റേജ് ക്വിസ് കോമ്പറ്റീഷൻ സംബന്ധിച്ചുള്ള അറിയിപ്പുകൾ

ചങ്ങനാശേരി അതിരൂപതാംഗങ്ങളായ യു.പി., ഹൈസ്കൂൾ കുട്ടികൾക്കായി കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതി 2023 ഏപ്രിൽ മുതൽ എല്ലാ വർഷവും പൊതുവിജ്ഞാന മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നു. മത്സരത്തിനുള്ള രജിസ്ട്രേഷൻ കാലയളവ് 2022 ഡിസംബർ 5 മുതൽ 2023 ജനുവരി 26 വരെ. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

**രണ്ട് വിഭാഗങ്ങളിലായി മത്സരങ്ങൾ**

1. കാറ്റഗറി ഒന്ന് – 5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന സ്കൂൾ കുട്ടികൾ
2. കാറ്റഗറി രണ്ട് – 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന സ്കൂൾ കുട്ടികൾ

**മത്സര തീയതികൾ**

- 2023 ഏപ്രിൽ 16 – യൂണിറ്റുതലം (അതാത് യൂണിറ്റുകളിൽ, സമയം 2.30 pm)
- 2023 ഏപ്രിൽ 22 – ഫൊറോനാതലം
- 2023 ഏപ്രിൽ 29 – അതിരൂപതാതലം

**സമ്മാനങ്ങൾ**

1. **യൂണിറ്റുതലം** : 1-ാം സമ്മാനം- 3001 രൂപാ, സർട്ടിഫിക്കറ്റ്
   2-ാം സമ്മാനം- 2001 രൂപാ, സർട്ടിഫിക്കറ്റ്
   കൂടാതെ 3 കുട്ടികൾക്കു പ്രോത്സാഹന സമ്മാനം 1001 രൂപ വീതം.
2. **ഫൊറോനാതലം** : 1-ാം സമ്മാനം- 5001 രൂപാ, സർട്ടിഫിക്കറ്റ്
   2-ാം സമ്മാനം- 3001 രൂപാ, സർട്ടിഫിക്കറ്റ്
   കൂടാതെ 5 കുട്ടികൾക്കു പ്രോത്സാഹന സമ്മാനം 2001 രൂപ വീതം.
3. **അതിരൂപതാതലം** : 1-ാം സമ്മാനം- 25001 രൂപാ, എവർറോളിംഗ് ട്രോഫി, സർട്ടിഫിക്കറ്റ്
   2-ാം സമ്മാനം- 15001 രൂപാ, എവർറോളിംഗ് ട്രോഫി, സർട്ടിഫിക്കറ്റ്
   3-ാം സമ്മാനം- 10001 രൂപാ, സർട്ടിഫിക്കറ്റ്
   കൂടാതെ 12 കുട്ടികൾക്കു പ്രോത്സാഹന സമ്മാനം 3001 രൂപ വീതം

ഓരോ വിഭാഗത്തിലും യൂണിറ്റുതലത്തിലെ ആദ്യ രണ്ട് സ്ഥാനക്കാർക്ക് ഫൊറോനാതലത്തിലും ഫൊറോനാതലത്തിലെ ആദ്യ രണ്ട് സ്ഥാനക്കാർക്ക് അതിരൂപതാതലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കാം.

**പൊതുസിലബസ്**

കാറ്റഗറി ഒന്ന് (5,6,7 ക്ലാസ്സുകൾ), കാറ്റഗറി രണ്ട് (8, 9, 10 ക്ലാസ്സുകൾ)

1. പൊതുവിജ്ഞാനം – 50% മാർക്ക്
2. ആനുകാലിക വിവരങ്ങൾ (2022 ഡിസംബർ 1 മുതൽ 2023 ഏപ്രിൽ 15 വരെയുള്ള പത്രവാർത്തകൾ) – 30% മാർക്ക്
3. സഭാചരിത്രം – 10% മാർക്ക്
4. കത്തോലിക്കാ കോൺഗ്രസ് ചരിത്രം – 10% മാർക്ക്

സഭാ ചരിത്രപഠനത്തിന് 'ഭാരത കത്തോലിക്ക സഭ ഇന്നലെയും ഇന്നും' എന്ന ഫാ. പോൾ പള്ളത്ത് രചിച്ച പുസ്തകം ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത പുസ്തകത്തിലെ അദ്ധ്യായം - 1 ഭാരത കത്തോലിക്ക സഭ 16-ാം ശതകം വരെ പേജ് 1 മുതൽ 85 വരെയുള്ള ഭാഗങ്ങൾ മാത്രം ഈ വർഷം പഠിച്ചാൽ മതിയാകും. 2 വിഭാഗങ്ങൾക്കും ഇതുതന്നെയാണ് സിലബസ്. കത്തോലിക്കാ കോൺഗ്രസ് ചരിത്ര പഠനത്തിനായി 2023 പ്രവർത്തന വർഷത്തെ ചങ്ങനാശേരി അതിരൂപതാ സമിതിയുടെ മാർഗ്ഗരേഖ ഉപയോഗിക്കേണ്ടതാണ്.

**രജിസ്ട്രേഷൻ സംബന്ധിച്ചുള്ള നിബന്ധനകൾ**

1. 2022 ഡിസംബർ 5 മുതൽ 2023 ജനുവരി 26 വരെയുള്ള ദിവസങ്ങളിൽ മത്സരത്തിനുള്ള രജിസ്ട്രേഷൻ നിർദ്ദിഷ്ട ഗൂഗിൾ ഫോം വഴി നടത്താവുന്നതാണ്. Google Form നൽകിയിട്ടുള്ളവർ അതിനൊപ്പം നിർദ്ദിഷ്ട ഫോം കൂടി പൂരിപ്പിച്ചു നൽകി രജിസ്ട്രേഷൻ നടപടികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കണം.

2. മത്സരാർത്ഥികളുടെ കുടുംബത്തിൽനിന്നു കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളായിട്ടുള്ള മാതാപിതാക്കളോ സഹോദരങ്ങളോ ഉള്ളവർക്കു മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. അപ്രകാരം അംഗത്വം ഇല്ലാത്തവർക്കു 2023 ജനുവരി 26ന് മുമ്പ് അംഗത്വമെടുത്തു മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. അംഗത്വഫീസ് 50 രൂപ.

3. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന കുട്ടികൾ ഇടവക വികാരിയച്ചന്റെ സാക്ഷ്യപത്രത്തിനൊപ്പം കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് പ്രസിഡന്റ്/സ്കൂൾ ഹെഡ്മാസ്റ്റർ/സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ എന്നിവരിലൊരാളുടെയെങ്കിലും സാക്ഷ്യപത്രംകൂടി വാങ്ങിയിരിക്കണം.

4. മത്സരാർത്ഥികൾ ചങ്ങനാശേരി അംഗമായവരും കേരളത്തിൽ സ്കൂൾ, മതപഠനം എന്നിവ നടത്തുന്നവരുമായിരിക്കണം.

5. അതിരൂപതാമത്സരത്തിൽ തുടർച്ചയായി മൂന്നുവർഷം ഒന്നാംസ്ഥാനം കരസ്ഥമാക്കുന്ന കുട്ടിക്ക് ഒരു ലക്ഷംരൂപയുടെ പ്രത്യേക സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

6. യൂണിറ്റ്, ഫൊറോനാ മത്സരത്തിൽ ഒന്നാംസ്ഥാനത്തെത്തിയ കുട്ടി അതിരൂപതയിലും ഒന്നാംസ്ഥാനം നിലനിർത്തിയാൽ പ്രത്യേക സമ്മാനം ലഭിക്കുന്നതായിരിക്കും.

7. ഫൊറോന, അതിരൂപതാ മത്സരങ്ങളിൽ എഴുത്ത് പരീക്ഷ കൂടാതെ ഇമേജ്, ഓഡിയോ, വീഡിയോ എന്നീ വിഭാഗങ്ങളിലായി പ്രത്യേക റൗണ്ടുകൾ ഉണ്ടാവും.

8. വിജയികൾക്കുള്ള സമ്മാനങ്ങൾ 2023 ഏപ്രിൽ 30 ന് കത്തോലിക്കാ കോൺഗ്രസ് ദിനത്തിൽ വിതരണം ചെയ്യും.

9. യൂണിറ്റ് ഇല്ലായെന്ന കാരണത്താൽ ഏതെങ്കിലും ഇടവകയിൽ പ്രാഥമിക റൗണ്ട് (യൂണിറ്റ് തലം) മത്സരങ്ങൾ സംഘടിപ്പിക്കാൻ സാധിക്കാതെ വന്നാൽ

*ശേഷം പേജ് 78 ൽ.....»*

ഈശോയിൽ പ്രിയപ്പെട്ടവരേ,

എല്ലാവർക്കും പുതുവത്സരാശംസകൾ സ്നേഹത്തോടെ നേരുന്നു. ലഹരി എന്ന മഹാവിപത്തിനെതിരെ ധീരമായി പോരാടുന്നവരാണല്ലോ നാമെല്ലാം. ആത്മതാകേന്ദ്രത്തിന്റെ ഫലപ്രദമായ ഇടപെടലുകളിലൂടെ നിരവധിപേർക്ക് പുതുജീവൻ നല്കാനിടയാകുന്നുണ്ട്. ശരിയായ ബോധവത്ക്കരണവും കൗൺസിലിങ്ങുകളും നമ്മുടെ ജീവിതസാഹചര്യങ്ങളിൽ കണ്ടുമുട്ടുന്ന ഈ കെണികളിലകപ്പെടുന്നവർക്കു നല്കണം. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

### ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ദ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കുക.

ചൊവ്വ – (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ – (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം
വ്യാഴം – (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം
വെള്ളി – (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

### ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ്

ഡിസംബർ 4ന് കൈനടി ഔർ ലേഡി ഓഫ് ഡോളേഴ്സ് ഇടവകയിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സും പ്രതിജ്ഞയും അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം നയിച്ചു. ഇടവകവികാരി റവ. ഫാ. ജോർജ് കപ്പാമൂട്ടിൽ, AKCC ഭാരവാഹികൾ എന്നിവർ പരിപാടികൾക്കു നേതൃത്വം നല്കി.

### മാതാപിതാക്കൾക്ക് ബോധനം

തോട്ടയ്ക്കാട് ഗവ. ഹയർസെക്കന്ററി, താഴത്തുവടകര ഗവ. ഹയർ സെക്കന്ററി എന്നീ സ്കൂളുകളിൽ PTA യ്ക്കുവേണ്ടി 'വളരുന്ന കൗമാരത്തിൽ മാതാപിതാക്കളുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് ശ്രീ. റ്റി.എം. മാത്യു ക്ലാസ്സ് നയിച്ചു.

### ചെങ്ങളം SNYM (ശ്രീനാരായണ യൂത്ത് മൂവ്മെന്റ്) യൂണിറ്റ്

ചെങ്ങളം ശ്രീനാരായണ യൂത്ത് മൂവ്മെന്റ് യൂണിറ്റ് അംഗങ്ങൾക്കുവേണ്ടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ ക്ലാസ്സ് ശ്രീ. റ്റി.എം. മാത്യു നയിച്ചു.

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ കോട്ടയം, ആലപ്പുഴ ജില്ലകളിലെ കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും സമ്മേളനം ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ 31.12.2022 ശനിയാഴ്ച നടത്തി. 47500/ രൂപയുടെ സാമ്പത്തിക സഹായം നല്കി.

### കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

ചങ്ങനാശേരി അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ എക്സിക്യൂട്ടിവ് സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളത്തിന്റെ അദ്ധ്യക്ഷതയിൽ ആത്മതാകേന്ദ്രത്തിൽ നടത്തപ്പെട്ടു. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി തോമസുകുട്ടി മണക്കുന്നേൽ, അതിരൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. അതിരൂപതാ ആത്മതാകുടുംബസമ്മേളനം നടത്തുന്നതിനായി തീരുമാനിച്ചു.

### സംയുക്ത ക്രൈസ്തവ മദ്യവർജ്ജനസമിതി സംസ്ഥാന എക്സിക്യൂട്ടിവ്

സംയുക്ത ക്രൈസ്തവ മദ്യവർജ്ജനസമിതി സംസ്ഥാന എക്സിക്യൂട്ടിവ് സമ്മേളനം കോട്ടയം ട്രാഡായിൽ നടന്നു. സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, ശ്രീ. ടി.എം. മാത്യു എന്നിവർ പങ്കെടുത്തു.

### ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കു പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ എല്ലാമാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടന്നുവരുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ വിദഗ്ധ ഡോക്ടേഴ്സ്, കൗൺസിലർമാർ എന്നിവരുടെ സേവനം ലഭ്യമാണ്. ഈ മാസത്തെ **ധ്യാനം 2023 ജനുവരി 15 മുതൽ 20 വരെ**. മേൽവിലാസവും ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം
ഫോൺ: 0469 2693413, 2690414, 9495193406

---

*» കേരള ലേബർ മൂവ്മെന്റ് തുടർച്ച...*

നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർത്ഥനയും നേരുന്നു.

### മരണാനന്തര സഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാനന്തര സഹായമായ Rs. 1,18,000/- രൂപ കൈമാറി.

* 103– ചാക്കോ കുറുന്തോടത്ത് മണ്ണഞ്ചേരി സെന്റ് മേരീസ് സംഘാംഗം (06.12.2022).
* 104– ജോർജ് തോമസ് കൊല്ലംപറമ്പിൽ കൂത്രപ്പള്ളി മരിയൻ സംഘാംഗം (07.12.22).

**മെറിറ്റ് ഡേ 2022**

ചങ്ങനാശേരി അതിരൂപതയിൽ 2021-22 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പി.ജി. തലങ്ങളിൽ ഉന്നത വിജയം നേടിയ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.വൈ.എൽ സ്കോളർഷിപ്പും പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി (SDVS) നല്കുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പും വിതരണം ചെയ്യുന്നതിനായി ഡിസംബർ 10ന് അതിരൂപതാ പാസ്റ്ററൽ സെന്ററിൽ മെറിറ്റ് ഡേ സംഘടിപ്പിച്ചു.

DCMS അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അദ്ധ്യക്ഷതയും ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖപ്രഭാഷണവും നിർവഹിച്ച സമ്മേളനം അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ ഉദ്ഘാടനം നടത്തി വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. DCMS സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ, DCMS അതിരൂപതാ ഓർഗനൈസർ മാത്യു ജോസഫ്, DCYL അതിരൂപതാ പ്രസിഡന്റ് ശ്യാം കെ. ജോസഫ് എന്നിവർ യോഗത്തിന് ആശംസയറിയിച്ചു സംസാരിച്ചു.

വിവിധ തലങ്ങളിലായി 16 വിദ്യാർത്ഥികൾ സ്കോളർഷിപ്പും 27 വിദ്യാർത്ഥികൾ SDVS ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പും സ്വീകരിച്ചു.

**ക്രിസ്തുമസ് ആഘോഷം**

ചങ്ങനാശേരി അതിരൂപതാ ദളിത് കത്തോലിക്കാ മഹാജന സഭയുടെയും പോഷക സംഘടനകളായ DCYL, DCVS എന്നിവയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. 2022 ഡിസംബർ 18 ഞായറാഴ്ച സന്ദേശനിലയം ഹാളിൽ നടന്ന ആഘോഷപരിപാടികൾ FCC പ്രൊവിൻഷ്യൽ സിസ്റ്റർ ലിസ്സ് മേരി ഉദ്ഘാടനം ചെയ്ത് ക്രിസ്തുമസ് സന്ദേശം നല്കി. 'ശൂന്യവൽക്കരണത്തിന്റെ സന്ദേശം നൽകുന്ന പിറവിത്തിരുന്നാളിന്റെ നന്മകൾ സംഘടനാപ്രവർത്തനങ്ങളിലും മുതൽക്കൂട്ടാവും' എന്ന് സിസ്റ്റർ ഭാരവാഹികളെ ഓർമപ്പെടുത്തി. DCMS അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖ പ്രഭാഷണം നിർവഹിച്ചു. വിവിധ കലാപരിപാടികളും കരോൾ ഗാനാലാപനവും മിഴിവേകിയ ആഘോഷ പരിപാടികളിൽ ക്രിസ്തുമസ് കേക്ക് മുറിച്ച് സന്തോഷം പങ്കിടുകയും ചെയ്തു. DCMS യുവജന ഭാരവാഹികൾ ആഘോഷങ്ങൾക്കു നേതൃത്വം നല്കി.

**യാത്രാമംഗളങ്ങളും സ്വാഗതവും**

നീണ്ട 32 വർഷം DCMS അതിരൂപതാ ഓഫീസ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതിനുശേഷം ഔദ്യോഗിക ചുമതലകളിൽനിന്ന് വിരമിച്ച ശ്രീമതി റോസമ്മ മാത്യുവിനു യാത്രാമംഗളങ്ങളും തൽസ്ഥാനത്തേക്കു പുതുതായി നിയമിതയായ ശ്രീമതി രഞ്ജിനി റെജിക്ക് ചങ്ങനാശേരി അതിരൂപതാ DCMS കുടുംബത്തിന്റെ സ്വാഗതവും നേരുന്നു.

**ഷൈജു ജോസഫ്**
(സെക്രട്ടറി)

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 87–ാമതും 1046–ാമതും പ്രാർത്ഥനാ സമ്മേളനം പ്രസിഡന്റിന്റെ അധ്യക്ഷതയിൽ പാറേൽ സെന്റ് മേരീസ് ദൈവാലയ പാരിഷ് ഹാളിൽ 13–11–2022 ൽ നടക്കുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് ജ്ഞാന വായന നിയമഗ്രന്ഥം ചാപ്റ്റർ 28 ന്റെ ലീജിയൻ ഭരണക്രമത്തിൽ തെരഞ്ഞെടുപ്പ് നടത്തേണ്ട രീതി വായിച്ചു. വൈസ് പ്രസിഡന്റ് സഹോദരി വത്സമ്മ കൂട്ടുമേൽ ബഹു. ഡയറക്ടർ അച്ചനും വന്നിരുന്ന എല്ലാ സൈനികർക്കും മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിക്കുകയും ഹാജർ രേഖപ്പെടുത്തുകയും ചെയ്തു. സെക്രട്ടറി ജമിനി സുരേഷ് കണ്ണമ്പള്ളി കഴിഞ്ഞ മാസത്തെ പ്രവർത്തന റിപ്പോർട്ടും എൽസമ്മ കോട്ടപ്പുറം വരവ് ചിലവ് കണക്കുകളും യോഗത്തിൽ അവതരിപ്പിച്ച പാസാക്കുകയും ബഹു. ഡയറക്ടർ അതിൽ ഒപ്പുവക്കുകയും ചെയ്തു

സൈനിക ജപശൃംഖല ചൊല്ലിയ ശേഷം ചർച്ചകളും ഇലക്ഷൻ നടപടി ക്രമങ്ങളും ആരംഭിച്ചു. നേരത്തെ പ്രഖ്യാപിച്ച പ്രകാരം കമ്മീസിയം പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | : വി.ജെ. വർഗീസ് തട്ടാരടി |
| വൈസ് പ്രസിഡന്റ് | : സുമ ജയിംസ് കൊച്ചുപുര |
| സെക്രട്ടറി | : സ്റ്റെല്ല തോമസ് അരിക്കത്തിൽ |
| ജോയിന്റ് സെക്രട്ടറി | : ഐസക് ആന്റണി കരിങ്ങണാമറ്റം |
| ട്രഷറർ | : ജമിനി സുരേഷ് കണ്ണമ്പള്ളി |
| എക്സി. മെമ്പേഴ്സ് | : എം.വി. ഫിലിപ്പ് മലമേൽ കൊടിനാട്ടുംകുന്ന്, മേരിക്കുട്ടി ജോസഫ് വെരൂർ, അന്നമ്മ തോമസ് ചീരഞ്ചിറ, ഓമന ജോർജ് പാറേൽ |

തെരഞ്ഞെടുപ്പിനുശേഷം പുതിയതായി സ്ഥാനമേറ്റ ഭാരവാഹികൾക്കു സ്വാഗതവും മുൻ ഭാരവാഹികൾക്കു നന്ദിയും അറിയിച്ചു. സമാപനപ്രാർത്ഥനയും ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനാക്കുന്നതിനുള്ള ജപവും ചൊല്ലി പ്രാർത്ഥിച്ചശേഷം ജോസഫ് ഇളംതുരുത്തിയിൽ അച്ചന്റെ അനുഗ്രഹാശീർവാദവും സ്വീകരിച്ച് പരസ്പരം സ്തുതിയും ചൊല്ലി അംഗങ്ങൾ സ്വഭവനത്തിലേക്കു പോയി.

കമ്മീസിയത്തിനുവേണ്ടി,

**സി. ജമിനി സുരേഷ് കണ്ണമ്പള്ളി**
(സെക്രട്ടറി)

**ഫാ. ജോസഫ് ഇളംതുരുത്തിയിൽ**
(സ്പിരിച്ച്വൽ അസിസ്റ്റന്റ്)

പ്രിയ സഹോദരീ സഹോദരങ്ങളേ,

നമുക്ക് ഏറ്റവും അഭിമാനവും സന്തോഷവും നല്കിയ ഒരു ദിവസമായിരുന്നു 2022 ഡിസംബർ 3. നമുക്കൊക്കെയും ഫ്രാൻസിസ്കൻ അല്മായ സഭാംഗമാകാൻ കാരണക്കാരനായ കേരള അസ്സീസി പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണ നടപടിയുടെ അതിരൂപതാതല നടപടിയുടെ സമാപനസമ്മേളനം! ദൈവദാസനെ കബറടക്കിയിരിക്കുന്ന എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ 9.30 ന് സമൂഹബലിയോടുകൂടി ആരംഭിച്ചു. തുടർന്ന് ദൈവദാസന്റെ കബറിടത്തിൽ ഒപ്പീസുംചൊല്ലി. ജൂബിലിഹാളിൽ നാമകരണനടപടിയുടെ സമാപന പൊതുസമ്മേളനവും നടന്നു. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽനിന്നും ഈ ചരിത്രമുഹൂർത്തത്തിനു സാക്ഷ്യം വഹിക്കാൻ കപ്പൂച്ചിൻസഭ, ക്ലാരസഭ, ആരാധനസഭ പ്രൊവിൻഷ്യൽസ്, അതിരൂപതാ കൂരിയ അംഗങ്ങൾ, വൈദികർ, സന്യസ്തർ, ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾ, നാനാസ്ഥലങ്ങളിൽ നിന്നെത്തിയ വിശ്വാസികൾ എന്നിവർ പങ്കെടുത്തു. സമ്മേളനത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അദ്ധ്യക്ഷനായിരുന്നു. കാഞ്ഞിരപ്പള്ളി രൂപതാ മുൻ മെത്രാൻ മാർ മാത്യു അറക്കൽ ഉദ്ഘാടനം ചെയ്തു.

മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത, എപ്പിസ്കോപ്പൽ ഡെലഗേറ്റ് റവ. ഡോ. ജോസഫ് നടുവിലേഴം, പ്രമോട്ടർ ഓഫ് ജസ്റ്റിസ് റവ. ഡോ. ജോസഫ് തൂമ്പുങ്കൽ, അതിരൂപതാ കച്ചേരി അഡ്ജംക്റ്റ് നോട്ടറി റവ. സി. ജോബിൻ FCC, പോസ്റ്റുലേറ്റർ റവ. ഡോ. സിബിച്ചൻ പുതിയിടം OFM Cap., വൈസ് പോസ്റ്റുലേറ്റർ റവ. സി. അനറ്റ് ചാലങ്ങാടി SABS, അതിരൂപതാ ചാൻസിലർ വെരി റവ. ഡോ. ഐസക് ആലഞ്ചേരി എന്നിവർ സത്യപ്രതിജ്ഞ ചൊല്ലിയാണ് മുദ്രവയ്ക്കൽ ചടങ്ങുകൾ ആരംഭിച്ചത്.

നാമകരണനടപടിയുടെ ആവശ്യങ്ങൾക്കായി രൂപീകരിച്ച അതിരൂപതാ കച്ചേരിയുടെ ദീർഘനാളത്തെ പഠനങ്ങളും അന്വേഷണങ്ങളും കണ്ടെത്തലുകളും അതുപ്രകാരം തയ്യാറാക്കിയ റിപ്പോർട്ടുകളും ഉള്ളടക്കം ചെയ്ത പെട്ടികൾ അടച്ച് മുദ്രവെച്ചു. ഇവ വത്തിക്കാനിലെ വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള കാര്യാലയത്തിലേക്ക് അയയ്ക്കും.

അതിരൂപതാ സിഞ്ചെള്ളൂസുമാരായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ, വെരി റവ. ഡോ. വർഗീസ് താനമാവുങ്കൽ, SFO സീറോ മലബാർ ഏരിയാ പ്രസിഡന്റ് ബ്രദർ ഫ്രാങ്കോ മേക്കാട്ടുകളം, ഫൊറോനാപള്ളി വികാരി വെരി റവ. ഫാ. മാത്യു ചൂരവടി, റവ. ഡോ. സിബിച്ചൻ പുതിയിടം OFM Cap., റവ. സി. അനറ്റ് ചാലങ്ങാടി SABS, SFO അതിരൂപതാ സ്പിരിചൽ അസിസ്റ്റന്റ്

ഫാ. മൈക്കിൾ പറൂശ്ശേരിൽ OFM Cap., എടത്വാപള്ളി പാരിഷ് കൗൺസിൽ സെക്രട്ടറി ശ്രീ. തോമസ് ഫ്രാൻസിസ്, പ്രൊഫ. പി.വി. ജറോം എന്നിവർ പ്രസംഗിച്ചു. നേർച്ച ഭക്ഷണത്തോടുകൂടി പരിപാടികൾ അവസാനിച്ചു.

ഈ ചടങ്ങിൽ വന്നുചേർന്ന് ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ മദ്ധ്യസ്ഥതയാൽ അനുഗ്രഹം തേടിയവർക്കും മറ്റെല്ലാവർക്കും SFO അതിരൂപതാ സമിതിയുടെ കൃതജ്ഞതയും സന്തോഷവും അറിയിക്കുന്നു.

ലോകം മുഴുവൻ അനുഗ്രഹവും സന്തോഷം നല്കുന്ന ക്രിസ്തുമസിന്റെ അനുഗ്രഹങ്ങൾ നേടി പുതുവർഷത്തിലേക്കു പ്രവേശിക്കുന്ന എല്ലാവർക്കും ശാന്തിയും സമാധാനവും സൗഭാഗ്യവും ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ** (പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap. (സ്പിരിച്ച്വൽ അസിസ്റ്റന്റ്)

---

*» കത്തോലിക്കാ കോൺഗ്രസ് തുടർച്ച...*

ബന്ധപ്പെട്ട വികാരിയച്ചന്റെ കത്ത് സഹിതം ഓരോ വിഭാഗത്തിലേയും മികച്ച 2 വീതം കുട്ടികളെ ഫൊറോനാ മത്സരത്തിലേയ്ക്കു നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ഈ വിവരം യൂണിറ്റുതല മത്സരം പൂർത്തീകരിക്കപ്പെടുന്ന ദിവസം വൈകുന്നേരം 5നു മുമ്പായി മത്സരത്തിനായുള്ള അതിരൂപതാസമിതിയെ രേഖാമൂലം അറിയിക്കണം. കൂടുതൽ കുട്ടികൾ മത്സരത്തിനു തയ്യാറായി രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പുതിയ യൂണിറ്റുതന്നെ രൂപീകരിച്ച് മത്സരങ്ങൾ നടത്താൻ അതിരൂപതാസമിതി തയ്യാറാണ്.

10. മത്സരാർത്ഥിയൊ ബന്ധുക്കളൊ ഏതെങ്കിലും വിധത്തിൽ സംഘാടക സമിതിയംഗങ്ങളെയോ ക്വിസ് മാസ്റ്ററെയോ മത്സരം തനിക്ക് അനുകൂലമാക്കുന്നതിനായി സ്വാധീനിക്കാൻ ശ്രമിക്കുകയൊ വഴിവിട്ട രീതിയിലുള്ള പ്രോത്സാഹനങ്ങൾക്കു ശ്രമിക്കുകയോ ചെയ്താൽ അതിനാൽത്തന്നെ പ്രത്യേക കാരണം കൂടാതെ തുടർന്നുള്ള മത്സരത്തിൽനിന്നും പ്രസ്തുത കുട്ടിയെ ഒഴിവാക്കുന്നതും വരും വർഷങ്ങളിൽ രജിസ്ട്രേഷൻ നടത്തുവാൻ അനുവദിക്കുന്നതുമല്ല.

11. മത്സരം സംബന്ധിച്ചു ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും. ഏതെങ്കിലും പരാതികളുണ്ടായാൽ മത്സരത്തിനുള്ള അതിരൂപതാ ഉപസമിതി തീരുമാനങ്ങൾ എടുക്കുന്നതായിരിക്കും.

സ്നേഹത്തോടെ,

**പി.പി. ജോസഫ്** (പ്രസിഡന്റ്)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല** (ഡയറക്ടർ)

**ബിജു സെബാസ്റ്റ്യൻ** (ജന. സെക്രട്ടറി)

# വിൻസെൻഷ്യൻ വേദി

*'കർത്താവു നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ. കർത്താവു കരുണയോടെ കടാക്ഷിച്ചു നിനക്കു സമാധാനം നല്കട്ടെ'*
(സംഖ്യ 6:24,26).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ഒരുപാടു നന്മകൾ ലഭിച്ച ഒരു വർഷത്തിലൂടെ കടന്നുപോകാൻ ലഭിച്ച ഭാഗ്യത്തെയോർത്തു ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് നമുക്കു 2023 ലേക്ക് പ്രവേശിക്കാം. മനസ്സിൽ പുതുമയും ഹൃദയത്തിൽ നന്മയും ജീവിതത്തിൽ സ്നേഹവും കാത്തുസൂക്ഷിച്ചുകൊണ്ട് ദിവസങ്ങളെ പുതുമയുള്ളതാക്കാൻ നമുക്കു പരിശ്രമിക്കാം. 365 ദിവസങ്ങൾ ഏറ്റവും കുറഞ്ഞത് 365 അവസരങ്ങളാണ് നമുക്കു പ്രദാനം ചെയ്യുക. ഓരോ ദിവസവും ഓരോ നന്മയെങ്കിലും ചെയ്യാൻ നമുക്കു സാധിക്കണം. 'ജീവിതം ഒരു സൈക്കിൾ സവാരിയാണ്, വീഴാതിരിക്കണമെങ്കിൽ മുന്നോട്ടുനീങ്ങിക്കൊണ്ടേയിരിക്കുക' എന്ന മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ ഓർമ്മിപ്പിക്കട്ടെ. കരുത്തോടെ മുന്നോട്ടുപോകാൻ ജീവിതവഴികളിൽ ചുറ്റുമുള്ളവർക്കു കരുണയും സ്നേഹവും കൂടുതലായി പകർന്നുകൊടുക്കാൻ നമുക്കു പരിശ്രമിക്കാം. പുതുവർഷത്തിൽ എല്ലാ അനുഗ്രഹങ്ങളും ഏവർക്കും സ്നേഹപൂർവം ആശംസിക്കുന്നു.

2023 ലെ പുതുവർഷം ആരംഭിക്കുന്നത് തിരുക്കുടുംബത്തിന്റെ തിരുനാൾ ആഘോഷത്തോടെയാണല്ലോ. ലോകത്തിലെ ഏറ്റവും മാതൃകാപരവും മനോഹരവുമായ കുടുംബമാണല്ലോ തിരുക്കുടുംബം. ഈ മാതൃക അനുകരിച്ച് ദൈവത്തോട് ആലോചന നടത്തുകയും ദൈവത്തിന്റെ പദ്ധതികൾക്ക് നമ്മെത്തന്നെ പൂർണ്ണമായി വിട്ടുകൊടുക്കുകയും ചെയ്യുമ്പോഴാണ് ഓരോ കുടുംബവും തിരുക്കുടുംബമായിത്തീരുന്നത്. ദൈവം ഭൂമിയിൽ തീർക്കുന്ന വിസ്മയങ്ങളാണ് ഓരോ കുടുംബവും. വീടിന്റെ വലിപ്പമല്ല, കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹത്തിന്റെ ആഴമാണല്ലോ ഓരോ കുടുംബത്തിന്റെയും അലങ്കാരം. നാമോരോരുത്തരുടെയും പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്തം സ്വന്തം കുടുംബത്തോടാണ്. വിശുദ്ധമായ പതിവുകൾ കാത്തുസൂക്ഷിക്കുന്ന, പരസ്പര സ്നേഹവും ബഹുമാനവും ആദരവും നിറഞ്ഞുനില്ക്കുന്ന തിരുക്കുടുംബങ്ങളാവട്ടെ നമ്മുടെ ഭവനങ്ങൾ. നസ്രത്തിലെ തിരുക്കുടുംബം നമുക്കു മാതൃകയാവട്ടെ, മദ്ധ്യസ്ഥത നമുക്കു തുണയാകട്ടെ.

പുതിയ വർഷത്തിൽ നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലവും ചൈതന്യവത്തുമാകാൻ നമുക്കു പരിശ്രമിക്കാം. പലപ്പോഴായി നമ്മുടെ പ്രവർത്തനശൈലിയിൽ വരുത്തിയ ചെറിയ ചെറിയ വ്യതിയാനങ്ങൾ പല കോൺഫറൻസുകളുടെയും കൗൺസിലുകളുടെയും പ്രവർത്തനങ്ങൾ സൊസൈറ്റിയുടെ പ്രഖ്യാപിത ശൈലിയിൽനിന്നും വ്യതിചലിക്കാൻ കാരണമായതായി കാണുന്നു. നമ്മുടെ മീറ്റിംഗുകളിൽ ഉൾപ്പെടെ ഈ വ്യത്യാസം അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ നമ്മുടെ അംഗങ്ങളെ പ്രസ്ഥാനത്തെപ്പറ്റിയും പ്രവർത്തനശൈലിയെപ്പറ്റിയും ഉത്തമബോധ്യമുള്ളവരാക്കുവാൻ നമ്മുടെ കോൺഫറൻസ് യോഗങ്ങളിൽ നമ്മുടെ മാനുവലോ, നിയമാവലിയോ ജ്ഞാനവായനക്കായി ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്നു. വായിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യു

കയും അതനുസരിച്ച് ബോധ്യങ്ങൾ ഉൾക്കൊള്ളാനും പരിശ്രമിക്കണം. ഉപരി കൗൺസിലുകളിൽ നിന്നുള്ള കത്തുകളും ആധ്യാത്മിക ഉപദേഷ്ടാക്കളുടെ സന്ദേശങ്ങളുമുള്ളപ്പോൾ അവർക്കു മുൻഗണന നല്കേണ്ടതാണ്.

നമ്മുടെ വാർഷിക റിപ്പോർട്ട് നാഷണൽ കൗൺസിലിന്റെ റിപ്പോർട്ടിന്റെ മാതൃകയിലാക്കി എല്ലാ കോൺഫറൻസുകളിലും എത്തിയിട്ടുണ്ടല്ലോ. 2022 ഏപ്രിൽ 1 മുതൽ നവംബർ 30 വരെയുള്ള വരവുചെലവുകളുടെ ആകെ തുക ഈ ഫാറത്തിൽ രേഖപ്പെടുത്തി മൂന്നുകോപ്പികൾ തയ്യാറാക്കി ഒരെണ്ണം കോൺഫറൻസിൽ സൂക്ഷിച്ച് രണ്ടെണ്ണം ഏരിയാ കൗൺസിലുകളിൽ ജനുവരി 10-ാംതീയതിയോടെ എത്തിക്കുക. നിങ്ങൾക്കു ലഭിക്കുന്ന Excel Sheet കളിൽ ഇതു രേഖപ്പെടുത്തി ഇവ Computerised ചെയ്യാനുള്ള പരിശ്രമത്തോടു സഹകരിക്കുകയും ചെയ്യുക. സംശയങ്ങളുള്ളവർക്ക് ഉപരി കൗൺസിലുകളുമായി ബന്ധപ്പെടാവുന്നതാണ്. നമ്മുടെ വാർഷിക റിപ്പോർട്ടുകൾ ഇപ്രകാരം തയ്യാറാക്കി ഏപ്രിൽ ആദ്യവാരം എത്തിക്കാനും സഹകരിക്കുമല്ലോ. 2023 ഏപ്രിൽമാസം വരെ കാലാവധി പൂർത്തിയാവുന്ന പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പുകൾ നടത്തി പുതിയ ഭാരവാഹികളുടെ വിശദാംശങ്ങളാവണം വാർഷിക റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടത്. ഉപരി കൗൺസിലുകളിൽനിന്നുള്ള നിരീക്ഷകരുടെ സാന്നിധ്യത്തിൽ മാത്രമേ തെരഞ്ഞെടുപ്പുകൾ നടത്താവൂ. നമ്മുടെ നിയമാവലിയിൽ നല്കപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാവണം തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്.

ചങ്ങനാശേരി അതിരൂപതയിലെ ആദ്യത്തെ കോൺഫറൻസും കേരളത്തിലെ ആദ്യത്തെ പർട്ടിക്കുലർ കൗൺസിലും ആരംഭിച്ചത് അതിരമ്പുഴയിലാണല്ലോ. അതിരമ്പുഴ ഏരിയാ കൗൺസിൽ അതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ അവരുടെ അഭ്യർത്ഥന മാനിച്ച് അടുത്ത സെൻട്രൽ കൗൺസിൽ വാർഷികം, ഏരിയാ കൗൺസിലിന്റെ പ്ലാറ്റിനം ജൂബിലി എന്നിവ സംയുക്തമായി 2023 മെയ് 14-ാം തീയതി രാവിലെ മുതൽ അതിരമ്പുഴയിൽ നടത്താൻ തീരുമാനിച്ചിട്ടുള്ളത് എല്ലാവരെയും സന്തോഷത്തോടെ അറിയിക്കുന്നു. നമ്മുടെ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം, എം.ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. ജാൻസി ജയിംസ്, നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ജൂഡ് മംഗൽരാജ് എന്നിവരുടെ മഹനീയ സാന്നിധ്യം വാർഷികാഘോഷത്തിൽ ഉണ്ടാവും. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

അതിരമ്പുഴ ഏരിയാ കൗൺസിൽ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ഫെബ്രുവരി 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് നമ്മുടെ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം നിർവഹിക്കുന്നതാണ്. പ്രസ്തുത സമ്മേളനത്തിലേക്ക് എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു. അതിരമ്പുഴ, കുടമാളൂർ, കോട്ടയം ഏരിയാ കൗൺസിലുകളിൽപ്പെട്ട എല്ലാ അംഗങ്ങളും എല്ലാ ഏരിയാ കൗൺസിലുകളുടെ ഭാരവാഹികളും നിർബന്ധമായും ഇതിൽ പങ്കെടുക്കണം. വിശദാംശങ്ങൾ വാട്സ്ആപ്പിലൂടെ അറിയിക്കുന്നതാണ്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

*''വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ''*
(മത്തായി 9:37-38).

നവീകരണ പ്രവർത്തനങ്ങളുടെ അടിസ്ഥാനഘടകം പ്രാർത്ഥനാഗ്രൂപ്പുകൾ ആണ്. അതിനാൽ ധാരാളം പ്രാർത്ഥനാഗ്രൂപ്പുകൾ ഉണ്ടാകുവാൻ സബ്സോൺ സർവീസ് ടീമുകൾ തീക്ഷ്ണമായി പരിശ്രമിക്കുന്നു. തിരുവല്ല സബ്സോണിന്റെ പ്രവർത്തനഫലമായി പുതിയതായി നാല് ഇടവകകളിൽ പ്രാർത്ഥനാഗ്രൂപ്പുകൾ ആരംഭിക്കുവാൻ സാധിച്ചു. തിരുവല്ല മെത്രാപ്പോലീത്ത അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ ആശീർവാദ അനുഗ്രഹത്തോടെയാണ് പ്രവർത്തിക്കുന്നത്. രൂപതാ വൈദികരായ ബഹു. തോമസ് തൈക്കാട്ട്, ബഹു. എബി വടക്കുംകാലാ, ബഹു. മാത്യു കഴുവഞ്ചേരി, ബഹു. സി. റെജീന എന്നിവർ പ്രവർത്തനങ്ങൾക്ക് സജീവമായ സഹകരണം നൽകിക്കൊണ്ടിരിക്കുന്നു. ലൈഫ് ഇൻ ദി സ്പിരിറ്റ് കോഴ്സ് പുതിയ ബാച്ചിനുള്ള രജിസ്ട്രേഷൻ അവസാനഘട്ടത്തിലാണ്. ചെങ്ങരൂർ മലങ്കര കത്തോലിക്കാപള്ളിയിൽ പുതിയതായി ഓഫ് ലൈനായി എൽ.എസ്.എസ്. നടക്കുന്നു. മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രിയുടെ നേതൃത്വത്തിലുള്ള ഓൺലൈൻ പ്രാർത്ഥനാകൂട്ടായ്മ ശനിയാഴ്ചകളിൽ വളരെ മനോഹരമായി നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ ചെത്തിപ്പുഴ സബ്സോണിന്റെ നേതൃത്വത്തിൽ എല്ലാദിവസവും ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഓൺലൈനിൽ കൂട്ടായ്മ നടക്കുന്നു. ആനിമേറ്റർ ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചന്റെ നേതൃത്വവും ബഹു. സി. ചെറുപുഷ്പത്തിന്റെ സാന്നിദ്ധ്യവും എല്ലാവർക്കും വലിയ പ്രോത്സാഹനമാണ് നൽകുന്നത്. എല്ലാ പ്രവർത്തനങ്ങൾക്കും ദൈവം നൽകുന്ന കൃപയ്ക്കായി നന്ദി അർപ്പിക്കുന്നു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
(ആനിമേറ്റർ)

**പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ**

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

184



# വിശ്വാസവും വിശുദ്ധീകരണവും രക്ഷയും

(തിരുവചനഭാഗം: റോമാ 10, 1–21)

ഈ വചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. മിശിഹാ: നിയമത്തിന്റെ പൂർത്തീകരണം (10,1–4)
2. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസവും രക്ഷയും (10,5–10)
3. വിശ്വാസവും ഏറ്റുപറച്ചിലും സാർവ്വത്രികരക്ഷയും (10,11–13)
4. സുവിശേഷപ്രഘോഷണവും വിശ്വാസവും (10,14–18)
5. ഇസ്രായേലിന്റെ തിരസ്കരണവും വിജാതീയരുടെ സ്വീകരണവും (10,19–21)

ഈ ലേഖനഭാഗത്തുനിന്ന് അജപാലകർക്ക് പ്രചോദനാത്മകമായ കാര്യങ്ങൾ കണ്ടെത്താൻ ശ്രമിക്കാം.

## 1. മിശിഹാ: നിയമത്തിന്റെ പൂർത്തീകരണം

*''സഹോദരരേ, എന്റെ ഹൃദയപൂർവകമായ ആഗ്രഹവും ഇസ്രായേലിനു വേണ്ടി ദൈവത്തോടുള്ള എന്റെ പ്രാർത്ഥനയും അവർ രക്ഷിക്കപ്പെടണം എന്നതാണ്. അവർക്കു ദൈവത്തെക്കുറിച്ചു തീക്ഷ്ണതയുണ്ടെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു; ആ തീക്ഷ്ണത ശരിയായ അറിവിന്റെ അടിസ്ഥാനത്തിലല്ലെന്നേയുള്ളൂ. എന്നാൽ, ദൈവത്തിന്റെ നീതിയെക്കുറിച്ച് അവർ അജ്ഞരാകകൊണ്ടും തങ്ങളുടെതന്നെ നീതി സ്ഥാപിക്കാൻ വ്യഗ്രത കാണിക്കുന്നതുകൊണ്ടും ദൈവനീതിക്ക് അവർ കീഴ്‌വഴങ്ങിയില്ല. വിശ്വസിക്കുന്ന ഏതൊരുവനും നീതീകരിക്കപ്പെടുന്നതിനു മിശിഹാ നിയമത്തെ പൂർത്തീകരിച്ചിരിക്കുന്നു''* (10,1–4).

ഉടമ്പടിയുടെ നവീകരണത്തെ ആസ്പദമാക്കിയാണ് ഇവിടെ പൗലോസ് ശ്ലീഹാ സംസാരിക്കുന്നത്. ദൈവം ഇസ്രായേലുമായി നടത്തിയ ഉടമ്പടി മിശിഹായിൽ നവീകരിക്കപ്പെട്ടു എന്നാണ് പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്നത്. ഈശോമിശിഹായിലുള്ള വിശ്വാസമാണ് പുതിയ ഉടമ്പടിയുടെ പങ്കാളിത്തത്തിനുള്ള അനിവാര്യവ്യവസ്ഥ. ഈ വ്യവസ്ഥ പാലിക്കുന്നവന്, അവൻ യഹൂദനായാലും വിജാതീയനായാലും അവന് ഉടമ്പടിയിൽ പങ്കാളിത്തം ലഭിക്കും. പൗലോസ്ശ്ലീഹാ തന്റെ സഹോദരരായ യഹൂദസമൂഹത്തിന്റെ രക്ഷയ്ക്കായി പ്രാർത്ഥിക്കുന്നു. മിശിഹായെ നിഷേധിക്കുന്നവരെ ശത്രുവായിട്ടല്ല നാം കാണേ

ണ്ടത്. അവരെ സഹോദരരായി കാണുകയും അവരുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യണം. യഹൂദർ തീക്ഷ്ണമതികളായിരുന്നു. പക്ഷേ അവരുടെ തീക്ഷ്ണത, നിയമവും പാരമ്പര്യവും സംരക്ഷിക്കുന്നതിലായിരുന്നു. തന്നെപ്പോലെ അവരും നിയമത്തിന്റെ പൂർത്തീകരണമായ മിശിഹായിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കണമെന്നു പൗലോസ്ശ്ലീഹാ പ്രാർത്ഥിക്കുന്നു. യഹൂദരെപ്പോലെ ദൈവത്തെപ്രതി തെറ്റായ തീക്ഷ്ണതയുള്ളവർ ഇന്നുമുണ്ട്. അവരെ സഹോദരങ്ങളായി കരുതി അവരും യഥാർത്ഥവിശ്വാസത്തിലേക്കു വരുന്നതിന് നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

നിയമമെന്നു പറയുന്നത് പഴയനിയമജനതയുടെ ജീവിതനിയമം തന്നെയായിരുന്നു. 'നിയമവും പ്രവാചകന്മാരും' എന്നു പറഞ്ഞാൽ പഴയനിയമം മുഴുവനും സൂചിപ്പിക്കപ്പെടുന്നുണ്ട്. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർക്ക് മിശിഹായുടെ പീഡാനുഭവവും കുരിശുമരണവും വലിയ ഇടർച്ചയായിരുന്നു. എന്നാൽ അതെല്ലാം പഴയനിയമത്തിൽ മുൻകൂട്ടി പ്രവചിക്കപ്പെട്ടിരിക്കുന്നതാണ്. ഉത്ഥിതനായ മിശിഹാ അവരോടൊത്തു നടക്കുകയും ''മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും വിശുദ്ധലിഖിതങ്ങളിൽ തന്നെപ്പറ്റി എഴുതിയിരുന്നവയെല്ലാം അവർക്കു വ്യാഖ്യാനിച്ചു കൊടുക്കുകയും ചെയ്തു'' (ലൂക്കാ 24,27). അപ്രകാരം നിരാശരായ ശിഷ്യരെ പ്രത്യാശയുള്ളവരാക്കി മാറ്റുകയും മിശിഹായെപ്പറ്റി സാക്ഷ്യംനൽകുന്നവരാക്കിത്തീർക്കുകയും ചെയ്തു. മിശിഹാ വന്നത് നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനല്ല; പൂർത്തിയാക്കുവാനാണ് (മത്താ 5,17). അതുകൊണ്ട് നിയമത്തിൽ തീക്ഷ്ണതയുള്ള തന്റെ സ്വന്തം ജനങ്ങൾ മിശിഹായിൽ തീക്ഷ്ണമതികളായ വിശ്വാസികളായിത്തീരാൻ പൗലോസ്ശ്ലീഹാ പ്രാർത്ഥിക്കുന്നു. ദൈവത്തെക്കുറിച്ചു തെറ്റായ തീക്ഷ്ണത വച്ചുപുലർത്തുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരെ ശരിയായ ദൈവവിശ്വാസത്തിലേക്ക് ആനയിക്കുവാൻ ശ്രമിക്കുവാനും അജപാലകർ വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം.

## 2. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസവും രക്ഷയും

*''നിയമാധിഷ്ഠിതമായ നീതി പ്രവർത്തിക്കുന്നവർക്ക് അതുമൂലം ജീവൻ ലഭിക്കും എന്നു മോശ എഴുതുന്നു. വിശ്വാസാധിഷ്ഠിതമായ നീതിയാകട്ടെ ഇങ്ങനെ പറയുന്നു: മിശിഹായെ താഴേക്കു കൊണ്ടുവരാൻ സ്വർഗത്തിലേക്ക് ആരു കയറും എന്നു നീ ഹൃദയത്തിൽ പറയരുത്. അഥവാ മിശിഹായെ മരിച്ചവരിൽനിന്ന് ഉയർത്താൻ പാതാളത്തിലേക്ക് ആര് ഇറങ്ങും എന്നും പറയരുത്. എന്നാൽ പിന്നെ, എന്താണു പറയുന്നത്? വചനം നിനക്കു സമീപസ്ഥമാണ്. നിന്റെ അധരത്തിലും നിന്റെ ഹൃദയത്തിലും അതുണ്ട് – ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസത്തിന്റെ വചനം തന്നെ. ആകയാൽ, ഈശോ കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ ഹൃദയംകൊണ്ട് വിശ്വസിക്കുകയും തന്മൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു. അവൻ അധരംകൊണ്ട് ഏറ്റുപറയുകയും തൻമൂലം രക്ഷപ്രാപിക്കുകയും ചെയ്യുന്നു''* (10,5-10).

നിയമാധിഷ്ഠിതനീതിയും വിശ്വാസാധിഷ്ഠിതനീതിയും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ അവതരിപ്പിക്കുന്നത്. മിശിഹാ നിയമത്തെ നിരാകരിക്കുകയല്ല പൂർത്തീകരിക്കുകയാണ് ചെയ്തത്. ലേവ്യർ 18,5 നെ റോമാ 10,5 ലും നിയമാ 30,11-14 റോമാ 10,6-8 ലും ഉദ്ധരിച്ചുകൊണ്ടാണ് പൗലോസ്ശ്ലീഹാ തന്റെ വാദഗതികൾ അവതരിപ്പിക്കുന്നത്. 10,6-7 ൽ മിശിഹായുടെ അവരോഹണത്തെയും ആരോഹണത്തെയുംകുറിച്ചുള്ള സൂചനകളാണുള്ളത്. അവരോഹണം മനുഷ്യാവതാരത്തെയും ആരോഹണം ഉത്ഥാനത്തെയും പ്രതിനിധാനം ചെയ്യുന്നു. 10,8 ൽ പറയുന്നത് ''വചനം നിനക്കു സമീപസ്ഥമാണ്. നിന്റെ അധരത്തിലും നിന്റെ ഹൃദയത്തിലും അതുണ്ട്-ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസത്തിന്റെ വചനംതന്നെ'' എന്ന പ്രസ്താവന, മിശിഹായുടെ ഉത്ഥാനത്തെക്കുറിച്ചുള്ള തന്റെ പ്രഘോഷണത്തെ, വിശ്വാസംവഴി രക്ഷയിലേക്കുള്ള ക്ഷണമായിട്ടാണ് വി. പൗലോസ് കരുതുന്നത്.

റോമാ 10,9-10 ൽ ക്രിസ്തീയ വിശ്വാസത്തിന്റെ ഉള്ളടക്കമെന്തെന്ന് ഏറ്റവും കൃത്യവും നിയതവുമായ ഭാഷയിൽ ശ്ലീഹാ അവതരിപ്പിക്കുന്നു. ''ഈശോ കർത്താവാണ്'' എന്ന പ്രഖ്യാപനം മാമ്മോദീസാ പ്രകരണമായിരുന്നു (ശ്ലീഹാ 22,16; 1 കോറി 12,3; 2 കോറി 4,5; ഫിലി 2,11). ഈശോയുടെ ഉത്ഥാനം ദൈവത്തിന്റെ പ്രവൃത്തിയാണ്. ഈശോയുടെ ഉത്ഥാനത്തെ ''ഹൃദയത്തിൽ വിശ്വസിക്കണം'' എന്നതിലൂടെ, പ്രസ്തുത വിശ്വാസത്തെ ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിക്കണം എന്നാണ് അർത്ഥമാക്കുന്നത് (1 കോറി 6,14; 2 കോറി 4,14; ഗലാ 1,1). ഉത്ഥാനം എന്ന യാഥാർത്ഥ്യത്തെ കേവലം ആശയപരമോ ബൗദ്ധികമോ ആയി മാത്രം ഗ്രഹിക്കാതെ ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിക്കുന്നതിലാണ് ക്രിസ്തീയവിശ്വാസത്തിന്റെ മർമ്മം അടങ്ങിയിരിക്കുന്നത്. ഹൃദയത്തിലുള്ള ഈ വിശ്വാസം വിശുദ്ധീകരണത്തിനും അധരംകൊണ്ടുള്ള ഏറ്റുപറച്ചിൽ രക്ഷയ്ക്കും കാരണമാകുമെന്നാണ് ശ്ലീഹാ തുടർന്നുപറയുന്നത്. ഹൃദയത്തിന്റെ നിറവിൽനിന്ന് അധരം സംസാരിക്കുന്നതുപോലെ വിശുദ്ധീകരണത്തിലൂടെ രക്ഷ കരഗതമാകുന്നു. മിശിഹായുടെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിലും അതോടൊപ്പം നമ്മുടെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിലും അജഗണങ്ങളെ വളർത്തുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

### 3. വിശ്വാസവും ഏറ്റുപറച്ചിലും സാർവ്വത്രികരക്ഷയും

*''അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിക്കേണ്ടിവരുകയില്ല എന്നാണല്ലോ വിശുദ്ധഗ്രന്ഥം പറയുന്നത്. യഹൂദനും ഗ്രീക്കുകാരനും തമ്മിൽ വ്യത്യാസമില്ല. ഒരുവൻ തന്നെയാണ് എല്ലാവരുടെയും കർത്താവ്. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയുംമേൽ അവിടുന്നു തൻെറ സമ്പത്തു വർഷിക്കുന്നു. എന്തെന്നാൽ, കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷപ്രാപിക്കും''* (10,11-13).

രക്ഷയുടെ സാർവ്വത്രികദർശനം ഒരിക്കൽകൂടി ശ്ലീഹാ അവതരിപ്പിക്കുന്നു. റോമാ 3,22-23 ൽ യഹൂദനും വിജാതീയനും ഒരുപോലെ പാപികളായ കഥ പൗലോസ് അവതരിപ്പിച്ചതാണ്. ഒരുപോലെ പാപികളായവർ ഒരേ രക്ഷകനിൽ നിന്നു രക്ഷ പ്രാപിക്കും. ''എല്ലാവരുടെയും കർത്താവ്'' എന്ന പദപ്രയോഗം

റോമൻ ചക്രവർത്തിമാർ തങ്ങളുടെ അഭിധാനമായി ഉപയോഗിച്ചിരുന്നതാണ്. എന്നാൽ ഇതേ അഭിധാനം ദൈവത്തെ സൂചിപ്പിക്കാൻ രണ്ടാം ദൈവാലയകാലഘട്ടത്തിൽ ഉപയോഗിച്ചിരുന്നു (ശ്ലീഹാ 10,36). ''എല്ലാവരുടെയും'' കർത്താവ് എന്ന ആശയം ജോയേൽ 2,32 ലും പ്രകടമാണ്. അതുകൊണ്ട് ക്രിസ്തീയ വിശ്വാസവും മാമ്മോദീസായും സാർവ്വത്രികരക്ഷ പ്രദാനം ചെയ്യുന്നതാണെന്നുള്ള സത്യം പൗലോസ്ശ്ലീഹാ പ്രത്യേകം എടുത്തുപറയുന്നു.

മിശിഹായിൽ ജീവിക്കുന്നവരെക്കുറിച്ചു പൗലോസ് ഇപ്രകാരം വ്യക്തമായി പറയുന്നുണ്ടല്ലോ. ''പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരായ നാം അതിൽ ജീവിക്കുന്നതെങ്ങനെ? ഈശോമിശിഹായോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണു ജ്ഞാനസ്നാനം സ്വീകരിച്ചതെന്നു നിങ്ങൾക്കറിഞ്ഞുകൂടെ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിനു സദൃശ്യമായ ഒരു മരണത്തിൽ നാം അവനോടൊത്ത് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരുത്ഥാനത്തിനു സദൃശമായ ഒരു പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും'' (റോമാ 6,2-5). മിശിഹാ ലോകത്തിന്റെ മുഴുവൻ രക്ഷകനാണെന്നു അവിടുത്തെ അനുഭവിച്ചറിഞ്ഞ സമറിയാപട്ടണവാസികൾ ഏറ്റുപറഞ്ഞു എന്ന് യോഹന്നാൻ സുവിശേഷകനും സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 4,42). മിശിഹായിലുള്ള വിശ്വാസജീവിതം സാർവ്വത്രികരക്ഷ നൽകുമെന്ന ബോദ്ധ്യം വിശ്വാസികളിൽ വളർത്തുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

## 4. സുവിശേഷപ്രഘോഷണവും വിശ്വാസവും

*''എന്നാൽ, തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും? സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം! എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത്. എന്നാൽ, എല്ലാവരും സുവിശേഷം അനുസരിച്ചില്ല. കർത്താവേ, ഞങ്ങളുടെ സന്ദേശം കേട്ടിട്ട് വിശ്വസിച്ചവൻ ആരാണ്? എന്ന് ഏശയ്യാ ചോദിക്കുന്നുണ്ടല്ലോ. ആകയാൽ വിശ്വാസം കേൾവിയിൽനിന്നും കേൾവി മിശിഹായെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ്. എന്നാൽ, അവർ കേട്ടിട്ടില്ലേ എന്നു ഞാൻ ചോദിക്കുന്നു. തീർച്ചയായും ഉണ്ട്. എന്തെന്നാൽ, അവരുടെ ശബ്ദം ഭൂമി മുഴുവനിലും വ്യാപിച്ചിരിക്കുന്നു; അവരുടെ വചനങ്ങൾ ലോകത്തിന്റെ സീമകൾവരെയും''* (10,14-18).

വിജാതീയരോടുള്ള സുവിശേഷപ്രഘോഷണത്തെ പൗലോസ്ശ്ലീഹാ ന്യായീകരിക്കുകയാണ്. സാർവ്വത്രികരക്ഷ സാധ്യമാകണമെങ്കിൽ സാർവ്വത്രികലക്ഷ്യത്തോടെ ശ്ലീഹന്മാർ നിയോഗിക്കപ്പെടണം എന്നതാണ് ശ്ലീഹായുടെ പ്രധാനവാദം. അപ്രകാരം നിയോഗിക്കപ്പെട്ട ശ്ലീഹായാണു താൻ എന്ന

പരോക്ഷവാദവും ഇവിടെയുണ്ട്. വിജാതീയരുടെ അപ്പസ്തോലനായി തന്നെ ത്തന്നെ അവതരിപ്പിക്കുന്നതിൽ പൗലോസ് ശ്ലീഹായ്ക്ക് ഏറെ താത്പര്യമുണ്ട് (1,15; 15,18) വാസ്തവത്തിൽ പൗലോസ്ശ്ലീഹാ വിജാതീയരുടെ അപ്പസ്തോ ലനായി ദൈവത്താൽ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ടാണ് സഭ യഹൂദമതത്തിൽ നിന്നും വ്യത്യസ്തമായ ഒരു ക്രിസ്തീയസമൂഹമായി രൂപം കൊണ്ടതെന്നതിനു യാതൊരു സംശയവുമില്ല. ഇന്നു റോമിൽ പത്രോസും പൗലോസും സഭയുടെ നെടുംതൂണുകളായി അംഗീകരിക്കപ്പെടുന്നത് ഇതിന്റെ ഒരു സൂചനയാണ്. പത്രോസിന്റെയും പൗലോസിന്റെയും തിരുനാളിന് കത്തോ ലിക്കാസഭയിലുള്ള പ്രാധാന്യം ഇത് അനുസ്മരിപ്പിക്കുന്നതാണ്.

''സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം'' എന്ന പ്രസ്താവന (10,15) ഏശ 52,7 ൽ നിന്നുള്ള ഉദ്ധരണിയാണ്. സഹനദാസന്റെ കീർത്തനത്തിലുള്ള ഈ പരാമർശം സുവിശേഷപ്രഘോഷണത്തിനിടയിൽ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളെക്കുറിച്ചുള്ള പരോക്ഷ സൂചനയായും കരുതാം. ''കർത്താവേ ആരു ഞങ്ങളെ വിശ്വസിച്ചു'' എന്ന ചോദ്യവും (10,16) ഏശ 53,1 ലെ നാലാം സഹനദാസസങ്കീർത്തനത്തിന്റെ പ്രാരംഭവാക്യമാണ്. തന്റെ സുവിശേഷപ്രഘോഷണത്തിൽ അനുഭവിക്കേണ്ടിവന്ന കഷ്ടതകളെ ശ്ലീഹാ അയവിറക്കുന്ന വാക്യമായി ഇതിനെ കരുതാം. വിശ്വാസം, കേൾവി, പ്രഘോഷണം എന്നിവയുടെ പാരസ്പര്യമാണ് ശ്ലീഹാ 10,17 ൽ അവതരിപ്പിക്കു ന്നത്. വിശ്വാസം വചനശ്രവണത്തിലൂടെയാണ്. 'വചനം' എന്നതിലൂടെ വചന മായ മിശിഹായെന്നോ, മിശിഹായെക്കുറിച്ചുള്ള വചനപ്രഘോഷണമെന്നോ അർത്ഥവ്യാഖ്യാനം നടത്താം. 'ലോകം മുഴുവൻ വ്യാപിച്ച വചനം' എന്നത് മിശിഹാസംഭവത്തെത്തന്നെയാണ് സൂചിപ്പിക്കുന്നത്. നിയമം, തിരഞ്ഞെടുപ്പ് തുടങ്ങിയ പരിമിതികളിൽനിന്നും രക്ഷയുടെ സാർവ്വത്രികമാനം സാക്ഷാത്ക രിക്കപ്പെട്ടതു മിശിഹാസംഭവത്തിലൂടെയാണ്. ഈ സാർവ്വത്രികമാനം വിജാതീ യരെ ഉൾക്കൊണ്ടപ്പോൾ, അവിശ്വസ്തരായ യഹൂദരുടെ തിരസ്കരണത്തിനും കാരണമായി. നമ്മുടെ ക്രിസ്തീയവിശ്വാസം അതിന്റെ തനിമയിൽ ജീവിച്ച്, ജീവിതം സുവിശേഷം പ്രഘോഷണമാക്കുവാൻ അജപാലകർ വിശ്വാസികളെ പരിശീലിപ്പിക്കണം.

### 5. ഇസ്രായേലിന്റെ തിരസ്കരണവും വിജാതീയരുടെ സ്വീകരണവും

*''ഞാൻ വീണ്ടും ചോദിക്കുന്നു, ഇസ്രായേൽ ഇതു ഗ്രഹിച്ചില്ലയോ? മുമ്പേ തന്നെ മോശ ഇങ്ങനെ പറയുന്നു: ഒരു ജനതയല്ലാത്തവരോടു നിങ്ങളിൽ ഞാൻ അസൂയ ജനിപ്പിക്കും. ബുദ്ധിയില്ലാത്ത ഒരു ജനത്തെക്കൊണ്ടു നിങ്ങളെ ഞാൻ പ്രകോപിപ്പിക്കും. ഏശയ്യായും ധൈര്യപൂർവം പറയുന്നു: എന്നെ തേടാത്തവർ എന്നെ കണ്ടെത്തി; എന്നെപ്പറ്റി അന്വേഷിക്കാത്തവർക്ക് ഞാൻ എന്നെ വെളി പ്പെടുത്തി. ഇസ്രായേലിനെപ്പറ്റിയാകട്ടെ, അവൻ പറയുന്നത് ഇങ്ങനെയാണ്: അനുസരണമില്ലാത്തവരും ധിക്കാരികളുമായ ഒരു ജനത്തിനുനേരെ ദിവസം മുഴുവനും ഞാൻ എന്റെ കരങ്ങൾ നീട്ടി''* (10,19-21).

ഇസ്രായേലിലെ ഒരു വിഭാഗത്തിന്റെ തിരസ്കരണവും വിജാതീയരിൽ ഒരു വിഭാഗത്തിന്റെ സ്വീകരണവും സംഭവിച്ച വർത്തമാനകാല യാഥാർത്ഥ്യത്തെ

വി. പൗലോസ് നിയ 32,21; ഏശ 65,1 എന്നീ ഉദ്ധരണികളുടെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുന്ന വാക്യങ്ങളാണിവ. നിയ 32,21 മോശയുടെ കീർത്തനത്തിന്റെ ഭാഗമാണ്. ''ജനമല്ലാത്ത ജനം'' എന്ന മോശയുടെ വാക്കുകളെ വിജാതീയരുടെ രക്ഷയെക്കുറിച്ചുള്ള പ്രവചനമായാണ് പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത്. ഏശ 65,1 ലെ പ്രാർത്ഥനയാകട്ടെ ഇസ്രായേലിന്റെ വിനാശത്തിൽ ദൈവത്തിന്റെ ഇടപെടൽ അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ്. ഈ പ്രാർത്ഥനക്കുള്ള ഉത്തരമായി മിശിഹാ വന്നെങ്കിലും അവനെ സ്വീകരിക്കുവാൻ വിസമ്മതിക്കുകവഴി ''ദൈവത്തെ തേടാത്ത ജനതകൾക്ക്'' ദൈവം സ്വയം വെളിപ്പെടുത്തുന്ന സ്ഥിതിവിശേഷം സംജാതമായി എന്നാണ് ശ്ലീഹാ പ്രസ്താവിക്കുന്നത്.

ഇസ്രായേലിന്റെ രക്ഷാചരിത്രത്തെ ലോകചരിത്രത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാനുള്ള ശ്രമമാണ് പൗലോസ്ശ്ലീഹാ നടത്തുന്നത്. ഓരോ വ്യക്തിക്കും ഓരോ ജനതയ്ക്കും സ്വന്തം ദൈവാനുഭവത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും കഥകൾ അവകാശവാദമായും അഭിമാനബോധമായും അവതരിപ്പിക്കാനുണ്ടാകാം. പ്രസ്തുത അവകാശവാദങ്ങൾ സത്യസന്ധവുമായിരിക്കാം. എങ്കിലും രക്ഷയുടെ സമഗ്രതയിൽ ഒറ്റപ്പെട്ട അവകാശവാദങ്ങളെല്ലാം മിശിഹാ എന്ന വ്യക്തിയിൽ സമന്വയിക്കപ്പെടും എന്ന ചിന്തയാണ് വി. പൗലോസ് അവതരിപ്പിക്കുന്നത്. ഇനിമേൽ രക്ഷയ്ക്കു ജന്മാവകാശങ്ങളുടെ പ്രസക്തിയില്ല. മനുഷ്യനായി അവതരിച്ച ദൈവപുത്രനിലുള്ള വിശ്വാസവും അവിടുത്തോടുള്ള വിശ്വസ്തതയുമാണ് ഇനിമേൽ രക്ഷയുടെ മാനദണ്ഡം. ലോകരക്ഷകനായ മിശിഹായിലുള്ള നമ്മുടെ ക്രൈസ്തവവിശ്വാസത്തിന്റെ തനിമയും മാഹാത്മ്യവും ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തു ശരിക്കും വിശ്വാസപ്രഘോഷകരായിത്തീരുവാൻ അജപാലകർ ജനങ്ങളെ സജ്ജരാക്കണം.

## ജീവിതസൂചിക

1. ദൈവത്തെക്കുറിച്ചു തെറ്റായ ആശയവും തീക്ഷ്ണതയുമുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവർക്കു ശരിയായ കാഴ്ചപ്പാടു നൽകുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. മിശിഹായുടെ ഉത്ഥാനത്തിൽ വിശ്വസിക്കുവാനും നമ്മുടെ ഉത്ഥാനത്തിൽ പ്രതീക്ഷ അർപ്പിക്കുവാനും എനിക്കു സാധിക്കുന്നുണ്ടോ?
3. മിശിഹായിലുള്ള വിശ്വാസജീവിതം സാർവ്വത്രികരക്ഷ നൽകുമെന്ന ബോദ്ധ്യം ജീവിക്കുവാനും പ്രഘോഷിക്കുവാനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
4. മിശിഹായിലുള്ള വിശ്വാസം അതിന്റെ തനിമയിൽ ജീവിച്ച് ജീവിതം സുവിശേഷപ്രഘോഷണമാക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
5. ലോകരക്ഷകനായ മിശിഹായിലുള്ള വിശ്വാസത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**നവംബർ 2022**

25 ദുബായ് സെന്റ് മേരീസിലെ സീറോമലബാർ ദിനാഘോഷങ്ങളിൽ പങ്കെടുക്കുവാനും UAE സന്ദർശനത്തിനുമായി പുറപ്പെട്ടു. വൈകുന്നേരം UAE ൽ C News-ന്റെ ബോർഡ് മെമ്പേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു തുടർന്ന് അഭിമുഖം നൽകി.

26 രാവിലെ ദുബായ് സെന്റ് മേരീസ് ദൈവാലയത്തിൽ മതാധ്യാപകർക്കായി സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുക്കുകയും അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

27 UAE സീറോ മലബാർ ദിനാഘോഷത്തോടനുബന്ധിച്ചു ദുബായ് സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിക്കുകയും തുടർന്നു നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നൽകി.

28 SMCA UAE ചാപ്റ്ററിലെ എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെയും വിവിധ സബ് കമ്മിറ്റി ലീഡേഴ്സിന്റെയും അവരുടെ കുടുംബാംഗങ്ങളുമൊത്തുള്ള മീറ്റിംഗിൽ പങ്കെടുത്തു. ലോകത്തിലെ ഏറ്റവും ഉയരംകൂടിയ ബുർജ് ഖലീഫാ, ഫ്രാൻസിസ് മാർപാപ്പാ സന്ദർശിച്ച അബുദാബി ഗ്രാൻഡ് മോസ്ക്, പാപ്പായുടെ സന്ദർശനത്തിന്റെ ഭാഗമായി നാമകരണം ചെയ്യപ്പെട്ട Mary the Mother of Jesus Mosque Abu Dhabi, അതിപുരാതനമായ ജബൽ അൽ ഹഫീത്ത് മല തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. അബുദാബി കത്തീഡ്രൽ, സെന്റ് പോൾസ് ദൈവാലയം മുസ്സഫ, സെന്റ് ഫ്രാൻസിസ് ദൈവാലയം ജബൽ അലി, സെന്റ് മേരീസ് ദൈവാലയം അൽ ഐൻ, സെന്റ് മിഖായേൽ ദൈവാലയം ഷാർജ എന്നീ ഇടവകകൾ സന്ദർശിച്ചു.

29 അബുദാബി ബിഷപ് ഹൗസിൽ ബിഷപ് പൗലോ മാർട്ടിനെല്ലി (സതേൺ അറേബ്യ വികാരിയത്ത്), ബിഷപ് പോൾ ഹിൻഡർ (നോർത്തേൺ വികാരിയത്ത്) എന്നിവരെ സന്ദർശിച്ച് ഗൾഫ് നാടുകളിലെ വിശ്വാസികളുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു.

**ഡിസംബർ 2022**

01 UAE സന്ദർശനത്തിനുശേഷം തിരികെയെത്തി.

02 ഉച്ചയ്ക്ക് ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിംഗ് കോളേജിലെ 21-ാമത് ബാച്ചിന്റെ പ്രവേശനദിന സമ്മേളനത്തിൽ പങ്കെടുത്തു ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

03 എടത്വാ സെന്റ് ജോർജ് ഫൊറോനാ ഇടവക ഓഡിറ്റോറിയത്തിൽ നടന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണ നടപടിയുടെ

അതിരൂപതാതല സമാപനസമ്മേളനത്തിൽ പങ്കെടുത്തു അധ്യക്ഷ പ്രസംഗം നടത്തി.

04 വെട്ടിക്കൽപുരയിടം സെന്റ് സെബാസ്റ്റ്യൻ ഇടവക ദൈവാലയത്തിൽ അജപാലനസന്ദർശനത്തിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ഇടവകയിലുള്ള വിവിധ സംഘടനകളുടെ പ്രതിനിധികളെ കണ്ടു സംസാരിച്ചു. ഉച്ചയ്ക്ക് സന്ദേശനിലയത്തിൽ ചങ്ങനാശേരി അതിരൂപതാ പിതൃവേദിയുടെ റൂബി ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഡോ. ശശി തരൂർ എം.പി. യെ സ്വീകരിച്ചു. വൈകുന്നേരം യുവദീപ്തി-SMYM സുവർണ്ണജൂബിലി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

05-07 കെ.സി.ബി.സി.

07 വൈകുന്നേരം പാറേൽ സെന്റ് മേരീസ് തീർത്ഥാടന ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ചു നടന്ന പ്രദക്ഷിണത്തിന്റെ സമാപനസന്ദേശം നൽകി.

08 രാവിലെ പാറേൽ സെന്റ് മേരീസ് തീർത്ഥാടനകേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചയ്ക്ക് ചങ്ങനാശേരി പണ്ടകശാലക്കടവ് മാർ യാക്കോബ് ശ്ലീഹായുടെ കപ്പേളയുടെ പുനർകൂദാശാകർമ്മത്തിന് കാർമികത്വം വഹിച്ചു. വൈകുന്നേരം പാറേൽ സെന്റ് മേരീസ് തീർത്ഥാടനകേന്ദ്രത്തിൽ നടന്ന തിരുനാൾ പ്രദക്ഷിണത്തിൽ പങ്കെടുത്തു.

09 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

10 ഉച്ചകഴിഞ്ഞ് ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവക ദൈവാലയത്തിൽ ഒരു കുട്ടിക്ക് പ്രവേശകകൂദാശകൾ നൽകി. വൈകുന്നേരം പുന്നത്തുറ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ പുതിയ പാരിഷ് ഓഫീസ് വെഞ്ചരിച്ചു, തുടർന്ന് ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് ഇടവക സംഘടിപ്പിച്ച വൈദിക-സന്യാസസമ്മേളനത്തിൽ പങ്കെടുത്തു.

11 രാവിലെ പുന്നത്തുറ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് ഇടവകയുടെ ശതാബ്ദി സമാപനസമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കൈനടി പുത്തൻപുരയിൽ ലില്ലിക്കുട്ടി എബ്രഹാമിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ച് അനുശോചനം രേഖപ്പെടുത്തി. വൈകുന്നേരം തുരുത്തി മർത്ത് മറിയം ഫൊറോനാ ദൈവാലയത്തിന്റെ പാരിഷ് ഹാളിൽ നടന്ന AKCC യുടെ അതിരൂപതാകൺവൻഷനും ന്യൂനപക്ഷ ദിനാചരണവും ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

12 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

13 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടന്ന Young Priests' Gathering ൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചയ്ക്ക് എടത്വാ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ കോനാട്ട് ബഹു. ജയിംസ് അച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ചു പരി. കുർബാനയ്ക്കുശേഷം അനുശോചനസന്ദേശം നൽകി. തുടർന്ന് സെമിത്തേരിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ്

വായ്പ്പൂർ സെന്റ് മേരീസ് പഴയ പള്ളി ഇടവകാംഗം കുന്നുംപുറം ബഹു. ഫിലിപ്പച്ചന്റെ മൃതസംസ്കാര ചടങ്ങിൽ പരി. കുർബാനയർപ്പിച്ച് അനുശോചനസന്ദേശം നൽകി, തുടർന്നുള്ള കർമങ്ങളിൽ കാർമികത്വം വഹിച്ചു.

14 തിരുവനന്തപുരം രാജ്ഭവനിൽ ഗവർണറുടെ ക്ഷണം സ്വീകരിച്ച് ക്രിസ്തുമസ് ഗ്യാതറിങ്ങിൽ പങ്കെടുത്തു.

15 MOC യിൽ നടന്ന എക്ക്യുമെനിക്കൽ സെമിനാറിൽ പങ്കെടുത്തു. ആശുപത്രികളിൽ ചികിത്സയിലായിരുന്ന വൈദികരെ സന്ദർശിച്ചു.

16 വൈകുന്നേരം സഹൃദയ ഹോസ്പിറ്റൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

17 രാവിലെ ചങ്ങനാശേരി അസംപ്ഷൻ കോളേജിൽ നടന്ന CSM ചങ്ങനാശേരി സോണൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ചങ്ങനാശേരി അമല തിയോളജിക്കൽ സെന്ററിൽ CRI യുടെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്തുമസ് ഗ്യാതറിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടന്ന ജീവകാരുണ്യനിധി വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. ശേഷം എഡിറ്റേഴ്സ് ലൈവ് എന്ന ഓൺലൈൻ മാധ്യമത്തിന് ക്രിസ്തുമസ് സന്ദേശം നൽകി. വൈകുന്നേരം കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ആഘോഷമായ റംശാ പ്രാർത്ഥനയിൽ പങ്കെടുത്തു.

18 രാവിലെ കട്ടച്ചിറ സെന്റ് സേവ്യേഴ്സ് ഇടവക ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ ഇടവക തിരുനാളിനോടനുബന്ധിച്ചു തിരുനാൾ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പൊടിപ്പാറ ഹോളി ഫാമിലി ഇടവകയിൽ നടന്ന എക്യുമെനിക്കൽ മീറ്റിങ്ങിൽ പങ്കെടുത്തു.

19 രാവിലെ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ഇടവകയിൽ ചാസിന്റെ ആഭിമുഖ്യത്തിൽ നടന്ന കാർഷികമേള ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ നടന്ന പാലാ രൂപത ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

20 രാവിലെ ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രലിൽ പൗലോസ് മാർ അകവീനാസ് പിതാവിന്റെ 200-ാമത് മരണവാർഷികത്തോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് തിരുവനന്തപുരത്ത് ബഹു. മുഖ്യമന്ത്രി ക്ഷണിച്ച ക്രിസ്തുമസ് ഗ്യാതറിങ്ങിൽ പങ്കെടുത്തു. തുടർന്ന് വിഴിഞ്ഞം വലിയതുറയിലെ സിമന്റ് ഗോഡൗണിൽ കഴിയുന്ന വിഴിഞ്ഞം ദുരിതബാധിതരെ കാണുകയും അവരോടൊപ്പം ക്രിസ്തുമസ് കേക്ക് മുറിക്കുകയും ചെയ്തു. വൈകുന്നേരം തിരുവനന്തപുരം ലൂർദ് മാതാ കെയറിൽ നടന്ന ക്രിസ്തുമസ് ഗ്യാതറിങ്ങിൽ പങ്കെടുത്ത് ആശംസകൾ നേർന്നു സംസാരിച്ചു.

21 നിരണത്തു നടന്ന മാർതോമ്മാ സഭയുടെ സഭാദിനത്തിൽ പങ്കെടുത്തു മുഖ്യസന്ദേശം നൽകി. വൈകുന്നേരം കരുമാടി സെന്റ് നിക്കോളാസ് ഇടവക ദൈവാലയത്തിൽ നവീകരിച്ച സെമിത്തേരി വെഞ്ചരിപ്പും ദൈവാലയപുനർകൂദാശാകർമവും നിർവഹിച്ചു.

22 രാവിലെ മുതൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ഡീക്കന്മാർക്കു പരി. കുർബാനയെക്കുറിച്ചു ക്ലാസെടുത്തു. വൈകുന്നേരം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ സപ്തതിയുടെ ഔദ്യോഗിക ഉദ്ഘാടനത്തിന് അധ്യക്ഷതവഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിയൻസ് ഗ്യാതറിങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

23 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ മ്ശംശാനപട്ടം നൽകി. നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് B.Ed. കോളേജിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി SB College–ന്റെ Arts Block–ൽ പുതുതായി സ്ഥാപിച്ച മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ രൂപവും പിതാവിന്റെ ജീവചരിത്രം അടങ്ങുന്ന ഫലകവും അനാച്ഛാദനം ചെയ്തു. അഭി. കുര്യാളശ്ശേരി പിതാവിന്റെ നാമത്തിലുള്ള പുതിയ സ്കോളർഷിപ്പും പ്രഖ്യാപിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ Staff അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിച്ച ക്രിസ്തുമസ് സമ്മേളനത്തിൽ പങ്കെടുത്തു.

24 രാവിലെ ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് വൈദികരെ സന്ദർശിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

25 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ പാതിരാ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

## മാർ തോമസ് തറയിൽ

**നവംബർ 2022**

23 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹവാഗ്ദാന കർമ്മത്തിനു മുഖ്യകാർമികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ ആശാഭവൻ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു. ചങ്ങനാശേരി അതിരൂപത ഓൺലൈൻ 'സമർപ്പിത സംഗമം' മീറ്റിൽ സംസാരിച്ചു.

24 കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു പരി. കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ 70–ാം വാർഷികാചരണത്തിലും ലോഗോ പ്രകാശനത്തിലും പങ്കെടുത്തു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പുത്തൻപറമ്പിൽ ബഹു. ജോസഫ് അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിൽ മുന്നാക്ക സമുദായ ഐക്യമുന്നണിയുടെയും (MSAM) ചങ്ങനാശേരി അതിരൂപത CARP ഡിപ്പാർട്ട്മെന്റിന്റെയും

ആഭിമുഖ്യത്തിൽ നടന്ന 'സാമ്പത്തിക സംവരണം: അവലോകനവും ചർച്ചയും' എന്ന ഏകദിന സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തി.

25 ഇത്തിത്താനം ആശാഭവനിൽ പരി. കുർബാനയർപ്പിച്ചു. കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തെള്ളകത്ത് നടത്തപ്പെട്ട കാർഷികമേളയിൽ പങ്കെടുത്തു. വില്ലൂന്നി സെന്റ് ജോസഫ് കോൺവെന്റിന്റെ സ്ഥാപകവാർഷികദിനത്തിൽ പരി. കുർബാനയർപ്പിച്ചു.

26 മുഹമ്മ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. വൈശ്യംഭാഗം സെന്റ് ആന്റണീസ് ദൈവാലയത്തിൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 'എൽപിസ് 2K22' ക്യാമ്പിൽ സംസാരിച്ചു. എടത്വാ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ ഈശോസഭാംഗം വേണാട് ബഹു. തോമസച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ചുള്ള പരിപാടിയിൽ പങ്കെടുത്തു. രാജമറ്റം തിരുഹൃദയ ദൈവാലയത്തിൽ ഡി.എസ്.ജെ. സന്യാസാർത്ഥിനികളുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

27 കാവുംഭാഗം സെന്റ് ജോർജ് സിറിയൻ യാക്കോബായ കത്തീഡ്രൽ ദൈവാലയത്തിൽ കുടുംബനവീകരണ ധ്യാനത്തിൽ സംസാരിച്ചു. തിരുവനന്തപുരം ലൂർദ് ഫൊറോന പള്ളിയിൽ പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകുകയും തുടർന്ന് ഇടവകദിനത്തിൽ പങ്കെടുക്കുകയും ചെയ്തു.

28 ചമ്പക്കര സെന്റ് ജോസഫ്, മുണ്ടുപാലം സെന്റ് മേരീസ് എന്നീ ഇടവകകളിൽ പുതുതായി നിർമിച്ച ഭവനങ്ങളുടെ വെഞ്ചരിപ്പുകർമ്മം നടത്തി. ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു.

29–ഡിസം. 2 കാക്കനാട് സി.എം.ഐ. ജനറലേറ്റിൽ സി.എം.ഐ. ഡീക്കന്മാർക്കു ധ്യാനം നയിച്ചു.

30 കടുവാക്കുളം ലിറ്റിൽ ഫ്ളവർ ഇടവകാംഗം സാഗർ രൂപത മെത്രാൻ അഭി. മാർ ജയിംസ് അത്തിക്കളം പിതാവിന്റെ മാതാവ് അന്നമ്മ പൗലോസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

**ഡിസംബർ 2022**

02 കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ രൂപതാ ബൈബിൾ കൺവൻഷനിൽ വചനപ്രഘോഷണം നടത്തി.

03 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ചങ്ങനാശേരി അതിരൂപതാ യുവദീപ്തി – SMYM സുവർണ്ണജൂബിലി വാരാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച പൂർവ്വകാല പ്രവർത്തക സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. എടത്വാ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണ നടപടികളുടെ അതിരൂപതാതല സമാപനദിനത്തിൽ പരി. കുർബാനയർപ്പിച്ചു. വിജയപുരം രൂപത ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി കത്തീഡ്രൽ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

04 നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചങ്ങനാശേരി സെന്റ് മേരീസ്

മെത്രാപ്പോലീത്തൻ ദൈവാലയ പാരിഷ് ഹാളിൽ അതിരൂപതാ യുവ ദീപ്തി - SMYM സുവർണ്ണജൂബിലി റാലിയിലും സമ്മേളനത്തിലും പങ്കെടുത്തു.

5-7 പാലാരിവട്ടം പി.ഒ.സി. യിൽ കെ.സി.ബി.സി. യിൽ പങ്കെടുത്തു.

07 പാലാ ടൗൺ കുരിശുപള്ളിയിൽ അമലോൽഭവ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ചു വചനസന്ദേശം നൽകി.

08 പാറേൽ സെന്റ് മേരീസ് തീർത്ഥാടന ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. നെടുംകുന്നം മദർ തെരേസ ഹോം സന്ദർശിച്ചു. ആര്യങ്കാവ് സെന്റ് മേരീസ് ദൈവാലയത്തിൽ ആഘോഷമായ തിരുനാൾ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

09 തിരുവല്ലം ക്രൈസ്റ്റ് നഗർ സ്കൂൾ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

11 അഞ്ചൽ മേരി മാതാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി. രാജഗിരി ക്രിസ്തുരാജ ദൈവാലയത്തിൽ പുതുതായി നിർമ്മിച്ച കൊടിമരം വെഞ്ചരിച്ച് പരി. കുർബാനയർപ്പിച്ചു. ഡാലുമുഖം സെന്റ് മേരീസ് ദൈവാലയത്തിൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

13 വായ്പൂർ ഓൾഡ് സെന്റ് മേരീസ് ഇടവകാംഗം കുന്നുംപുറം ബഹു. ഫിലിപ്പ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അതിരൂപതാ കേന്ദ്രത്തിൽ നടന്ന യുവവൈദിക സംഗമത്തിൽ സംസാരിച്ചു.

14 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഡീക്കൻസ് മീറ്റിൽ പങ്കെടുത്തു.

15 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. കുര്യനാട് സെന്റ് ആൻസ് ആശ്രമത്തിൽ പരി. കുർബാനയർപ്പിക്കുകയും കണിയാരകത്ത് ബഹു. ബ്രൂണോ സി.എം.ഐ. അച്ചന്റെ കബറടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

16 പുന്നത്തുറ സെന്റ് തോമസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

17 ചങ്ങനാശേരി അതിരൂപതാ മാതൃവേദി-പിതൃവേദി വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മോർക്കുളങ്ങര AKM സ്കൂളിന്റെ വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പാറേൽ സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ CRI യുടെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. ആലപ്പുഴ YMCA യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

18 ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക ദൈവാലയത്തിൽ പരി. കുർബാനയർപ്പിക്കുകയും പുതുതായി നിർമിച്ച ഹാൾ വെഞ്ചരിക്കുകയും ചെയ്തു. തുടർന്ന് ചാസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കാർഷികമേളയുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. പാറേൽ സെന്റ് മേരീസ് ഇടവകയിൽ പുതുതായി നിർമിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി.

18-22 വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ അധ്യാപകർക്കു ധ്യാനം നയിച്ചു.

21 കിളിമല എസ്.എച്ച് സ്കൂളിന്റെ ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

22 ളായിക്കാട് മേരി റാണി സ്കൂളിൽ ക്രിസ്തുമസ് ആഘോഷവും സ്കൂളിന്റെ വാർഷികവും ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിയൻസ് ഗാതറിങ്ങിൽ പങ്കെടുത്തു.

23 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ മ്ശംമ്ശാന പട്ടം നൽകി. പാറേൽ സെന്റ് മേരീസ് തീർത്ഥാടന ദൈവാലയത്തിൽ പ്രോലൈഫിന്റെ ആഭിമുഖ്യത്തിൽ നടന്ന ഏകദിനധ്യാനത്തിൽ വചനപ്രഘോഷണം നടത്തി. കവടിയാർ സെന്റ് ഷന്താൾ സ്കൂളിന്റെ ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

24 തിരുവനന്തപുരം സീറോമലങ്കര മേജർ ആർച്ചുബിഷപ് മോറോൻ മോർ ബസേലിയോസ് ക്ലിമ്മീസ് ബാവായെ സന്ദർശിച്ചു. മണ്ണന്തല മാർത്തോമാ ബിഷപ് ഹൗസിൽ ജോസഫ് മാർ ബർണബാസ് തിരുമേനിയെ സന്ദർശിച്ചു ക്രിസ്തുമസ് ആശംസകൾ നേർന്നു.

25 തിരുവനന്തപുരം ലൂർദ് ഫൊറോന ദൈവാലയത്തിൽ പിറവിത്തിരുനാൾ കർമങ്ങൾക്ക് കാർമികത്വം വഹിച്ചു. അടൂർ ഗാന്ധിസ്മൃതി മൈതാനത്തിൽ സംയുക്ത ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

26 മുടിയൂർക്കര ഹോളി ഫാമിലി ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. തെള്ളകം സെന്റ് ജോസഫ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. കൊച്ചി പുത്തൻകുരിശിൽ അഖില മലങ്കര സുവിശേഷ മഹായോഗത്തിൽ സംസാരിച്ചു.

27 പാറേൽ സെന്റ് മേരീസ് തീർത്ഥാടന ദൈവാലയത്തിൽ മ്ശംമ്ശാന തത്തകാട്ടുപുളിക്കൽ ജോണിന് പൗരോഹിത്യപട്ടം നൽകി. ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'കൂടെ' എന്ന സംഗമത്തിൽ സംസാരിച്ചു.



# ENGAGEMENTS


**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2023 JANUARY

| | | |
|---|---|---|
| 01 | 07:00 am | Holy *Qurbana* @ Bethlehem Church, Parampuzha |
| | 04:30 pm | **തൊഴിലാളി സംഗമം** @ St. Mary Forane Church, Pulincunnoo |
| | 06:15 pm | **ഇടവകദിനം** @ Mar Sleeva Church, Ponga |
| 02 | 06:30 am | Holy *Qurbana* @ MLF Convent, Kurichy |
| | 05:30 pm | Inauguration of Manimala Convention |
| 03 | 06:15 am | Baptism @ Villoonni |
| | 09:30 am | Kudumbakkoottayma Forane Animators' Meet |
| | 07:00 pm | Newly Ordained Religious Priests' Gathering |
| 04 | 06:30 am | Baptism @ St. Joseph's Church, Laikkadu |
| | 02:15 pm | Priestly Ordination @ Mary Matha Church, Mariyapauram-Edathua |
| | 06:00 pm | Inauguration of Anniversary Celebration @ SH School Fathimapuram, Changanacherry |
| 05 | 07:30 am | Baptism @ Sacred Heart Church, Punalur |
| 06 | 07:00 am | Holy *Qurbana* & Baptism @ St. Mary's Metropolitan, Changanacherry |
| 06-14 | | Syro Malabar Synod |
| 15 | 05:30 pm | Blessing of Parish Hall @ St. Thomas Church, Pallikkunnu |
| 16 | 09:30 am | Presbyteral Council |
| | 05:00 pm | Solemn *Ramsa* @ St. George Church, Muttar Old |
| 17 | 10:00 am | Benefactors' Day @ St. Thomas Minor Seminary, Kurichy |
| | 03:30 pm | Anniversary of Georgian School, Edathua |
| 18 | 02:30 pm | Managing Board Meeting of SB College, Changanacherry |
| 19 | 11:00 am | Holy *Qurbana* @ Mangalavartha Church, Arumanoor |
| 20 | 03:30 pm | Visitors |
| 21 | 10:00 am | Symposium on Servant of God Puthenparambil Thommachan @ Archbishop House, Changanacherry |
| | 03:00 pm | Disability Day Celebration |
| | 04:30 pm | Betrothal @ St. Joseph's Church, Veroor |

| | | |
|---|---|---|
| 22 | 08:30 am | Pastoral Visit @ St. Mary's Church, Kumaramkary |
| | 05:00 pm | Parish Day @ St. Sebastian's Church, Kodinattumkunnu |
| 23 | 06:30 am | Baptism @ Lourdes Matha Church, Pacha-Chekkidikkadu |
| | 10:00 am | Inauguration of Anniversay Celebration @ St. Berchmans School, Changanacherry |
| 24 | 10:00 am | Ongoing Formation of Second Batch |
| 25 | 06:30 am | Holy *Qurbana* @ St. Mary's Metropolitan Church, Changanacherry |
| 26 | 06:30 am | Holy *Qurbana* & Jubilee Inauguration of St. Joseph's Priest Home, Ithithanam |
| | 10:00 am | **മതാധ്യാപക നേതൃസംഗമം** |
| | 04:30 pm | Message @ Kindangara |
| 27 | 04:00 pm | Inauguration of Annual Day @ Meenkulam |
| 28 | 09:30 am | Institute Day @ CANA, Thuruthy |
| 29 | 09:30 am | Pastoral Visit & **ദൈവാലയ പുനർകൂദാശ** @ Dalumughom |
| 30 | 10:00 am | **തിരുനാൾ കുർബാന** @ Kuruvilangadu |
| | 03:00 pm | Class for New Priests |
| 31 | 09:30 am | Class for New Priests |
| | 04:30 pm | Holy *Qurbana* @ Lourdes Matha Church, Thazhathuvadakara |





# ENGAGEMENTS

## 2023 JANUARY

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

| | | |
|---|---|---|
| 01 | 06.30 am | Holy *Qurbana* @ TVM, Lourde Matha Care |
| | 09.00-11.00 am | Visitors (TVM) |
| | 06.00 pm | Parish Day @ Karumady, St. Nicholas |
| 02 | 10.00 am | Holy Communion @ Ezhumattoor, St. Joseph |
| | 04.00 pm | **അനുസ്മരണം** @ Mannila, Holy Family |
| | 06.00 pm | Betrothal @ Changanacherry, St. Mary Metropolitan |
| 03 | 06.30 am | Holy *Qurbana* @ Ithithanam, Priests' Home |
| | 07.00 pm | Religious Priests' Gathering |
| 04 | 11.30 am | Marriage @ Edathua, St. George Forane |
| | 02.30-04.00 pm | Visitors |
| | 06.00 pm | Convention @ Chengaroor, St. George Orthodox Church |
| 05 | 03.00 pm | Anchal, Holy Family Public School |
| | 07.00 pm | **പൂർവ്വിക സംഗമം** @ Mayam, St. Mary |
| 06 | 03.00 pm | New Quarters Blessing @ Chethipuzha, St. Thomas Hospital |
| 06-14 | | Synod |
| 15 | 09.30 am | Holy *Qurbana* @ Pullangady, Holy Family |
| | 04.00 pm | Muvattupuzha |
| | 07.30 pm | Parish Day @ Mallappally, St. Athanasius |
| 16 | 06.30 am | Holy *Qurbana* @ Muttar New, St.Thomas |
| | 09.00 am | Presbyteral Council |
| 17-20 | | MSFS Retreat |
| 20 | 06.30 pm | Class @ Niranam, Mar Thoma Sleeha Seminary |
| 21 | 06.30 am | Baptism @ Pacha-Chekkidikkadu, Lourdes Matha |
| | 11.00-12.30 pm | Visitors |
| | 04.00 pm | Betrothal @ Veroor, St. Joseph |
| 22 | 04.30 pm | Holy *Qurbana* @ Amboori, St. George Forane |
| 23 | 02.30-04.00 pm | Visitors (TVM) |
| | 05.30 pm | Annual Day @ Kowdiar, Nirmala Bhavan HSS |

| | | |
|---|---|---|
| 24 | 09.00-04.00 pm | On going Formation (Batch 1997/98 – 2011/12) |
| | 10.00 am | Nedumkunnam, St. Teresa's GHS |
| | 04.30 pm | Holy *Qurbana* @ Changanacherry, St. Mary Metropolitan |
| 25 | 11.30-12.30 pm | Visitors |
| | 04.00 pm | Holy *Qurbana* @ Athirampuzha, St. Mary Forane |
| 26 | | Engaged |
| 27 | 03.30 pm | Aryamkavu, St. Mary's UPS |
| | 07.00 pm | Convention @ Kattakada |
| 28 | 06.30 am | Baptism @ Manimala, Holy Maggie Forane |
| | 10.00 am | International Symposium @ Thuruthy, CANA |
| | 11.00 am | Holy *Qurbana* @ Kurichy, MLF Little Flower Convent |
| | 03.00 pm | Palliative Care Executive Meeting |
| | 06.00 pm | Convention @ Ranni |
| 29 | 10.00 am | Cherupushpa Mission League @ Thuckalay |
| | 06.00 pm | Marthoma Convention @ Kottarakkara |
| 30-31 | | Satna- Ujjain |

Fr. Secretary - 8078088468

**VEDAPRACHARA MADHYASTAN VOL.95 No.07 January 2023**
Date of Publication: 31-12-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




യോർദ്ദാൻ തടിനിയിലീശസുതൻ
സ്നാപനമേറ്റൊരു സുദിനത്തിൽ
നിഖിലാണ്ഡങ്ങളുമൊരുപോലെ
നാഥനെ വാഴ്ത്തി നമിച്ചല്ലോ
(ദനഹാക്കാലം തിങ്കൾ, ലെലിയാ)

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org